
# ഐക്യദീപം

SINCE 1976

വില ₹ 10

2018 ജനുവരി | ഫെബ്രുവരി



**തീർത്ഥാടനം**

ചിത്രങ്ങളിലൂടെ ഒരു ആത്മീയയാത്ര.
പുതിയ പംക്തി ആരംഭിക്കുന്നു.
ഫോട്ടോ ഫീച്ചർ ആദ്യലക്കത്തിൽ
"കുരിശുമല ആശ്രമം"

## 2–ാം ചരമ വാർഷികം

**2018 ഫെബ്രുവരി 08**




# ബേബി കീക്കാട്ടിൽ

**ലിറ്റിൽ ഫ്ളവർ മലങ്കര കത്തോലിക്ക പള്ളി, ഓതറ**

സന്തപ്തകുടുംബാംഗങ്ങൾ



അച്ചുതപറമ്പിൽ അഞ്ജനത്തിൽ സജി തോമസിന്റെയും ബെക്സി സജിയുടെയും മകൻ ജോഹാൻ തോമസ് സജിയുടെ ആദ്യകുർബാന 2018 ജനുവരി 9–ാം തീയതി ഫാ. റിജോ പുത്തൻപറമ്പിലിന്റെ കാർമ്മികത്വത്തിൽ സെന്റ് വിൻസെന്റ് ഡി പോൾ മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. അന്നമ്മ തോമസ്, എം.എം.തോമസ്, ബേബി ചെറിയാൻ, റോസമ്മ ബേബി എന്നിവർ സമീപം.




2018 ജനുവരി, ഫെബ്രുവരി
പുസ്തകം 51 ലക്കം 1

# ഐക്യദീപം

രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**റവ. ഡോ. ഏബ്രഹാം ഇരുമ്പിനിക്കൽ**

പ്രസാധകൻ
**റവ. തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

മാർക്കറ്റിംഗ് & സർക്കുലേഷൻ കോ-ഓർഡിനേറ്റർ
**അജി കുതിരവട്ടം**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

## ഉള്ളടക്കം



**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവാ**
**വർത്തമാനകാലസഭയിലെ കാരുണ്യത്തിന്റെ മുഖം** 6
ജോമി തോമസ്, കലയപുരം

**ശാലോം**
**ദൈവം വളർത്തിയ മാധ്യമ ശുശ്രൂഷ** 10
ജയ്സ് കോഴിമണ്ണിൽ

**ക്രിസ്തുവും സെനക്കയും** 14
പ്രൊഫസർ കവിയൂർ ശിവപ്രസാദ്

**തീർത്ഥാടനം**
**ഫോട്ടോഫീച്ചർ** 18
ചിത്രങ്ങൾ : നിഖിൽ ഏബ്രഹാം

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas : $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
AndhraBank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE : ANDBINBB

Printed at :
Viani Press, Ernakulam
Designed by :
St. Joseph Press
Kacherippady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com

All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
Theological and Catechetical Centre, Sameeksha, Kulakkad, Tiruvalla-1. Phone: 0469-2600626
E-mail : aikyadeepamtvla@gmail.com

## എഡിറ്റോറിയൽ



# വെളിച്ചത്തിന്റെ സുവിശേഷം

ലോകത്തിന്റെ വെളിച്ചമായി പിറന്ന ക്രിസ്തു ഈ പുതിയവർഷത്തിലും നമ്മെ വഴി നടത്തുന്നു. മിൽട്ടൺ കവിതകളിൽ ഒന്നിന്റെ തുടക്കം പോലെ , When I Consider how my light is spent, നമ്മുടെ വെളിച്ചവഴികളെക്കുറിച്ച് ഓർമ്മിക്കാനും ധൈര്യപൂർവ്വം മുന്നേറാനും ഒരു വർഷംകൂടി. ഭൗതികമായ അന്ധതപോലും വെളിച്ചത്തെ ധ്യാനിക്കുന്നതിൽ നിന്നും ഒരാളെ തടയുന്നില്ല. പറുദീസ നഷ്ടം (Paradise Lost) പോലൊരു ഉദാത്തസൃഷ്ടി അന്ധത പുറംവെളിച്ചത്തെ തടഞ്ഞതിനു ശേഷമായിരുന്നല്ലോ.

പുതിയവർഷം പുതിയ വെളിച്ചമാണ്. വെളിച്ചത്തിന്റെ സുവിശേഷമായ ക്രിസ്തുവിനെ പ്രഘോഷിക്കാൻ തയ്യാറെടുക്കാം. ‘‘ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു. അതിനെ കീഴടക്കാൻ ഇരുളിനു കഴിഞ്ഞില്ല’’ (യോഹ. 1:5)

പ്രധാനാചാര്യനായും സഭതലവനായും സമൂഹത്തിനും സഭയ്ക്കും പ്രകാശം പരത്തുന്ന ബാവാ തിരുമേനി, മാധ്യമശുശ്രൂഷയിലൂടെ എല്ലാ ഭവനങ്ങളിലും പ്രാർത്ഥനയും സമാധാനവും പടർത്തുന്ന ‘ശാലോം’ ഡയറക്ടർ ബെന്നി പുന്നത്തറ ഇവരെക്കുറിച്ച് ഐക്യദീപം ചിന്തിക്കുന്നു ഈ മാസം. ഒരു പുതിയ പംക്തിക്ക് തുടക്കമാകുന്നു, ഫോട്ടോ ഫീച്ചർ. ചിത്രങ്ങൾ വാക്കുകളേക്കാൾ സംവേദനം നടത്തുന്നു. ചിത്രങ്ങളെ വായിക്കുന്നതാണ് പുതിയ കാലത്തെ സാക്ഷരത, അവയുടെ അർത്ഥം, രാഷ്ട്രീയം, ആത്മീയത. ചിത്രങ്ങളിലൂടെ തീർത്ഥാടനം സാദ്ധ്യമാകുന്നു ഇവിടെ. ഇത്തവണ കുരിശുമല ആശ്രമത്തിൽ നിന്നും ആരംഭിക്കുന്നു. പുത്തൂർ രൂപതയുടെ അദ്ധ്യക്ഷനായിരുന്ന അഭി. ദിവന്നാസിയോസ് തിരുമേനിയുടെ കബറടക്ക ശുശ്രൂഷയിലെ പ്രധാനസന്ദർഭങ്ങൾ രേഖപ്പെടുത്തുന്നു. അനേകം ആളുകൾക്ക് ആത്മീയ വെളിച്ചം പ്രദാനം ചെയ്ത ആചാര്യശ്രേഷ്ഠന്റെ സ്മരണയ്ക്കുമുമ്പിൽ ആദരവോടെ നിൽക്കാം.


‘‘വിളക്കുകൾ പലതാണ്, എന്നാൽ അതീതമായ ശ്രോതസ്സിൽ നിന്നും വരുന്ന വെളിച്ചം ഒന്നാണ്. വെളിച്ചം നിറഞ്ഞ ജീവിതങ്ങളുടെ കൂടാരമാണ് ഈ ഭൂമി, പ്രപഞ്ചം മുഴുവനും. അത്ഭുതകരമായ ദൈവനടത്തിപ്പ് തൊട്ടറിഞ്ഞ ലിബിന്റെ കഥയും ഐക്യദീപം പങ്കുവയ്ക്കുന്നു.. സ്വയം വെളിച്ചം കണ്ടെത്തുന്നവരും പകരുന്നവരും ആകുവാൻ നമുക്ക് ശ്രമിക്കാം.

ചീഫ് എഡിറ്റർ

**ഫാ. ഏബ്രഹാം ഇരിമ്പിനിക്കൽ**



# ഇടയശബ്ദം



മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്

# ലാളിത്യം ജീവിതവ്രതമാക്കിയ ശ്രേഷ്ഠാചാര്യൻ ഗീവർഗീസ് മാർ ദിവന്നാസിയോസ്

**ഭാ**രതത്തിലെ പൗരസ്ത്യ കത്തോലിക്കാ സഭകളുടെ ചരിത്രത്തിൽ ആദ്യമായി സഭയുടെ തലവനും പിതാവുമായ മേജർ ആർച്ച് ബിഷപ്പ് - കാതോലിക്കാബാവായെ കാനൻ നിയമപ്രകാരം തെരഞ്ഞെടുത്ത സുന്നഹദോസിന് അദ്ധ്യക്ഷം വഹിക്കുവാനും സ്ഥാനാരോഹണ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിക്കുവാനും ദൈവം നിശ്ചയിച്ച് നിയമിച്ചതുവഴി സഭാചരിത്രത്തിൽ ചിരപ്രതിഷ്ഠ നേടിയവനായ അഭിവന്ദ്യ ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലിത്തായുടെ ജീവിതം അനേകം സവിശേഷതകളുടേതായിരുന്നു. വൈദികശുശ്രൂഷാകാലത്ത് തന്റെ സഹവൈദികനും രൂപതാദ്ധ്യക്ഷനായിരുന്നപ്പോൾ തന്റെ വികാരി ജനറാളും ആയിരുന്ന ബഹു. ഐസക്ക് തോട്ടുങ്കൽ അച്ചനെ മെത്രാൻ പദവിയിലേക്ക് ഉയർത്താൻ ശുപാർശ ചെയ്യുകയും പിന്നീട് സഭയിലെ ഏറ്റവും പ്രായക്കുറവുള്ള മെത്രാപ്പോലിത്തയായ അദ്ദേഹത്തെ തലവനും പിതാവുമായി തെരഞ്ഞെടുക്കുകയും അദ്ദേഹത്തിന്റെ നിയമനങ്ങൾ ശിരസാവഹിക്കുകയും ചെയ്ത് താരതമ്യേന ശക്തമായ ബത്തേരി രൂപതയുടെ അദ്ധ്യക്ഷസ്ഥാനത്തിൽ നിന്നും മാറി പുതുതായി രൂപീകൃതമായ പുത്തൂർ രൂപതയുടെ ചുമതല ഏറ്റെടുക്കുവാനും അദ്ദേഹം കാണിച്ച ആത്മിക ശ്രേഷ്ഠത എത്രയോ മഹത്തരമാണ്.



അഭി. ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലിത്താ എടത്വാ ആനപ്രമ്പാൽ ഒറ്റത്തെങ്ങിൽ വർഗീസിന്റെയും കുന്നന്താനത്ത് ആഞ്ഞിലിമൂട്ടിൽ മറിയാമ്മയുടെയും എട്ട് മക്കളിൽ രണ്ടാമൻ. ജനനം 1950 നവംബർ 1, കേരളപിറവി ദിനം. ആറാമത്തെ വയസ്സിൽ മാതാപിതാക്കളോടൊപ്പം കർണ്ണാടകയിലെ സൗത്ത് കാനറയിലേക്ക് കുടിയേറി. നെല്ലിയാടിയിലും ഉപ്പനങ്ങാടിയിലും സ്കൂൾ വിദ്യാഭ്യാസം, പതിനാറാം വയസ്സിൽ വൈദികപരിശീലനത്തിനായി തിരുവല്ല അതിരൂപതാ മൈനർ സെമിനാരിയിൽ പ്രവേശിച്ചു. തമിഴ്നാട്ടിലെ തൃശ്ശിനാപള്ളി സെന്റ് പോൾസ് മേജർ സെമിനാരിയിൽ തത്ത്വശാസ്ത്ര ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി 1978 ഏപ്രിൽ 18-ാം തീയതി ഇച്ചിലംപടി പള്ളിയിൽ വച്ച് അഭി. ബെനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും വൈദികാ ഭി ഷേകം സ്വീകരിച്ചു.

മലബാർ പ്രദേശത്തെ കപ്പൂച്ചിൻ മിഷനറി വൈദികൻ ഫാ. കർബർട്ടിന്റെ സഹവൈദികനായി നിലമ്പൂർ പ്രദേശത്ത് അജപാലന ശുശ്രൂഷ ആരംഭിച്ചു. 1979ൽ തിരുവല്ല അതിരൂപത വിഭജിച്ച് ബത്തേരി രൂപത നിലവിൽ വന്നപ്പോൾ അദ്ദേഹത്തിന്റെ പ്രവർത്തനം ബത്തേരിയിൽ കേന്ദ്രീകരിച്ചു. റോമിലെ ആഞ്ജലിക്കും

*(ശേഷം 32-ാം പേജിൽ)*

# മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവാ

## വർത്തമാനകാലസഭയിലെ കാരുണ്യത്തിന്റെ മുഖം

ജോമി തോമസ്, കലയപുരം



സമകാലിക കേരള ക്രൈസ്തവ സഭയിലെ കാരുണ്യത്തിന്റെ മുഖമാണ് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ പൗരസ്ത്യപിതാവായ മാർ ബസേലിയോസിന്റെ നാമധാരിയായ അത്യഭിവന്ദ്യ ബാവാ തിരുമേനി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായി സ്ഥാനാരോഹണം ചെയ്തിട്ട് പത്തുവർഷങ്ങൾ പൂർത്തിയായിട്ടുണ്ട്. ഇക്കാലഘട്ടങ്ങളിൽ സഭയ്ക്കാകമാനമായി ചെയ്ത പ്രേഷിത ശുശ്രൂഷയുടെ ആഗോളതലത്തിൽ കൈവരിച്ച നേട്ടങ്ങൾ വിലമതിക്കാനാവാത്തതാണ്.

ബാർ ഏബ്രായയുടെ ഒരു കഥയിൽ ഇങ്ങനെ പറയുന്നു. 'വ്രതക്കാരനായ ആബോ അമ്മോൻ ഒരിക്കൽ ആബോ അന്തോണിയോസിനെ കാണുവാനായി ചെന്നു. അദ്ദേഹത്തോട് ചോദിച്ചു. താപസജീവിതത്തിൽ ഞാൻ അങ്ങയേക്കാൾ കൂടുതൽ നിഷ്ഠ പുലർത്തുന്നുണ്ട്. എങ്കിലും എന്നേക്കാൾ കൂടുതലായി അങ്ങ് എല്ലായിടത്തും താപസശ്രേഷ്ഠനായി അറിയപ്പെടാനുള്ള കാരണമെന്താണ് ? അങ്ങയെക്കാൾ കൂടുതൽ ഞാൻ ദൈവത്തെ സ്നേഹിക്കുന്നതുകൊണ്ടാണ് ആബോ അന്തോണിയോസ് മറുപടി പറഞ്ഞു' ഇത്തരത്തിൽ ദൈവത്തെ സ്നേഹിക്കുകയും സ്നേഹം പങ്കുവയ്ക്കുകയും ചെയ്യുന്ന താപസനാണ് അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനി. ദൈവസ്നേഹത്തെക്കാൾ അത്യുത്തമമല്ലയോ ദൈവസമ്പാദനം എന്നുറച്ചു വിശ്വസിച്ചിരുന്ന ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ ദർശനങ്ങൾ സാക്ഷാത്ക്കരിക്കുവാൻ ദൈവത്താൽ നിയോഗിതനായ കാതോലിക്കാ ബാവാ തിരുമേനി ഈ കാലഘട്ടത്തിനനുരൂപണമായി സഭയെ മുന്നോട്ടുനയിക്കുന്നു. കാലപ്രവാഹത്താൽ സഭയ്ക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന യേശുവിന്റെ മുഖം തിരിച്ചു പിടിക്കാനാണ് ബാവാ തിരുമേനി കർമ്മോത്സുകനാകുന്നത്. കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു. (ലൂക്കാ. 4:18-19). കഴിഞ്ഞ ഒരു പതിറ്റാണ്ടുകാലമായി സഭയെ നയിച്ചു ഭരിക്കുന്ന അത്യഭിവന്ദ്യ ബാവാ തിരുമേനിയെ വ്യത്യസ്തനാക്കുന്ന നിരവധി ഘടകങ്ങളുണ്ട്. കുട്ടികളുടേയും യുവജനങ്ങളുടേയും മുതിർന്നവരുടേയും നാനാജാതി മതസ്തരുടേയും കണ്ണിലുണ്ണിയായി നമ്മുടെ ബാവായ്ക്ക് മാറാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് അത്ഭുതമുളവാക്കുന്നു. വ്യത്യസ്തമായ ജീവിതം കൊണ്ട് സമൂഹത്തിനും സഭയ്ക്കും വ്യത്യസ്തത പുലർത്തുന്ന ബാവാ തിരുമേനിയുടെ അടുത്തറിയാവുന്ന ചില ശ്രേഷ്ഠവശങ്ങളെ കണ്ടെത്താം.

**മനുഷ്യസ്നേഹിയായ ബാവാ തിരുമേനി**

ഉദാത്തമായ മനുഷ്യസ്നേഹം ബാവാതിരുമേനിയുടെ മുഖമുദ്രയാണ്. താൻ ഇടപെടുന്നിടത്തെല്ലാം ആളുകൾക്ക് ഈ സ്നേഹം തിരിച്ചറിയാൻ കഴിയുന്നു. കപടയുടേയും പാർശ്വവൽക്കരണത്തിന്റേയും സ്നേഹപ്രകടനങ്ങൾ കണ്ടുകൊണ്ടിരിക്കുന്ന വർത്തമാനകാലലോകത്തിൽ അത്യഭിവന്ദ്യ ബാവാ തിരുമേനി ജാതിമതഭേദമെന്യേ യേശുവിന്റെ കരുണയുടെ മുഖവും സ്നേഹവും കാണിച്ചുകൊടുക്കുന്നു. വി. ബൈബിളിലെ സുവിശേഷഭാഗ്യങ്ങളിൽ പറഞ്ഞപോലെ 'കരുണയുള്ളവർ ഭാഗ്യവാന്മാർ അവർക്കു കരുണ ലഭിക്കും' ദൈവത്തിന്റെ സ്നേഹത്തെ സമൂഹത്തിലെ നാനാജാതി മതസ്തർക്കും ലഭ്യമാക്കുന്ന തരത്തിലുള്ള നിരവധി പ്രവർത്തനങ്ങൾ ഇതിനോടകം ബാവാ തിരുമേനി നടപ്പിലാക്കി. ഭവനനിർമ്മാണ പദ്ധതികളിലും സഹായധന പദ്ധതികളിലും ഉൾപ്പെടുത്തി അവരെ ആശ്വസിപ്പിച്ചു. വിദ്യാഭ്യാസപരമായും തൊഴിൽപരമായും അശരണർക്കും ആലംബഹീനർക്കും പിതാവ് സഹായഹസ്തം നല്കി. തന്റെ നാമഹേതുക തിരുനാളിനോടനു

ബന്ധിച്ച് ലഭിക്കുന്ന ചെറുതും വലുതുമായ തുക സമാഹരിച്ച് നാളിതുവരെ ചെയ്ത നല്ല പ്രവർത്തനങ്ങൾ വിലമതിക്കാനാവാത്തതാണ്. കഴിഞ്ഞ വർഷം നമ്മുടെ സഹോദരങ്ങൾ ഓഖി ദുരന്തത്തിൽപ്പെട്ട് ക്ലേശമനുഭവിച്ചപ്പോൾ അവരെ ആശ്വസിപ്പിക്കാനും സഹായിക്കാനും പിതാവ് മുന്നിട്ടിറങ്ങി. 2017 ൽ അടൂരിൽ വച്ച് പുനരൈക്യവാർഷികവും സഭാസംഗമവും സംഘടിപ്പിച്ചപ്പോൾ ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് പിതാവ് മുൻതൂക്കം നല്കിയിരുന്നു. സിറിയൻ ആഭ്യന്തരകലാപത്തിൽ ദുരിതമനുഭവിക്കുന്ന അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ സഭയെ സഹായിക്കുവാനും ബാവാ തിരുമേനി സന്മനസ്സു കാണിച്ചു. എല്ലാ മനുഷ്യരേയും സ്നേഹിക്കുകയും പേര് ചൊല്ലി വിളിക്കുകയും ചെയ്യുന്ന ഒരു നല്ലിടയനാണ് പിതാവ്. ക്രിസ്തുവിന്റെ കരുണയുടെ മുഖം സഭയ്ക്ക് ലഭ്യമാകുവാൻ പിതാവ് ചെയ്യുന്ന എളിയ പ്രവർത്തനങ്ങളെ സമൂഹം ശ്രദ്ധയോടെ വീക്ഷിക്കുന്നു.

**സഭാസ്നേഹിയായ പിതാവ്**

ഈ സഭയ്ക്കുവേണ്ടി ഒരു പുരോഹിതനായപ്പോഴും ശ്രേഷ്ഠപുരോഹിതനായപ്പോഴും സഭയുടെ തലവനായപ്പോഴും പിതാവ് സഭയുടെ വളർച്ചയ്ക്കുവേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങൾ എടുത്തു പറയേണ്ടതുതന്നെയാണ്. തന്റെ മുൻഗാമികൾ സ്വപ്നം കണ്ടതും ചെയ്തു തീർക്കാൻ കഴിയാതെ പോയതുമായ സഭാത്മക പ്രവർത്തനങ്ങൾ അക്ഷീണം ചെയ്തുതീർക്കാനാണ് ബാവാ തിരുമേനി യത്നിക്കുന്നത്. സഭാതല അസംബ്ലി മുതൽ കാതോലിക്കേറ്റ് അരമന



യുടെ സ്ഥാപനം തുടങ്ങി ഒട്ടനവധി കാര്യങ്ങൾ പിതാവ് ഈ രംഗത്ത് ചെയ്തുതീർത്തു. ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ നാമകരണ നടപടി പ്രവർത്തനങ്ങളുടെ നിർണ്ണായകമായ ഘട്ടം പൂർത്തിയാക്കാൻ പിതാവ് വേണ്ട ശ്രദ്ധ ചെലുത്തി. കത്തീഡ്രൽ പള്ളിയിലെ കബർ ചാപ്പൽ നിർമ്മാണം, പുതിയ രൂപതകളുടെ പ്രഖ്യാപനം, മെത്രാന്മാരെ വാഴിയ്ക്കൽ അജപാലന അതിർത്തി ഇന്ത്യയ്ക്കുള്ളിൽ ആകമാനവും പുറത്തേക്കും വ്യാപിക്കുക തുടങ്ങിയ നിർണ്ണായക കാര്യങ്ങൾക്ക് പിതാവ് ചുക്കാൻ പിടിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭ ഒന്നാണ് എന്ന സഭാത്മക ബോധം ഓരോ മലങ്കര കത്തോലിക്കനിലും ഉളവാക്കാൻ പിതാവ് പരിശ്രമിച്ചു. ദൈവാലയ നിർമ്മാണങ്ങളുടെ രൂപകല്പനയിലും പിതാവിന്റെ ശ്രദ്ധപതിച്ചു. സഭയിലെ സന്യാസസമൂഹങ്ങൾക്ക് വ്യക്തമായി ദിശാബോധം നൽകാൻ പിതാവ് പരിശ്രമിക്കുന്നുണ്ട്. സഭയിലെ സംഘടനകൾക്കെല്ലാം ആദ്ധ്യാത്മികയുടെ മുഖച്ഛായ പിതാവ് പ്രദാനം ചെയ്തു. മാർ ഈവാനിയോസ് പിതാവിന്റെ കബറിടത്തിലേക്കുള്ള പദയാത്രയെ ജനകീയമാക്കി. പിതാവ് പദയാത്രികരോടൊപ്പം നടന്ന് ജനസമൂഹത്തിന് നൂതനസാക്ഷ്യം നല്കി. സഭയുടെ ആരാധനപരമായ കാര്യങ്ങളിലെല്ലാം പിതാവിന്റെ ദർശനങ്ങൾ ഊടും പാവും നല്കി. ആഗോളസഭയിൽ പോലും ഈ സഭയുടെ പരിശുദ്ധാത്മാവിന്റെ ഉണർവ്വ് വെളിപ്പെട്ടതിന്റെ ഫലമായി മാർപ്പാപ്പയെ തെരഞ്ഞെടുക്കാനുള്ള കോൺക്ലേവിൽ പങ്കെടുക്കാനുള്ള ചരിത്രമുഹൂർത്തം ബാവാ തിരുമേനിയിലൂടെ ഈ സഭയ്ക്ക് സംലഭ്യമായി. മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് തനതായ വ്യക്തിത്വം നൽകി സ്വയാധികാരസഭയായി വളർത്താൻ പിതാവ് അഹോരാത്രം യജ്ഞിച്ച് കൊണ്ടിരിക്കുന്നു.

**ചരിത്രസ്നേഹിയായ ബാവാ തിരുമേനി**

ചരിത്രത്തെ ഏറെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന വ്യക്തിത്വമാണ് ബാവാതിരുമേനിയുടേത്. സഭാചരിത്രത്തിൽ അഗാധമായ പാണ്ഡിത്യമുള്ള ബാവാ തിരുമേനി മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ചരിത്രത്തിനും പാരമ്പര്യത്തിനും വേണ്ടത്ര പ്രാധാന്യം നല്കികൊണ്ടുള്ള നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. നിരവധി സഭാചരിത്ര ഗ്രന്ഥങ്ങളും മറ്റും രചിക്കുവാൻ പിതാവ് പല ഗ്രന്ഥകാരന്മാർക്കും പ്രോത്സാഹനം നല്കിയിട്ടുണ്ട്. സഭാകാര്യാലയത്തിനും പട്ടം തിരുസന്നിധി അരമനയിലും ചരിത്രമ്യൂസിയം നിർമ്മിക്കുവാൻ പിതാവ് മുൻകൈയെടുത്തു. പിതാവിന്റെ തന്നെ നിരവധി ലേഖനങ്ങളും ഗ്രന്ഥങ്ങളും ചരിത്രസ്നേഹം തുളുമ്പുന്നവയാണ്. സഭയുടെ ചരിത്രം തന്നെ ക്രോഡീകരിച്ചു കൊണ്ടിരിക്കുകയാണ് പിതാവിപ്പോൾ. ഈ ഗ്രന്ഥം താമസംവിനാ പുറത്തിറങ്ങുമെന്ന് പ്രത്യാശിക്കുന്നു. സഭയുടെ പാരമ്പര്യത്തിനും ചരിത്രത്തിനും മുതൽകൂട്ടാവുന്ന രീതിയിലാണ് മിക്ക ദൈവാലയങ്ങളും പിതാവ് പുനർനിർമ്മിച്ചുകൊണ്ടിരിക്കുന്നത്. അന്ത്യോക്യൻ പാരമ്പര്യത്തിന്റെ വാസ്തുവിദ്യരീതികൾ ഈ ദൈവാലയങ്ങളുടെ നിർമ്മിതിയിൽ കാണാൻ കഴിയും. ഇങ്ങനെ ചരിത്രത്തോട് കൂറു പുലർത്തികൊണ്ട് മുന്നോട്ടുപോകുന്ന ബാവാ തിരുമേനി നമുക്കേവർക്കും അഭിമാനം പകരുന്നു.

**മതേതരവാദിയായ ബാവാ തിരുമേനി**

രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ളതാണ് മലങ്കരസഭ. കഴിഞ്ഞ എൺപത്തേഴുവർഷമായി ഭാരത സമൂഹത്തിന് തനതായ സംഭാവനകൾ നൽകികൊണ്ടിരിക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മതേതര പൈതൃകവും രാജ്യസ്നേഹവും അത്യഭിവന്ദ്യ ബാവാ തിരുമേനി തുടർന്നുകൊണ്ടിരിക്കുന്നു. സഭയുടെ വിദ്യാഭ്യാസ, സാമൂഹ്യസേവന, ആതുരശുശ്രൂഷ രംഗങ്ങളിൽ ഈ പ്രേഷിത ശുശ്രൂഷ നിർവ്വഹിക്കുവാൻ പിതാവ് അക്ഷീണം പരിശ്രമിക്കുന്നു. നാനാജാതി മതസ്തരേയും ഏക സഹോദരരെപ്പോലെ കാണാൻ സഭാമക്കളെ പിതാവ് പഠിപ്പിക്കുന്നു. ഈ നാടിന്റെ മതേതരസ്വഭാവം അഭംഗുരം കാത്തു പരിപാലക്കാൻ പിതാവ് അഹോരാത്രം യജ്ഞിക്കുന്നു. സഹോദരി സഭകളോടും മറ്റ് മതങ്ങളോടും സഹിഷ്ണതാമനോഭാവത്തോടെ കരുതുവാനും കാണുവാനും സഹായിക്കുവാനുമുള്ള പ്രവർത്തനങ്ങളിൽ പിതാവ് പങ്കാളിത്തം വഹിക്കുന്നത് അഭിമാനകരമായ കാര്യമാണ്. 2017 സെപ്തംബർ 20 ന് അടൂരിൽ അന്താരാഷ്ട്രയുവജന സമ്മേളനത്തിൽ വച്ച് പിതാവ് നല്കിയ മതേതരത്വത്തിന്റെ ആവശ്യകതയിലൂന്നിയ പ്രഭാഷണം രോമാഞ്ചജനകമായിരുന്നു. പിതാവിന്റെ കർദ്ദിനാൾ സ്ഥാനാരോഹണവേളയിൽ റോമിലെ പ്രതിനിധി സംഘത്തിൽ നാനാജാതിമതസ്തപ്രതിനിധികൾ ഉൾപ്പെട്ടിരുന്നു. കൂടാതെ കേരളത്തിലും ഭാരതത്തിലും നടന്ന നിരവധി സമ്മേളനങ്ങളിൽ ഇതരമതസ്ഥരുടെ പ്രാതിനിധ്യവും ഉണ്ടായിരുന്നു. സി. ബി. സി. ഐ. പ്രസിഡന്റായി പിതാവ് സേവനം ചെയ്യുമ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളിലും മതേതര സാന്നിദ്ധ്യം ഉറപ്പാക്കുന്നു. ഭാരതത്തിന്റെ നിർമ്മാണ പ്രക്രിയയിൽ കഴിഞ്ഞ എൺപത്തേഴു വർഷങ്ങളായി ഈ സഭ ചെയ്യുന്ന പ്രവർത്തനങ്ങൾ കൂടുതൽ തീക്ഷ്ണമായി ചെയ്യുവാനാണ് പിതാവ് പരിശ്രമിക്കുന്നത്.

**പരിസ്ഥിതി സ്നേഹിയായ ബാവാ തിരുമേനി**

പ്രകൃതിയെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുവാൻ മുന്നിട്ടിറങ്ങുകയും, ചെയ്യുന്നവരോട് പക്ഷം പിടിക്കുകയും ചെയ്യുന്ന പരിസ്ഥിതി സ്നേഹിയാണ് ബാവാതിരുമേനി. സഭയുടെ ദൈവാലയങ്ങളും പരിസരങ്ങളും ഹരിതാഭശോഭയുള്ളതാക്കിമാറ്റാൻ പിതാവ് ശ്രമിക്കുന്നു. മുൻഗാമിയായ ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ഇക്കാര്യത്തിലൂന്നിയുള്ള പാത പിതാവ് അഭംഗുരം പിന്തുടരുന്നു. സഭയുടെ സമൂഹക്ഷേമവകുപ്പിലും യുവജന പരിപാടികളിലും പരിസ്ഥിതി സംരക്ഷണപരിപാടികൾ നടപ്പിലാക്കുന്നുണ്ട്. ഗ്രിഗോറിയോസ് പിതാവിന്റെ ജന്മശതാബ്ദി പരിപാടികൾ സഭ കഴിഞ്ഞ വർഷങ്ങളിൽ ആഘോഷിച്ചപ്പോഴും ഈ പരിപാടികൾ ക്രമീകൃതമായി നടപ്പിലാക്കി. അടൂരിൽ വച്ച് 2017 ൽ നടത്തിയ പുനരൈക്യ ആഘോഷപരിപാടികളിൽ നടപ്പിലാക്കിയ ഗ്രീൻ പ്രോട്ടോക്കോളും പിതാവ് നേരിട്ടു നടത്തിയ ശുചീകരണ പരിപാടികളും സാമൂഹ്യശ്രദ്ധ ആകർഷിച്ചവയാണ്. ഈ ഗ്രീൻപ്രോട്ടോക്കോൾ പരിപാടിക്ക് അംഗീകാരമായി ബഹു. പത്തനംതിട്ട ജില്ലാ കളക്ടർ പുനരൈക്യ ആഘോഷവേദിയിലെത്തി പിതാവിന് അംഗീകാരപത്രം കൈമാറിയിരുന്നു.



'മനുഷ്യാ, നല്ലതെന്തെന്ന് അവിടുന്ന് നിനക്കു കാണിച്ചു തന്നിട്ടുണ്ട്. നീതി പ്രവർത്തിക്കുക; കരുണ കാണിക്കുക; നിന്റെ ദൈവത്തിന്റെ സന്നിധിയിൽ വിനീതനായി ചരിക്കുക. ഇതല്ലാതെ മറ്റെന്താണ് കർത്താവ് നിന്നിൽ നിന്നും ആവശ്യപ്പെടുന്നത്' (മീക്ക. 6:8)

ഇങ്ങനെ വ്യത്യസ്ത തലങ്ങളിലൂടെ ക്രിസ്തുവിന്റെ പ്രേഷിതശുശ്രൂഷ നിർവ്വഹിച്ചു കൊണ്ടിരിക്കുന്ന ബാവാ തിരുമേനിയിലൂടെ ലഭിച്ച ആത്മീയ ഭൗതിക നന്മകൾ പറഞ്ഞറിയിക്കുവാനും എഴുതിതീർക്കുവാനും കഴിയാത്തതാണ്. മഹാഭാരതത്തെ ചുരുക്കിയെഴുതിയാൽ പറയാവുന്ന 'പരോപകാരമേ പുണ്യം' എന്ന ആപ്തവാക്യം അത്യഭിവന്ദ്യ ബാവാ തിരുമേനിയെക്കുറിച്ചും അന്വർത്ഥമാണ്.



ജയ്സ് കോഴിമണ്ണിൽ

# ശാലോം

## ദൈവം വളർത്തിയ പ്രാർത്ഥന മാധ്യമ ശുശ്രൂഷ

**പ**രസ്യങ്ങളൊന്നുമില്ലാതെ ഒരു ക്രൈസ്തവ ടെലിവിഷൻ ചാനൽ..........പ്രൊഫഷനൽ ജേർണലിസ്റ്റുകൾ ഇല്ലാതെ ഒരാഴ്ച പത്രം............ സാധാരണക്കാർ മാത്രം എഴുതുന്ന ക്രൈസ്തവ മാസിക.............ശാലോം മാദ്ധ്യമ ശുശ്രൂഷകളുടെ നിര നീണ്ടുപോകുന്നു.

ശാലോമിന്റെ ചരിത്രം ദൈവീക ഇടപെടലുകളുടേതാണ്. കാൽ നൂറ്റാണ്ടിലേറെയായി വചനപ്രഘോഷണവേദികളിലും, മാദ്ധ്യമ രംഗത്തും വേറിട്ട വ്യക്തിത്വത്തിന്റെ ഉടമയാണ് ശാലോം മിനിസ്ട്രി ചെയർമാൻ ഷെവലിയർ ബെന്നി പുന്നത്തറ. ദൈവശബ്ദം തിരിച്ചറിഞ്ഞും പൂർണമായും അനുസരിച്ചും മുന്നോട്ടുപോയ ബ്രദർ ബെന്നി പുന്നത്തറയെ ദൈവം നടത്തിയ വഴികളിൽ മാനുഷിക ബുദ്ധിക്ക് മനസ്സിലാക്കാൻ കഴിയാത്തവിധം അത്ഭുതങ്ങളും അടയാളങ്ങളും ധാരാളം. എന്നാൽ ഒരു സത്യാന്വേഷണത്തിന്റെ പൂർത്തീകരണമായി, ദൈവീകപദ്ധതിയായി, ശാലോം രൂപപ്പെട്ടുവെന്ന് പറയുന്നതാകും ശരി.

ഓർത്തഡോക്സ് സഭയിൽ ജനിച്ചുവളർന്ന ബ്രദർ ബെന്നിയുടെ യുവത്വത്തിൽ വിശ്വാസ ജീവിതം പോരായ്മകളുടേതായിരുന്നു. ഓർത്തഡോക്സ് യാക്കോബായ സഭകൾ തമ്മിലുള്ള കക്ഷിവഴക്കുകൾ ബ്രദറിൽ ഏറെ ദുഃഖം ഉളവാക്കിയിരുന്നു. 1980 ൽ കത്തോലിക്ക കരിസ്മാറ്റിക് ധ്യാനത്തിൽ സംബന്ധിച്ചപ്പോൾ കത്തോലിക്കാ സഭയെക്കുറിച്ച് കൂടുതൽ പഠിക്കുവാൻ സാധിച്ചു. ഫാ. സിറിൽ ഒ.ഐ.സി. (മേജർ ആർച്ച് ബിഷപ്പ് സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവ) രചിച്ച 'സീറോ മലങ്കര സഭ' എന്ന ഗ്രന്ഥം വായിച്ച ബ്രദർ ബെന്നി പുന്നത്തറ 1985 ഏപ്രിൽ 4ന് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു; മലങ്കര കത്തോലിക്കാസഭയിൽ അംഗത്വം സ്വീകരിച്ചു. ബത്തേരി രൂപതയിലെ ഓഞ്ഞിൽ സെന്റ് ജോൺസ് മലങ്കര കത്തോലിക്ക ഇടവകയിലെ അംഗമാണ് ബ്രദർ ബെന്നി പുന്നത്തറ. കോഴിക്കോട് പേരാമ്പ്ര ഫെഡറൽ ബാങ്ക് ബ്രാഞ്ചിൽ ഉദ്യോഗസ്ഥനായിരുന്ന ബ്രദർ ബെന്നി പുന്നത്തറ ഇന്ന് മുഴുവൻ സമയ സുവിശേഷ പ്രഘോഷണത്തിനായി ജോലി രാജി വച്ചു. ബാങ്ക് ഉദ്യോഗസ്ഥനായിരിക്കെ തന്റെ ആത്മീക ഗുരുവായിരുന്ന മോൺ. സി.ജെ. വർക്കിയോടൊപ്പം വിദേശ രാജ്യങ്ങളിൽ വചനപ്രഘോഷണം നടത്തി. കുളത്തുവയൽ എം.എസ്.എം.ഐ. സന്യാസിനി സമൂഹത്തിന്റെ സ്ഥാപകനായ മോൺ. സി.ജെ.വർക്കി പരിശുദ്ധാത്മാവിന്റെ വരദാനങ്ങളാൽ നിറഞ്ഞ് കരിസ്മാറ്റിക് ധ്യാനങ്ങളും, കൗൺസിലിംഗ്

ശുശ്രൂഷകളും നടത്തിവന്നിരുന്നു. ഫാ. വർക്കിയുടെ ദർശനമനുസരിച്ചാണ് 1990 ൽ ബ്രദർ ബെന്നി ശാലോം പ്രാർത്ഥന ഗ്രൂപ്പ് ആരംഭിച്ചത്. ആദ്യകാലങ്ങളിൽ അനേകായിരങ്ങൾക്ക് ടെലിഫോണിലൂടെയും, കത്തുകളിലൂടെയും ദൈവീക സമാധാനവും, സന്തോഷവും പകർന്നു നല്കാൻ ശാലോം പ്രാർത്ഥനാഗ്രൂപ്പിനും ബ്രദർ ബെന്നിയ്ക്കും കഴിഞ്ഞിരുന്നു. നിരാശയിലായിരുന്ന അനേകം വ്യക്തികളും, കുടുംബങ്ങളും പ്രത്യാശ നിർഭരരായി ജീവിതം മുന്നോട്ട് നയിക്കുന്നതിന് ശാലോമിന്റെ പ്രാർത്ഥനകൾ സഹായകമായി. ശാലോം പ്രാർത്ഥനാഗ്രൂപ്പ് ഇന്ന് എല്ലാ മാസാദ്യ വെള്ളിയാഴ്ചകളിലും 'നൈറ്റ് വിജിൽ' നടത്തുന്നുണ്ട്. കൃപയുടെ നീർച്ചാലുകൾ, നിലവിളി കേൾക്കുന്ന ദൈവം എന്നീ ഗ്രന്ഥങ്ങളുടെ രചനയോടെ ബ്രദർ ബെന്നി പുന്നത്തറ ക്രൈസ്തവ ലോകത്ത് ശ്രദ്ധിക്കപ്പെടുവാൻ തുടങ്ങി. സാമ്പത്തിക പുരോഗതിയുടെ സുവിശേഷ വിജയം നല്കുന്ന കർത്താവ്, കാലത്തിന്റെ അടയാളങ്ങൾ, ആത്മാവിന്റെ പ്രതിധ്വനികൾ - ഒന്നും, രണ്ടും വാല്യങ്ങൾ, ഷീനാർ സമതലത്തിലെ വിലാപങ്ങൾ തുടങ്ങിയ ഗ്രന്ഥങ്ങൾ മലയാളത്തിൽ മാത്രമല്ല ജർമൻ, തമിഴ്, ഹിന്ദി, കന്നഡ, ഇംഗ്ലീഷ് ഭാഷകളിലേക്ക് തർജ്ജമ ചെയ്ത് പ്രസിദ്ധീകരിച്ചു. 1993 ലാണ് ശാലോം എന്ന പേരിൽ ത്രൈമാസികയായി 'ശാലോം ടൈംസ്' പൈലറ്റ് ഇഷ്യു ഇറങ്ങുന്നത്. ആ കാലയളവിൽ വിവിധ സഭകളും രൂപതകളും തങ്ങളുടെ പ്രസിദ്ധീകരണങ്ങൾ ബ്ലാക്ക് ആന്റ് വൈറ്റ് ചിത്രങ്ങളും മറ്റുമായിട്ടായരുന്നു പ്രസിദ്ധീകരിച്ചിരുന്നത്. എന്നാൽ സിനിമാ മാസികകൾ കളർ പേജിൽ ഇറങ്ങിയിരുന്നു. പ്രാർത്ഥനാവേളയിൽ കർത്താവിൽ നിന്നു സ്വീകരിച്ച നിർദ്ദേശമാണ് മലയാളത്തിലെ ആദ്യ നാലു കളർ ക്രൈസ്തവ പ്രസിദ്ധീകരണമായി ശാലോം മാസിക രംഗപ്രവേശം ചെയ്യുന്നത്. പ്രിന്റ് മീഡിയയുടെ എല്ലാ സാധ്യതകളും സുവിശേഷ പ്രഘോഷണത്തിനായി ശാലോം ടൈംസ് ഉപയോഗിച്ചുവരുന്നു. ബ്രദർ ബെന്നി പുന്നത്തറയുടെ ഭാര്യ സ്കൂളിൽ അദ്ധ്യാപികയായിരുന്ന സ്റ്റെല്ലാ മാസികയുടെ എഡിറ്ററായി പ്രവർത്തിച്ചു. ചാപ്പലിൽ ദിവ്യകാരുണ്യനാഥന്റെ മുമ്പിൽ അനേക സമയം പ്രാർത്ഥിച്ചും, ആത്മീകപിതാവായ വർക്കിയച്ചനിൽ നിന്ന് നിർദ്ദേശം സ്വീകരിച്ചും തുടങ്ങിയ മാസികയുടെ പ്രചരണം തുടക്കത്തിൽ ബ്രദർ ആഗ്രഹിച്ചതുപോലെ എളുപ്പമായിരുന്നില്ല. പകൽ ബാങ്കിലെ ജോലി, കുടുംബജീവിതത്തിന്റെ ക്ലേശങ്ങൾ, ഓഫീസോ, സഹായികളോ ഇല്ലാതെ രാത്രികൾ പകലുകളാക്കിയാണ് മാസികയുടെ ജോലികൾ. അയ്യായിരം കോപ്പികളാണ് ആദ്യം അച്ചടിപ്പിച്ചത്. രണ്ടാമത്തെ ലക്കവും അയ്യായിരം എണ്ണം അടിപ്പിച്ചു. പരിചയമുള്ള നാനൂറോളം വിലാസങ്ങളിൽ ശാലോം അയച്ചു കൊടുത്തു; സൗജന്യമായി. മാസിക വായിച്ച ആരും വരിസംഖ്യ അയയ്ക്കുകയോ, പ്രോത്സാഹിപ്പിക്കുകയോ ചെയ്തില്ല. ബ്രദർ ബെന്നി ആകെ അസ്വസ്ഥനായി. കൈയ്യിലുള്ള പണം മുഴുവൻ തീർന്നു, പ്രിന്റ് ചെയ്ത മാസികകളിൽ ഭൂരിപക്ഷവും വീട്ടിൽ കട്ടിലുകൾക്കടിയിൽ കെട്ടിവച്ചിരിക്കുകയാണ്. മനോഹരമായി മാസിക പ്രസിദ്ധീകരിച്ചാലും അത് ജനങ്ങൾ വായിക്കുന്നില്ലെങ്കിൽ അതുകൊണ്ട് എന്തുപ്രയോജനം. അദ്ദേഹത്തിന്റെ മനസ്സിൽ സംശയങ്ങളായി. മാസിക തുടങ്ങാനുള്ള പ്രചോദനം കർത്താവിൽ നിന്ന് തന്നെയായിരുന്നോ? അത് പിശാചിന്റെ തട്ടിപ്പായിരുന്നില്ലേ? മൂന്നാമത്തെ ലക്കം ഇറക്കാനുള്ള ആവേശം തീർത്തും നഷ്ടപ്പെട്ട അവസ്ഥ. അത്തരം ദിവസങ്ങളിൽ ബ്രദറിന് കോട്ടയത്തു നിന്ന് ഒരു കത്ത് കിട്ടി. അതിനുമുകളിൽ ഇങ്ങനെയാണ് എഴുതിയിരുന്നത്. 'ശാലോം മാസിക വായിച്ചതുകൊണ്ടു മാത്രം ഇന്ന് ജീവിച്ചി രിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ'. തുടർന്ന് എഴുതിയിരുന്ന സംഭവം ഇപ്രകാരമായിരുന്നു 'ചെറുപ്പത്തിലേ അച്ഛൻ ഉപേക്ഷിച്ചുപോയി. മൂന്ന് മക്കളിൽ മൂത്തവൾ; അമ്മ കൂലിപ്പണിയെടുത്താണ് പഠിപ്പിച്ചത്. ഒടുവിൽ പത്ത് സെന്റ് സ്ഥലവും, വീടും പണയപ്പെടുത്തിയാണ് ബി.എഡ്സ്. കോഴ്സ് പൂർത്തിയാക്കിയത്. ബി.എഡ്സ്. പാസ്സായ ഉടനെ ജോലി കിട്ടും, കുടുംബം രക്ഷപ്പെടും എന്നു കരുതി. എന്നാൽ നാലുവർഷം പിന്നിട്ടിട്ടും ജോലി കിട്ടിയില്ല. ഒരു ട്യൂഷൻ സെന്ററിൽ പഠിപ്പിക്കുന്നുണ്ട്. അതിൽ നിന്നും കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ട് ഒന്നും ആകുന്നില്ല. ഒടുവിൽ അമ്മ രോഗിയായപ്പോൾ എല്ലാ ദിവസവും പണിക്കു പോകാൻ വയ്യാതായി.ഇളയവരുടെ പഠനത്തിനും കുടുംബ ചെലവിനും ബുദ്ധിമുട്ട് വർദ്ധിച്ചപ്പോൾ ഞാനും കൂലിപണിക്കു പോകാൻ നിർബന്ധിതയായി. വൈകുന്നേരങ്ങളിൽ ട്യൂഷൻ, പകൽ കൂലിപ്പണി. മനസ്സ് തളർന്നു. ഞാൻ നിരാശയിലും, സങ്കടത്തിലും ദിവസങ്ങൾ തള്ളിനീക്കി. ഇനി എനിക്ക് പ്രത്യാശയ്ക്ക് വകയില്ല. ജീവിതം രക്ഷപ്പെടാൻ വഴിയൊന്നുമില്ല. മരിക്കുകയാണ് ഉചിതം. ഈ ചിന്ത എന്നെ വേട്ടയാടാൻ തുടങ്ങി. ഒടുവിൽ ഞാൻ ആത്മഹത്യ ചെയ്യാൻ തന്നെ തീരുമാനിച്ചു. പെട്ടെന്ന് മനസ്സിലൊരു ആഗ്രഹം. മരിയ്ക്കുന്നതിനു മുമ്പ് കോളേജിൽ ഒന്നിച്ചു പഠിച്ച, ഒത്തിരി ഇഷ്ടമായിരുന്ന കൂട്ടുകാരിയെ പോയി കാണണം. ഞാൻ അങ്ങനെ അവളുടെ വീട്ടിൽ എത്തി. അവളുടെ മുറിയിൽ ഇരിക്കുമ്പോഴാണ് മേശപുറത്ത് മാസിക എടുത്ത് അലസമായി മറിച്ചുനോക്കിയത്.

പെട്ടെന്ന് അതിലെ ഒരു ലേഖനത്തിലെ തലക്കെട്ട് എന്നെ ആകർഷിച്ചു. -'എല്ലാം കടന്നു പോകും.' നിങ്ങളുടെ ദുഃഖദുരിതങ്ങളെല്ലാം താൽക്കാലികമാണ്. അവയെല്ലാം കടന്നുപോകും എന്ന അടിക്കുറിപ്പ് എന്റെ ഹൃദയത്തെ തൊട്ടു. ഞാൻ ആ ലേഖനം മുഴുവൻ അവിടെയിരുന്ന് വായിച്ചു. എന്റെ നിരാശ എവിടെയോ പോയി മറഞ്ഞു. മനസ്സ് പ്രത്യാശ കൊണ്ട് നിറഞ്ഞു. ആത്മഹത്യാ ചിന്തയും അപ്രത്യക്ഷമായി. മടങ്ങി പോരുമ്പോൾ കൂട്ടുകാരിയോട് ശാലോം മാസികയും വാങ്ങിക്കൊണ്ടാണ് പോന്നത്. ഈ മാസിക തുടർന്നും എനിക്ക് വായിക്കാൻ ആഗ്രഹമുണ്ട്. ശാലോം ടൈംസിന്റെ പൈലറ്റ് ഇഷ്യൂവിലെ അവസാനത്തെ ലേഖനമായിരുന്നു ആ സഹോദരിയുടെ ജീവിതത്തെ മാറ്റി മറിച്ചത്. ഈ കത്ത് വായിച്ചപ്പോൾ ബ്രദർ ബെന്നി പുന്നത്തറയുടെ നിരാശയും ഇല്ലാതെയായി. ഒരു ജീവിതത്തെ എങ്കിലും നന്മയിലേയ്ക്ക് നയിക്കാൻ സാധിച്ചുവെങ്കിൽ തന്റെ അദ്ധ്വാനത്തിന് അർത്ഥം ഉണ്ടെന്ന തിരിച്ചറിവ് അദ്ദേഹത്തെ ആവേശം കൊണ്ട് നിറച്ചു. ശാലോം ടൈംസ് മാസികയെ പരിശുദ്ധ മാതാവിന്റെ മദ്ധ്യസ്ഥത്തിനായി സമർപ്പിച്ചപ്പോൾ നടന്നത് വലിയ അത്ഭുതമായിരുന്നു. മാസികയ്ക്ക് വേണ്ടിയുള്ള ഓർഡറുകൾ ഇന്ത്യയുടെ എല്ലാഭാഗത്തു നിന്നും ലഭിക്കാനാരംഭിച്ചു. ഫീൽഡ് വർക്കുകളോ, പബ്ലിസിറ്റിയോ ഇല്ല. ആരെയും പ്രേരിപ്പിക്കുന്നും ഇല്ല. പക്ഷേ വായിക്കുന്നവർ തന്നെ മാസികയുടെ പ്രചാരകരായി മാറി. ശാലോം ടൈംസിന്റെ ഇപ്പോഴത്തെ സർക്കുലേഷൻ ഒന്നേകാൽ ലക്ഷത്തിലേറെയാണ്. ഇന്റർനെറ്റ് എഡിഷന്റെ പതിനായിരക്കണക്കിന് വായനക്കാർ വേറെയും. ഇതിനു പുറമേ യു.എസ്.എ.; യൂറോപ്പ് എഡിഷനുകളും, തമിഴ്, ജർമൻ, പതിപ്പുകളും പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കും.

സൺഡേ ശാലോം ആരംഭിക്കാൻ ദൈവീക സന്ദേശം ലഭിച്ചപ്പോൾ ബ്രദർ ബെന്നി ഗുരുവായ സി.ജെ. വർക്കിയച്ചനെ കണ്ടു. മൂന്ന് മാസങ്ങൾ കഴിഞ്ഞപ്പോൾ ദൈഹിതം തന്നെ എന്ന് അച്ചൻ വ്യാഖ്യാനം നല്കി. ആദിമസഭ കർത്താവ് പടുത്തുയർത്തിയത് വിദ്യാവിഹീനരും, മീൻപിടുത്തക്കാരും, ചുങ്കക്കാരും- ശിഷ്യരായ സമൂഹത്തിൽ നിന്നാണ്. അവർ സാധാരണക്കാരായിരുന്നെങ്കിലും ഗുരുവിനെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്നവരായിരുന്നു. സൺഡേ ശാലോമിൽ ജേണലിസം പഠിച്ചവരില്ല, പത്രപ്രവർത്തന രംഗത്ത് വൈദഗ്ദ്യം തെളിയിച്ചവരില്ല. വർക്കിയച്ചനിൽ കൂടി ലഭിച്ച സന്ദേശം സാധാരണക്കാരെ പത്രപ്രവർത്തനരംഗത്ത് പരിശീലിപ്പിച്ച് യോഗ്യരാക്കുക എന്നതാണ്. പതിനേഴ് വർഷം പൂർത്തിയാകുമ്പോൾ സൺഡേ ശാലോം ആഴ്ച്ചപത്രം കത്തോലിക്കാസഭയുടെ മൂന്ന് റീത്തുകളിലും മാത്രമല്ല, അകത്തോലിക്കാ അപ്പസ്തോലിക സഭകളിലും ശ്രദ്ധിയ്ക്കപ്പെടുന്ന പ്രസിദ്ധീകരണമായിക്കഴിഞ്ഞു. കേരളത്തിലെ എല്ലാ കത്തോലിക്കാ ഇടവകകളിലും വികാരിമാരുടെ പേരിൽ സൺഡേ ശാലോം അയക്കുന്നുണ്ട്; സൗജന്യമായി സഭാസമൂഹം ശ്രദ്ധിക്കാതെ പോകുന്ന പല കാര്യങ്ങളിലേക്കും ശ്രദ്ധ ക്ഷണിക്കുക എന്ന വലിയ ദൗത്യമാണ് സൺഡേ ശാലോമിലൂടെ നിർവ്വഹിക്കപ്പെടുന്നത്. പ്രാദേശിക ഇടവകകൾ മുതൽ വത്തിക്കാൻ വരെയുള്ള വാർത്തകളാണ് സൺഡേ ശാലോമിൽ പ്രസിദ്ധീകരിക്കുന്നത്. സഭകളുടെ ഐക്യമാണ് സൺഡേ ശാലോം ലക്ഷ്യമാക്കുന്നത്. അമേരിക്കയിലെ ടെക്സാസിൽ നിന്നും 2010 മുതൽ സൺഡേ ശാലോം യു.എസ്. എഡിഷനും പ്രസിദ്ധീകരിച്ചുവരുന്നു. ശാലോമിന്റെ എല്ലാ ശുശ്രൂഷകളും പ്രാർത്ഥനയോടെയാണ് ആരംഭിക്കുന്നത്. രാവിലെ 9.30 മുതൽ 11 വരെയാണ് പ്രധാന പ്രാർത്ഥനാസമയം. പ്രാർത്ഥനാവേളയിൽ ലഭിച്ച സന്ദേശമാണ് ശാലോം ടെലിവിഷൻ ആരംഭിയ്ക്കാൻ ബ്രദർ ബെന്നി പുന്നത്തറയ്ക്ക് പ്രചോദനമായത്. കർത്താവിന്റെ മുഖം ടിവിയിൽ ദർശിക്കാൻ ഇടവരണമെയെന്ന ദീർഘകാലത്തെ പ്രാർത്ഥനയുടെ ഉത്തരമാ






യിരുന്നു ശാലോം ടിവി. ശാലോം മാസികയ്ക്കും പത്രത്തിനും പ്രചാരമുള്ള പ്രദേശങ്ങളെല്ലാം ശാലോം ഫെസ്റ്റിവൽ സംഘടിപ്പിച്ചപ്പോൾ സുവിശേഷ പ്രഘോഷണത്തിനായുള്ള ചാനൽ എന്ന നിലയിൽ ശാലോം ടിവിയെ ഏവരും ആവേശത്തോടെ സ്വീകരിച്ചു. നൂറു രൂപ മുതൽ മുകളിലോട്ട് സംഭാവന നല്കുന്ന അനേക സുമനസ്സുകളുടെ - ശാലോം പീസ് ഫെലോഷിപ്പ് - കൂട്ടായ സംരംഭമായി പരസ്യങ്ങളുടെ പിൻബലമില്ലാതെ മുടക്കം കൂടാതെ, ദൈവം ശാലോം ടിവിയെ മുന്നോട്ട് നയിക്കുന്നു. കിടപ്പുരോഗികൾ ശാലോം ടിവിയിലൂടെ വചനം കേൾക്കുവാനും വിശുദ്ധ കുർബാന അർപ്പണം കാണുവാനും സാധിക്കുന്നു എന്നത് അനുഗ്രഹമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ശാലോം ടിവി സഭയെ പടുത്തുയർത്തുക എന്ന വലിയ ലക്ഷ്യമാണ് ഏറ്റെടുത്തിട്ടുള്ളത്. സുവിശേഷ പ്രഘോഷണത്തോടൊപ്പം വിശുദ്ധ കുർബാന, ദിവ്യകാരുണ്യ ആരാധന, ജപമാല, നൊവേന, കാനോന നമസ്കാരം ഇവയെല്ലാം ശാലോം ടിവി പ്രോഗ്രാമിൽ ഉൾപ്പെടുത്തിയത് ഈ ദർശനമനുസരിച്ചാണ്. 2005 ഫെബ്രുവരി 26ന് ശാലോം ടിവി ഔപചാരികമായി ഉത്ഘാടനം ചെയ്തത് കെ.സി.ബി.സി. ചെയർമാനും, മലങ്കര കത്തോലിക്കാസഭയുടെ അദ്ധ്യക്ഷനുമായിരുന്ന മേജർ ആർച്ച് ബിഷപ്പ് സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവായായിരുന്നു.

2008 ൽ സുവിശേഷ പ്രഘോഷണരംഗത്ത് താല്പര്യമുള്ളവരെ പരിശീലിപ്പിക്കുന്നതിനായി ആരംഭിച്ചതാണ് ശാലോം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മീഡിയ സയൻസ്. ആത്മീയ മൂല്യങ്ങൾ പ്രചരിപ്പിക്കാൻ മാദ്ധ്യമങ്ങളെ എങ്ങനെ പ്രയോജനപ്പെടുത്താനാവുമെന്ന ലക്ഷ്യവുമായി തുടങ്ങിയ ഇൻസ്റ്റിറ്റ്യൂട്ടിലൂടെ പരിശീലനം ലഭിച്ച വിദ്യാർത്ഥികൾ തങ്ങളുടെ സാങ്കേതിക വൈദഗ്ദ്യം ദൈവരാജ്യത്തിന്റെ വിപുലീകരണത്തിനായി ക്രൈസ്തവ മാദ്ധ്യമങ്ങളിലൂടെ നിർവ്വഹിച്ചു വരുന്നു.


2008ൽ തന്നെ ആരംഭിച്ചതാണ് കോഴിക്കോട് മലാപ്പറമ്പിലെ സോഫിയാ പ്രിന്റേഴ്സ് ആന്റ് പബ്ലിഷേഴ്സ് എന്ന സ്ഥാപനം. വിവിധ ഭാഷകളിലെ ക്രൈസ്തവ ഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് പ്രസിദ്ധീകരിക്കുന്നതോടൊപ്പം അനേകം വിലപ്പെട്ട ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചതിലൂടെ അറിയപ്പെടാതെ കഴിഞ്ഞിരുന്ന പല വിശുദ്ധരെയും വ്യക്തിത്വങ്ങളെയും അടുത്തറിയുവാനും അവരുടെ മാതൃക അനുകരിക്കുവാനും കേരളത്തിലെ ക്രൈസ്തവ ലോകത്തിന് സോഫിയാ ബുക്ക്സ് വഴിഒരുക്കി. കഴിഞ്ഞ വർഷം മുതൽ സോഫിയാ ടൈംസ് എന്ന പേരിൽ സെക്കുലർ മാസികയും പ്രസിദ്ധീകരിക്കുന്നു. ശാലോം വിദ്യാഭ്യാസ സഹായ പദ്ധതിയിലൂടെ പാവപ്പെട്ടവരും സമർത്ഥരുമായ നൂറുകണക്കിനു വിദ്യാർത്ഥികളുടെ പഠനത്തിന് സാമ്പത്തികസഹായം നല്കുവാൻ സാധിക്കുന്നു. ശാലോമിന്റെ വായനക്കാരിലൂടെയാണ് എല്ലാ വർഷവും ഇതിനാവശ്യമായ തുക കണ്ടെത്തുന്നത്.

എന്നെ മാനിയ്ക്കുന്നവനെ എന്റെ പിതാവ് മാനിയ്ക്കും എന്ന തിരുവചനവും, എന്നെ പ്രതിയും സുവിശേഷത്തെ പ്രതിയും..... ഇവിടെ വച്ചു തന്നെ നൂറിരട്ടി ലഭിയ്ക്കാതിരിയ്ക്കയില്ല (മത്തായി 10: 29-30) എന്ന തിരുവചനവും ഇവിടെ നിറവേറുകയാണ്, ബ്രദർ ബെന്നി പുന്നത്തറയുടെ ജീവിതത്തിലൂടെ. കർത്താവിന്റെ ശുശ്രൂഷയ്ക്കായി അദ്ദേഹവും സഹധർമ്മിണിയും ബാങ്കിലെ ജോലിയും അദ്ധ്യാപകജോലിയും ഉപേക്ഷിച്ച് മുഴുവൻസമയ സുവിശേഷപ്രഘോഷണത്തിനായി ഇറങ്ങിത്തിരിച്ചപ്പോൾ മുട്ടിൻമേൽ നിന്നും നിലവിളിച്ചും പ്രാർത്ഥിച്ചും സ്വീകരിച്ച സന്ദേശങ്ങൾ പ്രാവർത്തികമാകാൻ വൈകുന്നുവെന്ന് തോന്നിയപ്പോൾ അബ്രഹാമിനെപ്പോ ലെയും മോശയെപ്പോലെയും ദൈവത്തിൽ മാത്രം പൂർണമായി ആശ്രയിച്ച് അഭയം തേടിയ വേളകൾ ധാരാളം ഉണ്ടായിട്ടുണ്ടാകണം. വിളിച്ചവൻ വിശ്വസ്തനാണെന്ന് ഇവിടെ തെളിയിക്കപ്പെടുന്നു. കത്തോലിക്കാ സഭയ്ക്ക് ബ്രദർ ബെന്നി പുന്നത്തറ നല്കിയ സംഭാവനകൾ മാനിച്ച് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ ഷെവലിയർ പദവി നല്കി. കേരള കാത്തലിക് ബിഷപ്പ് കൗൺസിലിന്റെ മീഡിയ അവാർഡ്, മേരി വിജയം മാസികയുടെ ദർശന അവാർഡ്, കേരള സഭാതാരം അവാർഡ്, കത്തോലിക്കാ കോൺഗ്രസ്സിന്റെ ഈ നൂറ്റാണ്ടിന്റെ അത്മായ പ്രേഷിതൻ അവാർഡ്, ബിഷപ്പ് സെബാസ്റ്റ്യൻ വള്ളോപ്പിള്ളി അവാർഡ്, ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് ഫൗണ്ടേഷന്റെ ആർച്ച് ബിഷപ്പ് പുരസ്കാരം.... ബ്രദർ ബെന്നിയ്ക്ക് ബഹുമതികൾ നീണ്ടുപോകുന്നു. ശാലോമിന്റെ ജൂബിലിവേളയിൽ നിയമപരമായ എല്ലാ ഉത്തരവാദിത്വങ്ങളും അവകാശങ്ങളും ഉപേക്ഷിച്ച് ശാലോമിന്റെ രണ്ടാം നിരയെ വളർത്തി എടുക്കാൻ ആത്മീയ നേതൃത്വം മാത്രം ഏറ്റെടുത്ത് ഭാവിയെ നിയന്ത്രിക്കുന്ന തമ്പുരാന് ഹല്ലേല്ലുയ്യാ പറഞ്ഞ് ബ്രദർ ബെന്നി പുന്നത്തറ ശ്രദ്ധേയനാകുന്നു. മലങ്കര കത്തോലിക്കാസഭയുടെയും പുനരൈക്യ പ്രസ്ഥാനത്തിന്റെയും ജനയിതാവ് ആയ ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനി ലക്ഷ്യം വച്ച ഭാരത സുവിശേഷ വത്ക്കരണവും സഭകളുടെ ഐക്യവും മാദ്ധ്യമ ശുശ്രൂഷകളിലൂടെ ക്രൈസ്തവ സമൂഹത്തിൽ തുടരുകയാണ് മലങ്കര കത്തോലിക്കാസഭയ്ക്ക് അഭിമാനമായ ഷെവലിയർ ബെന്നി പുന്നത്തറ.

# ക്രിസ്തുവും സെനക്കയും







പ്രൊഫസർ കവിയൂർ ശിവപ്രസാദ്

**ച**രിത്രം പഠിക്കാനായി ആരും ബൈബിൾ വായിക്കാറില്ല. എന്നാൽ പല ചരിത്ര സംഭവങ്ങൾക്കും ബൈബിൾ സാക്ഷ്യം വഹിക്കുന്നുണ്ട്. യേശുക്രിസ്തുവിന്റെ ജീവചരിത്രം ബൈബിളിൽ ആദിമധ്യാന്ത പൊരുത്തങ്ങൾ ഉൾക്കൊണ്ട് പ്രതിപാദിക്കുന്നില്ല. എന്നാൽ ജനനം, ശൈശവം, പൊതുപ്രവർത്തന കാലം, ഇഹലോകവാസാന്ത്യം എന്നിവ പരാമർശിച്ചിട്ടുമുണ്ട്. ബൈബിളിലില്ലാത്ത ചരിത്രവസ്തുതകൾക്ക് വളരെയധികം പ്രചുരപ്രചാരം ലഭിച്ചിട്ടുമുണ്ട്. ടൈബീരിയസ്സ് ചക്രവർത്തി റോമാ സാമ്രാജ്യം വാഴുംകാലം പൊന്തിയോസ് പീലാത്തോസ് യൂദാ നാട് ഭരിച്ചിരുന്ന കാലത്ത് യേശുക്രിസ്തു വധിക്കപ്പെട്ടതായി ചരിത്രരേഖകളിൽ കാണാവുന്നതാണ്. യഹൂദപണ്ഡിതനും ചരിത്രകാരനുമായ ജോസിഫസിന്റെ യഹൂദ പൗരാണികത്വം വായിച്ച് സംക്ഷേപിച്ച് അർത്ഥപൂർണ്ണമാക്കിയ ചരിത്ര ഗവേഷകന്റെ (ഗേസാവേർമസ്സിന്റെ) നിഗമനപ്രകാരം പല അത്ഭുതങ്ങളും പ്രവർത്തിച്ച യേശുക്രിസ്തു എന്ന വിവേകമതി ജീവിച്ചിരുന്നത് ഇക്കാലത്താണ് കൗതുകം തോന്നിയ യഹൂദരും ഗ്രീസ്സുകാരും അദ്ദേഹത്തെ ഗുരുവായി അംഗീകരിച്ചു. യഹൂദ നേതാക്കൾ അദ്ദേഹത്തെ കുറ്റാരോപിതനാക്കയും പീലാത്തോസ് കുരിശുമരണത്തിന് വിധിക്കുയും ചെയ്തു. ഈ ആരോപണം നിലനില്ക്കുമ്പോഴും അദ്ദേഹത്തെ സ്നേഹിക്കയും വിശ്വസിക്കയും ചെയ്തവർ നിരവധിയാണ്. അയാളുടെ അനുയായികളായ കുറെപ്പേർ ഇപ്പോഴും ഇവിടെയുണ്ട്.' എന്ന അറിയിപ്പ് ചരിത്രവസ്തുതയായി പരിഗണിക്കാവുന്നതാണ്. ഏതാണ്ട് അക്കാലത്തു തന്നെ ജീവിച്ചിരുന്ന ഇതര ചിന്തകരെപറ്റി പഠിക്കുമ്പോൾ ആദ്യം ഉയർന്നു വരുന്ന പേര് സെനക്കയുടേതാണ്. അദ്ദേഹത്തിന്റെ സമപ്രായക്കാരനായിരുന്നു ഫിലിപ്പ്. ലൂക്കോസിന്റെ സുവിശേഷം മൂന്നാം അധ്യായത്തിൽ ഫിലിപ്പിനെപ്പറ്റി വിശദീകരിക്കുന്നുണ്ട്. ഫിലിപ്പും സെനക്കയും ഒരേ പ്രായം. ക്രിസ്തുവിനെക്കാൾ നാലുവയസ്സ് മൂപ്പ് കൂടുതൽ. ഫിലിപ്പിന്റെ പാരമ്പര്യം ഹെരോദാവിൽ തുടങ്ങുന്നു. ഹെരോദ്യാ കുടുംബത്തിലെ മഹാനായ ഹെരോദാവിൽ നിന്നുമാണ് ഉത്ഭവിച്ചിരിക്കുന്നത്. ബി.സി. 37 മുതൽ എ.ഡി. 4-ാം വർഷം വരെയാണ്. 'ഇദുമ്യ' വംശത്തിൽപ്പെട്ടവനായിരുന്നെങ്കിലും 'ഹസ്മോണിയൻ' കുടുംബത്തിൽ നിന്നും വിവാഹം കഴിച്ചതിനാൽ അർദ്ധ യഹൂദൻ

ആയിട്ടാണ് ഹെരോദാവിനെ കണ്ടിരുന്നത്. അക്കാരണത്താൽ തന്നെ യഹൂദർക്കുള്ള പല ആനുകൂല്യങ്ങളും അദ്ദേഹത്തിന് ലഭിച്ചിരുന്നു. റോമ ചക്രവർത്തി അദ്ദേഹത്തെ യെഹൂദ്യായിലെ രാജാവായി നിയമിച്ചു. റോമ ചക്രവർത്തിയുടെ പദ്ധതികൾ നടപ്പാക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. റോമൻ സംസ്കാരം പ്രചരിപ്പിക്കുവാൻ പല ശ്രമങ്ങളും നടത്തിയിരുന്നു. പാലസ്തീനിൽ തന്നെ യഹൂദരില്ലാത്ത സ്ഥലങ്ങളിൽ ക്ഷേത്രങ്ങൾ സ്ഥാപിച്ചു. ശമര്യ പുതുക്കിപ്പണിതു. ശില്പകലയിൽ തല്പരനായിരുന്ന അദ്ദേഹം യഹൂദരുടെ സന്തോഷം വാങ്ങാനായി യറുശലേം ദേവാലയം പുതുക്കി പണിതു. നാല്പത്തിയാറു വർഷങ്ങൾ അതിനായി വേണ്ടി വന്നുവെന്ന് യോഹന്നാന്റെ സുവിശേഷം രണ്ടാം അധ്യായത്തിൽ പറയുന്നു. ധാരാളം കൊട്ടാരങ്ങളും കോട്ടകളും സ്ഥാപിച്ച് 'മഹാനായ നിർമ്മാതാവ്' എന്ന പേര് സമ്പാദിച്ചു. സ്വന്തം അധികാരം നിലനിർത്താനായി എന്തധർമ്മവും ചെയ്യാൻ മടിയില്ലായിരുന്നു. വിദ്വാന്മാരുടെ വചനം കേട്ട്, തന്റെ അധികാരം നഷ്ടപ്പെടുമോ എന്ന് ഭയന്ന്, ഉണ്ണി യേശുപിറന്ന ഘട്ടത്തിൽ രണ്ടുവയസ്സിനു താഴെയുള്ള എല്ലാ കുഞ്ഞുങ്ങളേം വധിക്കുവാൻ ഉത്തരവിട്ടത് ഇദ്ദേഹമാണ് (മത്തായി 2:16). ഒട്ടനവധി ഹീനകൃത്യങ്ങൾ നടത്തി ഒരു മനുഷ്യന് ഉണ്ടാകാവുന്നതിൽ വെച്ച് ഏറ്റവും നികൃഷ്ടമായ മരണം ഏറ്റുവാങ്ങിയതായി ചരിത്രകാരനായ ജോസിഫസ്സ് രേഖപ്പെടുത്തിയിരുന്നു. തുടർന്ന് ഭരണം ഏറ്റെടുത്തത് ഹെരോദാവിന്റെ പുത്രനായ അർക്കലയോസ്സ് ആയിരുന്നു. ക്രൂരതയിലും ദുഷ്ടതയിലും അച്ഛന്റെ പാരമ്പര്യം നിലനിർത്തിയിരുന്നു. ഇദ്ദേഹത്തിന്റെ ദുർഭരണത്തിൽ സഹികെട്ട ഇദുമേയ, ശമര്യ, യഹൂദ്യ എന്നീ സ്ഥലങ്ങളിലെ ജനങ്ങൾ ഇദ്ദേഹത്തിനെതിരെ റോമാസാമ്രാജാധിപനായിരുന്ന കൈസർക്ക് പരാതി നല്കുകയും ജനാഭിപ്രായം മാനിച്ച് കൈസർ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുകയും ആയിരുന്നു. പിന്നീട് ഈ സ്ഥാനത്തേയ്ക്ക് റോമിൽ നിന്ന് ഗവർണ്ണർമാരെ (പ്രൊക്കുറേറ്റർ) നിയമിക്കയും ചെയ്തു. അക്കാലത്തൊക്കെ ജോസഫും മറിയവും കുഞ്ഞായ യേശുവിനേം കൊണ്ട് ഗലീലയിലെ നസ്രത്തിൽ ചെന്ന് പാർക്കയായിരുന്നു. തുടർന്ന് ഭരണം കയ്യാളിയത് ഹെരോദാവിന്റെ തന്നെ മറ്റൊരു പുത്രനായിരുന്ന അന്തിപ്പാസ് ആയിരുന്നു. ദുർഭരണത്തിലും ക്രൂരതയിലും തന്റെ പൂർവ്വികരേക്കാൾ ഒട്ടും പിന്നിലായിരുന്നില്ല അന്തിപ്പാസ്സ്. സ്നാപക യോഹന്നാനെ വധിച്ചതും ഇദ്ദേഹത്തിന്റെ കാലത്തായിരുന്നു. അവൻ ഒരു കുറുക്കനെപ്പോലെ സൂത്രത്തിൽ സിംഹാസനം കരസ്ഥമാക്കി. ഒരു ക്രൂരനായ സിംഹത്തെപ്പോലെ ഭരണം നടത്തി. ഒരു നായയെപ്പോലെ അവൻ മരിച്ചു. ചരിത്രകാരന്മാർ പറയുന്നുണ്ട്. പിന്നീടു വന്ന ഭരണാധികാരിയായിരുന്നു ഫിലിപ്പ്. ഇക്കാലത്ത് അദ്ദേഹത്തിന്റെ സമകാലികരായിരുന്നു യേശുക്രിസ്തുവും സെനക്കയും.

ലൂഷിയസ്സ് അന്നേയസ് സെനക്ക എന്നായിരുന്നു അദ്ദേഹത്തിന്റെ യഥാർത്ഥ നാമധേയം. ക്രിസ്തു ജനിക്കുന്നതിന് നാലു വർഷങ്ങൾക്ക് മുമ്പ് സ്പെയിനിലെ കോർഡുബയിലായിരുന്നു ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവിന്റെ നാമധേയവും ലൂഷിയസ്സ് അന്നേയസ് സെനക്ക എന്നു തന്നെയായിരുന്നു. സാഹിത്യശാസ്ത്രാധ്യാപകനെന്ന നിലയിൽ അക്കാലത്ത് ഏറെ പ്രസിദ്ധനായിരുന്നു. ലൂഷിയസ്സ് കുട്ടിയായിരിക്കുമ്പോൾ തന്നെ പിതൃസഹോദരി അവനെ റോമിൽ കൊണ്ടുപോയി. അവിടെ പ്രഭാഷണകലയിലും തത്വശാസ്ത്രത്തിലും വിശേഷപഠനം നടത്തി. ക്രിസ്തുവിന്റെ പരസ്യശുശ്രൂഷ കാലഘട്ടത്തിൽ തന്നെ സെനക്കയും തന്റെ പൊതുജീവിതം ആരംഭിച്ചു. രാഷ്ട്രതന്ത്രം, നിയമസംഹിത എന്നിവയായിരുന്നു അദ്ദേഹത്തിന്റെ താല്പര്യവിഷയങ്ങൾ.

ക്രിസ്തുവിന് ഇരുപത്തിയാറു വയസ്സുള്ളപ്പോഴാണ് പീലാത്തോസ്സ് യഹൂദ്യ, ശമര്യ, ഇദുമിയ എന്നീ പ്രദേശങ്ങളുടെ അധിപതിയായി സ്ഥാനമേല്ക്കുന്നത്. പൊന്തിയോസ് പീലാത്തോസ് എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. റോമ ചക്രവർത്തി നേരിട്ട് നിയമിക്കുന്ന ഉദ്യോഗസ്ഥനെ പ്രൊക്കുറേറ്റർ-ദേശാധിപതി എന്നും സെനറ്റു മുഖേന നിയമിക്കുന്ന ഉദ്യോഗസ്ഥനെ ഗവർണ്ണർ എന്നുമായിരുന്നു വിളിച്ചിരുന്നത്. പീലാത്തോസ്സ് ഭീരുവും സ്വന്തം താല്പര്യം രക്ഷിക്കാനായി സത്യത്തെ നിരാകരിക്കുന്നവനുമായിരുന്നു. ക്രിസ്തു നിരപരാധിയാണെന്നറിഞ്ഞിട്ടും തന്റെ മനസാക്ഷിക്കു നിരക്കാത്ത ഒരു വിധി പ്രസ്താവം നടത്തിയത് യഹൂദനേതാക്കന്മാരുടെ ഹിതത്തിന് എതിരാകുമോ എന്ന് വിചാരിച്ചാണെന്ന് മനസ്സിലാക്കാം. യഹൂദന്മാർ തനിക്കെതിരെ തിരിഞ്ഞ് റോമചക്രവർത്തിക്ക് പരാതി അയയ്ക്കുമോ എന്നും അവ്വിധം തന്റെ സ്ഥാനം നഷ്ടപ്പെടുമോ എന്നും ഭയന്ന് നീതിനിർവ്വഹണത്തിൽ നിന്നും ഒഴിഞ്ഞുമാറി. ലൂക്കോസ് 12:48 പറയുന്നു അറിഞ്ഞുകൊണ്ട് തെറ്റു ചെയ്യുന്നവന് അധികം അടികിട്ടും. നന്മ ചെയ്വാനറിഞ്ഞിട്ടും ചെയ്യാത്തവന് അതു പാപം തന്നെ എന്ന് യാക്കോബ് 4:17 പറയുന്നു. താൻ ചെയ്യുന്നത് ശരിയല്ലെന്ന് പീലാത്തോസ്സിന് പൂർണ്ണബോധ്യമുണ്ടായിരുന്നെങ്കിലും ശരി ചെയ്യുന്നതിന് ധൈര്യമുണ്ടായിരുന്നില്ല.

അക്കാലത്ത് ജീവിച്ചിരുന്ന തത്വചിന്തകർ ഉജ്ജ്വലവും പ്രൗഢവുമായ റോമൻ, ലത്തീൻ, ഗ്രീക്ക് തുടങ്ങിയ ഭാഷകളിൽ ആശയസംവേദനം നടത്തിയപ്പോൾ യേശുക്രിസ്തുവാകട്ടെ തനി

ഗ്രാമ്യമായ അരമായ ഭാഷയിലായിരുന്നു ആശയ വിനിമയം ചെയ്തിരുന്നത്. ഇത് അക്കാലത്തെ പ്രൗഢ പണ്ഡിതന്മാർക്ക് ദഹിച്ചിരുന്നില്ല. എന്നാൽ സാധാരണക്കാരുടെ ഒരു വൻ പിന്തുണ ക്രിസ്തുവിനുണ്ടായിരുന്നു. ഇത് ഭരണവർഗ്ഗത്തെ അസ്വസ്ഥമാക്കി. അന്നത്തെ പ്രഗത്ഭരായ 'കൊട്ടാരം' പണ്ഡിതന്മാരേക്കാളേറെ തത്വചിന്ത യിലും ജനപിന്തുണയിലും ക്രിസ്തു വളരെ യധികം മുമ്പിലായിരുന്നു.

ക്രിസ്തുവിന്റെ കുരിശുമരണത്തിന് ശേഷം ഏതാണ്ട് ഏഴ് വർഷങ്ങൾക്കുശേഷമാണ് സെനക്ക രാഷ്ട്രതന്ത്രത്തിലും നിയമത്തിലും പ്രവർത്തിച്ചു തുടങ്ങിയത്. അന്നത്തെ ഭരണ കർത്താവായ കലിഗുല സെനക്കയെ വെറുത്തു. സെനക്ക അല്പായുസ്സാണെന്ന ഉപദേശകാഭി പ്രായം മാനിച്ച് കലിഗുല അദ്ദേഹത്തെ വധി ക്കാതെ വിട്ടു. എ.ഡി.41ൽ തന്നെ ക്ലോഡിയസ്സ് ചക്രവർത്തി തന്റെ മരുമകളുമായി അവിഹിതം ആരോപിച്ച് സെനക്കയെ കോർഡിക്കയിലേയ്ക്ക് നാടുകടത്തി. അവിടെയെത്തിയ അദ്ദേഹം പ്രകൃതി ശാസ്ത്രപഠനങ്ങളിലും തത്വശാസ്ത്ര പഠനത്തിലും മുഴുകി. മൂന്ന് രാജ്യങ്ങളിലായി നിരവധി വിഷയങ്ങളെ അവലംബിച്ചുള്ള ഗ്രന്ഥരചന നിർവ്വഹിച്ചു. അദ്ദേഹത്തിന്റെ ഖ്യാതി റോമിലെമ്പാടും വ്യാപിച്ചു. റോമാചക്രവർത്തി യുടെ പത്നി അഗ്രിപ്പിനയുടെ പ്രേരണയാൽ സെനക്കയെ റോമിലേയ്ക്ക് തിരിച്ചു വിളിച്ചു. എ.ഡി. അമ്പതിൽ പോമ്പേയപോളിന എന്ന ധനാഢ്യയെ വിവാഹം ചെയ്തു. ധാരാളം സുഹൃത്തുക്കളുമുണ്ടായി. തുടർന്ന് 'നീറോ' യുടെ അധ്യാപകനുമായി - പിന്നീടാണ് നീറോ ചക്രവർത്തിയാകുന്നത്.

ക്രിസ്തുവിന് മുമ്പ് രണ്ടാം ശതകത്തിൽ റോമിലും ഗ്രീസിലും ഒക്കെ പ്രചുരപ്രചാരം ലഭിച്ച സ്റ്റോയിക്ക് തത്വശാസ്ത്രം പുനർജീവിപ്പിച്ച് ജന സാമാന്യങ്ങളിൽ അവതരിപ്പിച്ചു. ഭരണകൂട ഭീകര തയും അരാജകത്വവും നിറഞ്ഞ അക്കാലത്തെ ജനങ്ങളുടെ ഏക സമാശ്വാസം ക്രിസ്തു ദർശന ങ്ങളായിരുന്നു. എന്നാൽ സെനക്ക അവതരിപ്പിച്ച സ്റ്റോയിക്ക് തത്വങ്ങൾ ജനങ്ങളിൽ വളരെ സ്വാധീനം സൃഷ്ടിച്ചു. പീഢിതർക്ക് സെനക്ക യുടെ ചിന്താധാരകളും പ്രവർത്തനങ്ങളും ആശ്വാസം അരുളി. ക്രിസ്തുവിന്റെ ആത്മീയ തേജസ്സോ ദൈവീകമായ ഇടപെടലുകളോ സെനക്കയുടെ തത്വചിന്തകൾക്കോ പ്രവർത്തന ങ്ങൾക്കോ ഉണ്ടായിരുന്നില്ല. സെനക്ക പണ്ഡി തോചിതമായ രീതിയിൽ നാടകങ്ങൾ രചിച്ചും അവതരിപ്പിച്ചും തത്വചിന്തകൾ പ്രചരിപ്പിച്ചു വെങ്കിലും ക്രിസ്തുവിന്റെ ആത്മീയ തേജസ്സിന് മുമ്പിൽ ഭൗതികത നിരാകരിക്കപ്പെട്ടു. ക്രിസ്തു വിനെപ്പോലെ ഭരണവർഗ്ഗത്തിന്റെ അധികാര പ്രമത്തതയിൽ സെനക്കയും ബലിയാടാക്കപ്പെട്ടു. ക്രിസ്തുവിന് കുരിശുമരണമായിരുന്നു ഭരണ വർഗ്ഗം വിധിച്ചതും നടപ്പിലാക്കിയതും. സെനക്കയ്ക്ക് ഭരണവർഗ്ഗം ആത്മഹത്യയാ യിരുന്നു വിധിച്ചത്. എ.ഡി.65ൽ ഭരണവർഗ്ഗ ത്തിനെതിരായുള്ള ഗൂഢാലോചന കേസ്സിൽ കുടുക്കി അദ്ദേഹത്തെ ആത്മഹത്യ ചെയ്യുവാൻ നിർബന്ധിച്ച് പ്രാവർത്തികമാക്കി.

ഏതാണ്ട് ഒരേ കാലഘട്ടത്തിൽ ജീവിച്ചിരുന്ന ഒരേ സാമ്രാജ്യത്തിന്റെ രണ്ടു ഭാഗങ്ങളിലായി ജീവിച്ചിരുന്ന രണ്ട് ധിഷണാശാലികളായിരുന്നു യേശുക്രിസ്തുവും സെനക്കയും. നിലനിന്നിരുന്ന സാമൂഹിക വ്യവസ്ഥയ്ക്കെതിരെ പ്രവർത്തി ക്കയും ജനങ്ങളെ ബോധവൽക്കരിക്കയും ചെയ്ത രണ്ട് തേജോബിംബങ്ങൾ! സെനക്കയില്ലാത്തതും ക്രിസ്തുവിലുള്ളതുമായ സവിശേഷത - ആത്മീയതയാണ് - ദൈവീകമായ സാന്നിദ്ധ്യം! അവിടെയാണ് ക്രിസ്തു ആരാധ്യനായി മാറുന്നത്.








# ദൈവത്തിന്റെ ചിറകിൻ കീഴിൽ

## പുതുവർഷത്തിൽ പ്രത്യാശയോടെ ലിബിൻ മാത്യു

തയ്യാറാക്കിയത് : **ജയ്സ് കോഴിമണ്ണിൽ**

**തി**രുവല്ല അതിരൂപതയിലെ വെച്ചൂച്ചിറ സെന്റ് കുര്യാക്കോസ് ഇടവകാംഗമായ ലിബിൻ മാത്യു, ജീവിതം തിരികെ നൽകിയ സർവ്വശക്തന് ആയിരമായിരം സ്തോത്രം പറയുന്നു. അതോടൊപ്പം ഇടവകയുടെയും, കുടുംബത്തിന്റെയും മദ്ധ്യസ്ഥനായി സ്വീകരിച്ചിരിക്കുന്ന വിശുദ്ധ കുര്യാക്കോസ് സഹദാ താങ്കളോട് കാണിച്ച സ്നേഹത്തിന്റെയും, വിശ്വാസത്തിന്റെയും ഫലമായും ഇക്കഴിഞ്ഞ നവംബർ 25ന് നടന്ന വാഹനാപകടത്തെ കാണുന്നു. നവംബർ 25ന് ശനിയാഴ്ച ആയിരുന്നു എരുമേലി നിവാസികളെ ആശങ്കയുടെ മുൾമുനയിൽ നിർത്തിയ വാഹനാപകടം നടന്നത്. എരുമേലി കൂടത്തിൽ മാത്യു-അനിത ദമ്പതികളുടെ മൂന്നാമത്തെ മകനായ ലിബിൻ, മാതാവിന് മരുന്ന് വാങ്ങാനായി ബൈക്കിൽ പോയതാണ്. രാവിലെ 8.30നാണ് സംഭവം. റ്റി.ബി. റോഡിൽ, സ്വകാര്യ ബസിനെ മറികടക്കുന്നതിനിടെ, ബൈക്ക് ബസിന്റെ നടുവിലേക്ക് തെന്നിനീങ്ങി. ലിബിന്റെ ശരീരത്തിലൂടെ ബസിന്റെ ടയർ കയറിയിറങ്ങി. സംഭവം കണ്ടുനിന്ന ഡ്യൂട്ടി പോലീസ് ആണ് ആദ്യം ഓടി എത്തിയത്. അദ്ദേഹം ലിബിനെ എഴുന്നേല്പിക്കാൻ നടത്തിയ ശ്രമം വിഫലമായി. ശബരിമല തീർത്ഥാടകരുടെ തിരക്ക് രൂക്ഷമായ സമയമാണ്. സിസിടിവി ദൃശ്യങ്ങൾ കണ്ട നാട്ടുകാരും, പോലീസും, മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരും നടുങ്ങി. യാത്രക്കാരടക്കം 13000 കിലോഗ്രാം ഭാരമുള്ള ബസിന്റെ പിൻഭാഗത്തെ ടയർ കയറിയിറങ്ങിയ യുവാവ് ജീവനോടെ ഉണ്ടാകുമോ?


പക്ഷേ അത്ഭുതം! ബസ് ശരീരത്തിലൂടെ കയറിയിറങ്ങിയ ലിബിൻ പെട്ടെന്ന് ചാടി എഴുന്നേറ്റു. ആളുകൾ ഓടി എത്തി. കോട്ടയം തെള്ളകം കാരിത്താസ് ആശുപത്രിയിലേക്ക് ലിബിനെ കൊണ്ടുപോയി. 6 ദിവസം ഐസിയുവിൽ 12 ദിവസം ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞ ലിബിൻ 6 മാസത്തോളം കിടക്കയിൽ കഴിയേണ്ടിവരും. ഡോക്ടർമാരുടെ വിദഗ്ദ്ധമായ പരിശോധനയിൽ വ്യക്തമായത് ലിബിന്റെ തുടയ്ക്ക് ചതവ് ഉണ്ട്, ഇടുപ്പെല്ലിൽ പൊട്ടലും. അസ്ഥികൾ പഴയ അവസ്ഥയിൽ കൂടിച്ചേർന്ന് വരാനുള്ള കാലാവധിയാണ് 6 മാസം.

സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ച മോട്ടോർ വാഹനവകുപ്പ് ഉദ്യോഗസ്ഥർ സംഭവം വിശദീകരിച്ചത് ഇങ്ങനെ : റ്റി.ബി. റോഡിൽ കുത്തനെ കയറ്റവും, വളവും ഉള്ള ഭാഗത്ത് എത്തിയപ്പോൾ, ഡ്രൈവർ ആക്സിലറേറ്റർ കൂട്ടി കൊടുത്ത് വീശി കയറി. അതോടെ വണ്ടിയുടെ ഭാരം മുഴുവൻ ഇടത് വശത്തെ ടയറിലേക്കായി. വലതുവശത്തെ ടയർ റോഡിൽ തൊട്ടുതൊട്ടില്ലാ എന്ന നിലയിൽ. അപ്പോഴാണ് ബസിന് അടിയിൽ പെടുന്നതും, ബസ് പുറത്തുകൂടി ഉരുണ്ടു കടന്നുപോകുന്നതും. അപ്പോഴും ലിബിന് സുബോധം നഷ്ടപ്പെട്ടിരുന്നില്ല. എല്ലാം ഒന്നോ രണ്ടോ സെക്കന്റിനിടയിൽ സംഭവിച്ചു.

എന്നാൽ ലിബിന്റെ മാതാപിതാക്കൾ ഈ സംഭവത്തെ കാണുന്നത് വിശ്വാസത്തിന്റെ കണ്ണുകളിലൂടെയാണ്. ദൈവം തന്റെ ചിറകിൻ കീഴിൽ കാത്തുസംരക്ഷിച്ചു. വിശുദ്ധ കുര്യാക്കോസ് സഹദയുടെ മദ്ധ്യസ്ഥതയിൽ നടന്ന അത്ഭുതമാണ് ഇത്. 20 വയസ്സുകാരനായ ലിബിൻ മല്ലപ്പള്ളി സെൻട്രൽ ഐ.റ്റി.ഐ. വിദ്യാർത്ഥിയാണ്. ലിബിന്റെ മൂത്ത സഹോദരങ്ങളായ ജോബിനും, ജിബിനും ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നു. കരിങ്കല്ലുമൂഴി ഇടവകയിലെ അംഗങ്ങളായിരുന്ന കൂടത്തിൽ മാത്യുവും, കുടുംബവും എരുമേലിയിലേക്ക് താമസം മാറിയതോടെയാണ് വെച്ചൂച്ചിറ ഇടവകയിൽ ചേരുന്നത്. ഇടവക വികാരി ഫാദർ ജോൺ കമുകുംപ്ലാക്കലും, ഇടവകാംഗങ്ങളും, സിസ്റ്റേഴ്സുമെല്ലാം ലിബിനെ കാണാൻ വീട്ടിൽ എത്തിയിരുന്നു. ലിബിനിലൂടെ ദൈവം കാണിച്ച കാരുണ്യത്തിന് നന്ദി അർപ്പിക്കുകയാണ് എല്ലാവരും. സഹനത്തിലൂടെ കടന്നുപോകുമ്പോൾ, പുതിയ വർഷത്തിൽ തികഞ്ഞ പ്രത്യാശയിലാണ്. ഇനിയുള്ള ജീവിതം ദൈവം നല്കിയ സമ്മാനമായി കാണണം. ലിബിന്റെ പ്രാർത്ഥന എന്നും ഇതാണ്; വിശുദ്ധ കുര്യാക്കോസേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

ചിത്രങ്ങൾ : നിഖിൽ ഏബ്രഹാം

# കുരിശുമലയിലെ ജീവിതം



1957, നവംബർ 3 ന് മാർ അത്തനാസിയോസ് പിതാവിനാൽ സ്ഥാപിതമായ കുരിശുമല ആശ്രമത്തിന്റെ അടിസ്ഥാനം ബീഡ്ഗ്രിഫിത്സും ഫ്രാൻസിസ് ആചാര്യയും ചേർന്നു സ്വീകരിച്ച സിസ്റ്റേർസിയൻ സന്ന്യാസസംവിധാനമാണ്. ബീഡ് ഗ്രിഫിത്സ് അവസാനകാലം തമിഴ്നാട്ടിലെ ശാന്തിവനത്തിലാണ്. മലങ്കര ആരാധനക്രമത്തിലാണ് കുരിശുമലയിലെ പ്രാർത്ഥനകൾ. 2002 ജനുവരി 31നാണ് ഫ്രാൻസിസ് ആചാര്യ നിര്യാതനായത്. SEERI യുടെ പ്രവർത്തനങ്ങൾക്ക് വലിയ പ്രചോദനമായിരുന്നു ആചാര്യ.


















ASHRAM







# ഉമ്മാടെ ദുഃഖം

## ഒരു മനഃശാസ്ത്ര വിശകലനം





**അജീഷ് ജി. ദത്തൻ**

മലയാള ഭാഷയിൽ കൃതികൾ എഴുതിയ മിഷണറിമാരിൽ പ്രമുഖനാണ് അർണോസ് പാതിരി. മറ്റു മിഷണറിമാർ നിഘണ്ടുനിർമ്മാണം, വ്യാകരണം എന്നീ മേഖലകളിൽ വ്യാപരിച്ചപ്പോൾ തന്റെ കാവ്യപ്രതിഭകൊണ്ട് മികച്ച കാവ്യങ്ങളാണ് അദ്ദേഹം മലയാളത്തിനു സമ്മാനിച്ചത്. ജർമ്മൻ വംശജനായിരുന്ന അദ്ദേഹത്തിന്റെ യഥാർത്ഥ നാമം ജോൺ ഏർണസ്റ്റസ് ഹാങ്സൽഡൺ എന്നായിരുന്നു. കേരളത്തിൽ വന്ന് സംസ്കൃത വ്യാകരണവും ഇതര കൃതികളും അദ്ദേഹം അഭ്യസിച്ചു. കേരള ക്രൈസ്തവരുടെയിടയിൽ വേദസംബന്ധിയായ കാവ്യകൃതികൾ പ്രദാനം ചെയ്യാനാണ് കൂടുതലും ശ്രദ്ധിച്ചത് പാതിരിയുടെ ആദ്യകൃതി 'ചതുരന്ത്യ'മാണ്. ഇതിൽ ഗാഥ, കാകളി, കളകാഞ്ചി എന്നീ വൃത്തങ്ങളിലുള്ള നാലുപർവ്വങ്ങളാണുള്ളത്. ഇതിലെ ഭാഷ കഠിനവും സംസ്കൃതബഹുലവുമാണ്. മറ്റൊന്ന് കൂതാശപ്പാന അഥവാ പുത്തൻപാനയാണ്. ഇതിലെ ഭാഷ മിക്കവാറും സുഗമമായ ഒന്നാണ്. ഇവ കൂടാതെ ഉമ്മാപർവം, വ്യാകുലപ്രബന്ധം, ജനോവാപർവം എന്നീ കാവ്യങ്ങളും അദ്ദേഹത്തിന്റേതായുണ്ട്. പാതിരിയുടെ കൃതികളിൽ ഏറ്റവും ജനകീയമായത് പുത്തൻപാന എന്ന കൂതാശപ്പാനയാണ്. പൂന്താനത്തിന്റെയും എഴുത്തച്ഛന്റെയും കൃതികൾ വായിച്ച് കാവ്യരചനയിലേക്ക് കടന്ന പാതിരി പാന രൂപം തിരഞ്ഞെടുക്കുകയായിരുന്നു. 1844 ൽ കോട്ടയം സി.എം.എസ്സ്. പ്രസ്സിലാണ് പാന ആദ്യം അച്ചടിച്ചതായി കാണുന്നത്. പുത്തൻപാന മിശിഹാ ചരിതം, രക്ഷാകരവേദകീർത്തനം എന്നിങ്ങനെയുള്ള പേരുകളിലും ഇന്ന് ഇക്കാവ്യം അറിയപ്പെടുന്നു. ഇതിലെ പന്ത്രണ്ടാം പാദമാണ് 'ഉമ്മാടെ ദുഃഖം' എന്ന പേരിൽ സ്വതന്ത്രകൃതിയായി പിന്നീട് അവതരിപ്പിക്കപ്പെട്ടത്. മലയാളത്തിലെ ആദ്യ വിലാപകാവ്യങ്ങൾ എന്ന നിലയിൽ 'ഉമ്മാടെ ദുഃഖവും', 'വ്യാകുലപ്രബന്ധവും' അവതരിപ്പിക്കപ്പെട്ടപ്പോൾ നിരവധി എതിർപ്പുകളും നേരിടേണ്ടി വന്നിട്ടുണ്ട്. നതോന്നതാ വൃത്തത്തിലാണ് 88 ഈരടികൾ മാത്രമുള്ള ഈ കാവ്യം രചിക്കപ്പെട്ടിരിക്കുന്നത്. കുരിശുമരണം വരിച്ച യേശുവിന്റെ മൃതദേഹം മടിയിൽ കിടത്തി വിലപിക്കുന്ന കന്യാമറിയത്തെയാണിതിൽ കവി അവതരിപ്പിക്കുന്നത്. ആ അമ്മയുടെ ദുഃഖത്തിന്റെ അലകൾ വായനക്കാരിലേക്കും ഒരു പ്രവാഹമായി അലയടിച്ചു കയറുന്നു.

ഇരുപതാം നൂറ്റാണ്ടിലെ പ്രമുഖ മനശാസ്ത്ര ചിന്തകനായ സി.ജി. യുങ്ങിന്റെ നിരൂപണപദ്ധതിയായ 'അനലെറ്റിക്കൽ സൈക്കോളജി' (Analytical Pshycology) യുടെ സാങ്കേതിക സംജ്ഞകൾ ഉപയുക്തമാക്കികൊണ്ട് പാതിരിയുടെ പുത്തൻപാനയേയും രചനാമണ്ഡലത്തേയും പുനർ വായിക്കാനുള്ള ശ്രമമാണ് തുടർന്നു നടത്തുന്നത്.

അർണോസ് പാതിരി രചിച്ച പുത്തൻപാന എന്ന കൃതിയിലെ പന്ത്രണ്ടാം പാദം 'ഉമ്മാടെ ദുഃഖം' അഥവാ 'ദേവ മാതാവിന്റെ വ്യാകുല പ്രലാപം' എന്ന പേരിൽ ഒരു സ്വതന്ത്ര കൃതിയെന്ന നിലയിൽ ഇന്ന് അംഗീകാരം നേടിക്കഴിഞ്ഞു. ഉമ്മാടെ ദുഃഖത്തിൽ കവി വിലപിക്കുന്നത്

യേശുവിന്റെ മരണത്തെച്ചൊല്ലിയാണ്. യേശുവിന്റെ മരണം ദൈവമാതാവിൽ മാത്രമല്ല വൈയക്തികമായ നഷ്ടം ഉളവാക്കുന്നത്. യേശുവിന്റെ അമ്മയെ സ്വന്തം അമ്മയായി കരുതുന്ന അർണോസ് പാതിരി തന്റെ ആഘാതത്തിന്റെ ആഴമാണ് 'ഉമ്മാടെ ദുഃഖ'ത്തിൽ അനുഭവിപ്പിക്കുന്നത്. പാതിരിയുടെ ഈ കാവ്യത്തെയും അദ്ദേഹത്തിന്റെ കലാജീവിതത്തെയും സി.ജി. യുങിന്റെ മനശാസ്ത്ര അപഗ്രഥന രീതി വഴി വിശകലനം നടത്താമെന്ന് തോന്നുന്നു. യുങാണ് സമഷ്ടി മനസ്സ് എന്ന സത്തയെപ്പറ്റി പാശ്ചാത്യലോകത്ത് പഠനം നടത്തിയതിൽ പ്രധാനി. മതാവബോധം, കലാസർജനം, മിത്തോളജി മുതലായവയ്ക്കു വ്യക്തി മനശാസ്ത്രേതരമായ വ്യാഖ്യാനങ്ങൾ അദ്ദേഹം നൽകി. സമഷ്ടിയുടെ അബോധ ചേതസ്സിനെ യുങ് ''Collective Unconscious'' എന്നു വിളിക്കുന്നു. അനാദിയായ സമഷ്ടി ചേതസ്സിൽ വർത്തിക്കുന്ന സകാരവും നിരാകാരവുമായ സത്തകളെയാണ് 'ആദിപേരൂപങ്ങൾ' എന്നു വിളിക്കുന്നത്. മറിയം ഭക്തിയിൽ ഏറെ മുന്നിൽ നിൽക്കുന്ന രാജ്യമായ ജർമ്മനിയിൽ ജനിച്ചയാളാണ് പാതിരി. അവിടുത്തെ ദേവാലയങ്ങളിലെല്ലാം യേശുവിന്റെ മൃതദേഹം മടിയിൽ കിടത്തി വിലപിക്കുന്ന മറിയത്തിന്റെ പെയിന്റിംഗുകൾ കാണാൻ സാധിക്കും. ഈ പാരമ്പര്യമാണ് മൈക്കലാഞ്ചലോയുടെ വിശ്വപ്രസിദ്ധമായ 'പിയേത്താ' ശില്പത്തിന് ആധാരം. പാതിരിക്ക് വിലപിക്കുന്ന മറിയത്തിനെ സൃഷ്ടിക്കാൻ സാധിച്ചതും ഈ പാരമ്പര്യത്തിന്റെ തുടർച്ചയാണ്. സമൂഹബോധത്തിൽ നിന്ന് വ്യക്തിയുടെ അബോധമനസ്സിലേക്കു സ്വയമേവ കടന്നുവരുന്ന മൗലിക സിദ്ധിയെ യുങ് 'Autonomous Creative Complex' എന്നു വിളിക്കുന്നു. ഇതിന്റെ സർഗ്ഗപ്രഭാവത്താലാണ് വ്യക്തി കലാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത്. മാനുഷാകാര പ്രരൂപങ്ങളായി യേശുവും അമ്മയും സമൂഹബോധത്തിൽ നിറഞ്ഞു നിൽക്കുന്നത് പാതിരിയുടെ അബോധമനസ്സിനെയും ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. ക്രൈസ്തവരുടെ ഇടയിൽ ഇതിനു മുമ്പ് മറ്റ് പാനപാട്ടുകൾ ഉള്ളതായി കാണുന്നില്ല. അന്നത്തെ സാഹിത്യ കൃതികളിൽ നിന്നും സ്വാധീനം ഉൾക്കൊണ്ട് എഴുതിയ പാതിരിയ്ക്ക് ക്രൈസ്തവ സഹോദരങ്ങളുടെ ആത്മീയ ജീവിതത്തെ സമ്പന്നമാക്കുവാൻ ഇതിലും മികച്ച ബിംബങ്ങൾ വേറെ ഇല്ല. പഴയ പാനകളെ മറികടന്നുകൊണ്ട് പുത്തൻ പാന എന്ന പേരിൽ ക്രൈസ്തവ ലോകത്ത് നവദർശനങ്ങൾ സ്ഥാപിച്ച യേശുചരിതം പറയുകയും അതുവഴി സാംസ്കാരികമായ ഒരുത്പന്നമാക്കി കൂതാശപാനയെ അവതരിപ്പിക്കുവാനും അദ്ദേഹത്തിന് സാധിച്ചു.

'ഉമ്മാടെ ദുഃഖം' ആരംഭിക്കുന്നതു തന്നെ കന്യകാരത്നമായ അമ്മയെക്കുറിച്ച് പറഞ്ഞുകൊണ്ടാണ്. യുങിന്റെ ആദിപ്രരൂപ വർഗീകരണത്തിലെ 'ദിവ്യശിശു' എന്ന പ്രതീകത്തെക്കുറിച്ചുള്ള സൂചനകൾ ഇവിടെ തന്നെ ലഭ്യമാണ്. പരിശുദ്ധാത്മാവിൽ നിന്നുമാണ് കന്യകയായ മറിയം യേശുവിനെ ഗർഭം ധരിക്കുന്നത്. പ്രസവിച്ചതിനുശേഷവും മറിയം കന്യകയായി തന്നെ തുടരുന്നു. ഭർത്താവ് യൗസേപ്പുമായി ഒരിക്കലും ദാമ്പത്യബന്ധത്തിൽ ഏർപ്പെടുകയോ പ്രസവിക്കുകയോ ചെയ്യുന്നില്ല പിന്നീടൊരിക്കലും. അതിനാൽ പാതിരി തുടക്കത്തിൽ ഉപയോഗിക്കുന്ന 'അമ്മ കന്യാമണി' എന്ന പ്രയോഗത്തിന് സവിശേഷമായ പ്രാധാന്യം ഉണ്ട്. യേശു ആദ്യം ശിശുരൂപത്തിലുള്ള ദൈവമായി പ്രത്യക്ഷപ്പെടുന്നു. പിറവിയിലെ അത്ഭുതവും ശൈശവത്തിലെ ആപത്തുകളും (മാലാഖമാർ വരുന്നു, നക്ഷത്രം ഉദിക്കുന്നു, അത് ആരാധകർക്ക് വഴികാട്ടുന്നു) ഉണ്ണിയേശു ചരിതത്തിൽ ഉള്ളത് സുപരിചിതമാണ്. കൂടാതെ പിറവിയുമായി ബന്ധപ്പെട്ട പ്രതികൂലസാഹചര്യങ്ങൾ ദുരന്തനായകരെ പിന്തുടരുന്ന അനിവാര്യമായ വിധി എന്നിവയൊക്കെ യേശുവിലും സമ്മേളിക്കുന്നുണ്ട്. അർണോസ് പാതിരി ഇവിടെ ദുരന്തനായകനായി മാറുന്ന യേശുവിനെയും ബലിയിലൂടെ ലോകനന്മ ചെയ്ത യേശുവിനെയും അവതരിപ്പിക്കുന്നു. ഏക മകന്റെ ദുഃഖത്തിൽ മനംനൊന്ത് വിലപിക്കുന്ന മാതാവ്, രക്ഷപ്രരൂപമായ യേശു എന്നിവയ്ക്കാണ് കാവ്യത്തിൽ ഊന്നൽ. 'കന്യാപുത്രൻ' എന്ന വിശേഷണം യേശുവിന്റെ വീരനായക പരിവേഷമാണ് സൂചിപ്പിക്കുന്നത്. 'ജന്മദോഷത്തിന്റെ ഭാരം വഹിച്ചോ പുത്രാ'!, 'ആദമാദി നരവർഗം ഭീതി കൂടാതെ പിഴച്ച ഹേതുവിന് ഉത്തരം നീ ചെയ്തിതോ പുത്രാ' എന്നീ വരികളിൽ 'രക്ഷകപിതാവ്' എന്ന പ്രരൂപമാണ് കാണുന്നത്. ആദിമാതാപിതാക്കളായ ആദവും ഹവ്വയും പാപം ചെയ്തതുമൂലം എല്ലാമനുഷ്യരും പാപത്തോടുകൂടി ജനിക്കുന്നു എന്നാണ് ക്രൈസ്തവ വിശ്വാസം. ഇതുമൂലം എല്ലാവർക്കും സ്വർഗം നഷ്ടമായി. ഇതിന് പരിഹാരമായിട്ടാണ് യേശു അവതരിച്ച് കുരിശിൽ മരിച്ച് മനുഷ്യർക്ക് സ്വർഗം നേടിക്കൊടുത്തത്. 'ഗാത്രദത്തം മാനുഷർക്ക് കൊടുത്തോ പുത്രാ'! എന്നീ വരികളിലൊക്കെ യേശുവിന്റെ രക്ഷകപ്രരൂപം സൂചിതമാകുന്നുണ്ട്. അമ്മയിൽ നിന്നും ലഭിച്ച ശരീരം യേശു മനുഷ്യർക്ക് നല്കി എന്നാണ് ഇവിടെ വിവക്ഷിതം. തുടർന്ന് പാതിരി യേശുവിന്റെ ജീവിതഘട്ടത്തിലെ യാതനകളെ വിവരിക്കുന്നു. യേശുവിനെ ശിഷ്യനായ യൂദാസ് ഒറ്റിക്കൊടുത്തത്, യേശുവിന്റെ വധം ആസൂത്രണം ചെയ്ത ഹന്നാന്റെ വീട്ടുമുറ്റത്ത് വച്ച് സേവകരിൽ ഒരാൾ യേശുവിന്റെ കരണത്തടിക്കുന്നത്, വിചാരണം ചെയ്ത് വധശിക്ഷയ്ക്ക് വിധേയനാണെന്ന് വിധിക്കുന്നത്, ഹേറോദേ

സിന്റെ രാജധാനിയിൽ വച്ച് മുൾക്കിരീടവും ചുവന്ന കുപ്പായവും ധരിപ്പിച്ച് പരിഹസിക്കുന്നത്, കാൽവരിയിലേക്ക് കുരിശ് ചുമന്നുകൊണ്ടുള്ള യേശുവിന്റെ പീഢാസഹനം ഇതൊക്കെ വീരനായകന്റെ ദുരന്തപരിണാമത്തിന് ഹേതുവാകുന്നതായി മറിയം വിലപിക്കുന്നു.

യേശുവിന്റെ വീരനായക പരിവേഷവും അതിനോടു ചേർന്നു കിടക്കുന്ന ബലിപ്രരൂപവും വിശദീകരിക്കുന്നതിനായി യുങിന്റെ യൂറോബോറസ് (ഉദരമണ്ഡലി) എന്ന സങ്കല്പത്തെ ഉപയോഗിക്കാവുന്നതാണ്. ആകാശവും ഭൂമിയും ഒരു ഗോളത്തിന്റെ രണ്ട് അർദ്ധങ്ങൾ പോലെ കൂടി കിടന്നു എന്ന സങ്കല്പം ചൈന, ഈജിപ്റ്റ്, ന്യൂസിലാന്റ്, ഗ്രീസ്, ആഫ്രിക്ക, ഇന്ത്യ മുതലായ രാജ്യങ്ങളുടെ പ്രാക്തന സംസ്കാരങ്ങളിൽ കാണാൻ സാധിക്കും. അണ്ഡം പോലെ സ്വന്തം വാല് വായിലാക്കുന്ന സർപ്പത്തിന്റെ ചിഹ്നവും ഉദരസ്ഥ ഭ്രൂണത്തിന്റേതുപോലെയുള്ള ചിഹ്നവും ആദിമഘട്ടത്തിന്റെ ഓർമ്മ കുറിപ്പായി ചിത്രങ്ങളിലും ശില്പങ്ങളിലും പതിഞ്ഞു കിടപ്പുണ്ട്. ഉദരത്തെ പ്രതിനിദാനം ചെയ്യുന്ന വർത്തുളാകാരം ഉത്പത്തി സൂചകമാണ്. അബോധചേതസ്സിൽ കുടികൊള്ളുന്ന മണ്ഡലപ്രതീകങ്ങളെപ്പറ്റി യുങ് വിശദമായി പഠനം നടത്തിയിട്ടുണ്ട്. ഇവയൊക്കെ മാതൃ പ്രതീകമായി സ്വപ്നങ്ങളിലും കലാരൂപങ്ങളിലും പ്രത്യക്ഷപ്പെടും. എല്ലാ ദിവ്യശിശു കഥകളിലെയും പോലെ വ്യക്തിസ്വത്വമല്ലാത്ത അവസ്ഥയിൽ യേശുവും പ്രതിനായകരിൽ നിന്ന് രക്ഷപ്പെടുന്നത് മാതാവിലൂടെയാണ്. ഹേരോദ് കുഞ്ഞിനെ ഇല്ലാതാക്കുന്നതിൽ നിന്നും രക്ഷപ്പെടാൻ മറിയം ഉണ്ണിയേശുവിനെയും കൊണ്ട് നാടുവിട്ട് പോകുന്നത് ഉദാഹരണം. വേതാള (വ്യാളി) ദമനമാണ് യൂറോബോറസ് ഘട്ടത്തിൽ നിന്നുള്ള പുറത്തുകടക്കലിനെ സൂചിപ്പിക്കുന്നത്. അധികാരിയുടെ ആധിപത്യവ്യവസ്ഥയെ ചോദ്യം ചെയ്യലാണ് വേതാളധമനമായി മാറുന്നത്. യേശുവിന്റെ കുരിശുമരണവും ഉയിർത്തെഴുന്നേല്പും ഇരുട്ടിനെ മറികടക്കുന്ന സൂര്യന്റെ നവോദയമാണ്.

''സൂര്യനും പോയ്മറഞ്ഞയ്യോ ഇരുട്ടായ് ഉച്ചനേരം

വീര്യവാനേ നീ മരിച്ച ഭീതിയോ പുത്രാ

ഭൂമിയിൽ നിന്ന് ഏറിയൊരു ശവങ്ങളും പുറത്തിട്ടു

ഭൂമിനാഥാ ദുഃഖമോടെ ദുഃഖമേ പുത്രാ''

തുടങ്ങിയ വരികളിലൂടെ പാതിരി വീരനായകന്റെ മരണവേളയിൽ പ്രകൃതിയിൽ ഉണ്ടാകുന്ന പ്രതികരണങ്ങൾ സൂചിപ്പിക്കുന്നു. പിതൃവ്യവസ്ഥയെ നിക്ഷേപത്തിലൂടെ ധമനം ചെയ്തുകൊണ്ട് മറികടക്കുകയും അവരുടെ നാശത്തിന് കാരണമായി തീരുകയും ചെയ്യുന്ന വീരനായകന്റെ മരണത്തിലേക്കുള്ള വരികളാണ് ഇവ.

''നാരി കൈയ്യാൽ ഫലം തിന്നും നരന്മാർക്കു വന്ന ദോഷം

നാരിയാം മേ ഫലമായ് നീ ഒഴിച്ചോ പുത്രാ

ആദി ദോഷം കൊണ്ട് അടച്ച സ്വർഗവാതിൽ തുറന്നു നീ

ആദി നാഥാ മോക്ഷ വഴി തെളിച്ചോ പുത്രാ''

തുടങ്ങിയ വരികൾ ക്രിസ്തുവിന്റെ മഹത്തായ ബലിയെ സൂചിപ്പിക്കുന്നു. ഒരു ഒറ്റ മഹത്വപൂർണമായ ബലിയിലൂടെ മനുഷ്യവർഗം ചെയ്ത പാപങ്ങൾക്കും ഇനി ചെയ്യാനിരിക്കുന്ന പാപങ്ങൾക്കും യേശു പ്രായശ്ചിത്തം അനുഷ്ഠിച്ചു. ആ ബലി കർമ്മത്തിൽ ബലി ദാതാവും ബലി വസ്തുവും ഏകീഭവിക്കുന്നു. മനുഷ്യന്റെ മഹത്വസങ്കല്പത്തെ ഏറ്റവും അധികം സ്വാധീനിച്ച ഒന്നാണ് ബലിപ്രരൂപം. ഈ ബലിപ്രരൂപത്തിലൂടെയാണ് വീരനായകർ ഉന്നതിയിലേക്ക് ഉയരുന്നത്. പാപബോധം ആത്മബലിയിലേക്ക് നയിക്കുകയും തെറ്റിനുള്ള ശിക്ഷയിൽ നിന്ന് ഒഴിവാകുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ ഈ ബലിപ്രരൂപം മനുഷ്യമനസ്സിൽ ആഴത്തിൽ വേരോടിയിട്ടുണ്ട്. തിരുവത്താഴ കൂദാശകൾ ഈ മഹത്തായ ബലിയെ വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുന്ന അനുഷ്ഠാനങ്ങളായി തുടരുന്നത് അതുകൊണ്ടാണ്. ബലിയെ അബോധ പ്രവണതകളോട് ബന്ധിപ്പിച്ചത് മനശാസ്ത്രജ്ഞരാണ്. ഫ്രോയിഡ് ഈഡിപ്പസ് കോപ്ലക്സിനോടാണ് ബലിയെ ബന്ധിപ്പിക്കുന്നത്. മാതാവിനോട് രതി, അതിന് പ്രതിബന്ധമായ പിതാവിനോട് വിരതി, പിതൃമൃത്യുവാണ് പാപബോധം ഇതാണ് ഫ്രോയിഡിന്റെ വാദം. എന്നാൽ യുങ് ഉഭയലിംഗാത്മകമായ മാതാവിന്റെയും പിതാവിന്റെ സത്തകൾ കൂടിച്ചേർന്നു കിടക്കുന്ന യൂറോബോറസ് ഘട്ടത്തിനോടുള്ള ഭയഭക്തികൾ അതിൽ നിന്ന് കുതറി മാറി സ്വത്വം സ്ഥാപിക്കാൻ ബോധമനസ്സ് നിർവഹിക്കുന്ന പോരാട്ടം ഇവയൊക്കെയാണ് ആത്മാർപ്പണനിഷ്ഠമായ ബലിയായും അനുഷ്ഠാന ബലിയായും പരിണമിക്കുന്നത് എന്ന് വിശദീകരിക്കുന്നു.

''നിന്മകങ്കലണച്ചെന്നെ നിർമലമോക്ഷം നിറച്ചു

അമ്മ നീ മല്പിതാവീശോ ഭവിക്ക തസ്മാൽ''

ഈ വരികളിലൂടെ മറിയം തനിക്ക് അമ്മയും യേശു പിതാവുമാണെന്ന സങ്കല്പത്തിൽ പാതിരി കാവ്യം അവസാനിപ്പിക്കുമ്പോൾ സമഷ്ടിബോധത്തിൽ ആഴത്തിൽ വേരൂന്നി കിടക്കുന്ന മാനുഷകാര പ്രരൂപങ്ങളായി ഒരിക്കലും നശിക്കാത്ത ബിംബങ്ങളായി യേശുവും മറിയവും മാറുകയാണ് ചെയ്യുന്നത്. ഈ ബിംബങ്ങൾ പാതിരിയുടെ അബോധമനസ്സിലേക്ക് സൃഷ്ടിപ്രക്രിയയുടെ ഭാഗമായി കടന്നുവരുമ്പോഴാണ് ഉമ്മാടെ ദുഃഖം അദ്ദേഹത്തിന്റെ കൂടി ദുഃഖമായി മാറുന്നത്. ●

# കുടുംബം ആദ്യവിദ്യാലയം

**ദൈ**വികതയും മാനുഷികതയും സമന്വയിക്കപ്പെടേണ്ട ഇടങ്ങൾ നമ്മുടെ കുടുംബങ്ങളിലാണ്. നമ്മുടെ വാക്കുകൾ സത്പ്രവർത്തികൾ ഇവ മറ്റുള്ളവരെ ചലിപ്പിക്കാൻ കഴിയുന്നതാകണം. കുടുംബങ്ങളുടെ വിശുദ്ധിയും സൗന്ദര്യവും ചോർന്നുപോകാൻ ഇടയാകാതിരിക്കട്ടെ. എല്ലാ കുടുംബങ്ങളും ലോകത്തിനും വ്യക്തികൾക്കും മാതൃകയും പ്രചോദനവും ഏകുന്ന പ്രഥമ വിദ്യാലയങ്ങളാകണം. ഗൃഹാന്തരീക്ഷം ഇമ്പമില്ലാതായിത്തീരുമ്പോൾ തകരുന്നത് ഒരു തലമുറയുടെ തലവരയാണ്. ഒരു വ്യക്തിയല്ല, ഒരു ഭവനമല്ല ഒരു തലമുറയാണ്. കുടുംബമെന്നത് പലതും പഠിക്കാനും അഭ്യസിക്കാനുമുള്ള പഠനക്കളരിയാണെന്നോർമ്മിക്കണം. കുടുംബമെന്നത് തിരിച്ചറിവിന്റെ പറുദീസയാണ്. ദൈവീക ഇടപെടലുകളുടെ വലിയൊരു ഭൂമികയാണ്; വിശ്വാസത്തിൽ ആഴപ്പെടാൻ നമുക്ക് ഉൾവെളിച്ചം നൽകുന്ന പഠനക്കളരിയാണ് കുടുംബങ്ങൾ. കാലഘട്ടത്തിന്റെ മാറ്റങ്ങളെ ഉൾക്കൊള്ളാൻ ആവശ്യമായ പരിശീലനം ലഭിക്കേണ്ട വേദിയും കുടുംബങ്ങളാണ്. ദൈവത്തിന്റെ വാക്കുകളിൽ വിശ്വാസമർപ്പിക്കുന്ന കുടുംബങ്ങളായി നമുക്കിനിയും കുടുംബങ്ങളെ രൂപപ്പെടുത്താം. നമ്മുടെ കുടുംബാന്തരീക്ഷങ്ങൾ പ്രാർത്ഥനയുടെ വിളനിലങ്ങളായി മാറത്തക്ക വിധം നമുക്ക് അഹോരാത്രം പരിശ്രമിക്കാം. ക്രിസ്തുവിന്റെ സുവിശേഷം നമ്മുടെ കുടുംബത്തിലും അതിന് ചുറ്റിലും പ്രഘോഷിക്കപ്പെടണം. വിശ്വാസരാഹിത്യത്തിൽ നിന്നും വിശ്വാസത്തിലേക്ക് നമ്മുടെ കുടുംബങ്ങൾ ഇനിയും വളരേണ്ടതുണ്ട്.



ക്രിസ്തീയ കുടുംബങ്ങൾ യഥാർത്ഥത്തിൽ ക്രിസ്തീയ അനുഭവത്തിലേക്ക് കടന്ന് വരാൻ ഉണർന്നിരുന്ന് പ്രാർത്ഥിക്കണം. ഭൗതികനേട്ടങ്ങൾക്ക് പിന്നാലെ പായുന്ന ഉപഭോഗസംസ്കാരത്തിന്റെ പരിണിതഫലങ്ങൾ ഇന്ന് പ്രകടമാണ്. ഇതും ഇന്നത്തെ കാലഘട്ടത്തിൽ ഒരു വിചിന്തന വിഷയമാകുന്നു.

നഷ്ടപ്പെട്ട കുടുംബബന്ധങ്ങളെ വീണ്ടും ഉറപ്പിക്കുന്നതിന് നമുക്ക് ആകണം. കരുണയുടെ കരങ്ങൾ കൊണ്ട് നമുക്ക് നമ്മുടെ കുടും ബങ്ങളെ കരുത്തുള്ളതാക്കിത്തീർക്കാം. നല്ല മൂല്യങ്ങൾ പിറന്നതും പുലർന്നതും പുഷ്പിക്കപ്പെട്ടതും നല്ല കുടുംബങ്ങളിലാണ്. ദൈവീക ബോധം ഉണർത്തുന്ന നല്ല കുടുംബങ്ങൾ നമുക്കിനിയും ആവശ്യമാണ്. പല അവസരങ്ങളിലും ഭവനസന്ദർശനങ്ങളിൽ കണ്ടിട്ടുള്ള ഒരു ചുവരെഴുത്തുകൂടി ഇവിടെ പരാമർശിക്കുന്നത് നന്നായിരിക്കും എന്ന് കരുതുന്നു. 'ക്രിസ്തു ഈ വീടിന്റെ നായകൻ' എന്തുകൊണ്ട് ഈ നായകനെ നാമിനിയും വീടിനകത്തേക്ക് വിളിച്ചുകയറ്റാൻ നമ്മുടെ കാരണങ്ങൾകൊണ്ട് പടിക്കുപുറത്ത് നിർത്തുന്നു. കുടുംബം നൽകുന്ന ദൈവാനുഭവത്തിലേക്ക് തിരികെപ്പോകാം.

●



**ഫാ. ലിബിൻ വർഗ്ഗീസ് ഒ.ഐ.സി.**



# ഐക്യത്തിന്റെ സാക്ഷികളും വിശുദ്ധരുടെ സഹപൗരരും



ഡോ. ജോൺ റ്റി ഏബ്രഹാം തേവരേത്ത്

**സാക്ഷിപ്തം**

ഇങ്ങനെ പ്രശോഭിക്കുന്നതെല്ലാം പ്രകാശമാണ് (എഫേ. 5:13). ദൈവീക പ്രകാശത്തിന്റെ മക്കളായി പ്രശോഭിക്കുന്ന മലങ്കര കത്തോലിക്കാ സഭയുടെ സവിശേഷമായ ദൈവവിളിയാണ് ''ഐക്യത്തിന്റെ സാക്ഷികളും വിശുദ്ധരുടെ സഹപൗരരും''. ആയിരിക്കുക എന്നത് അതിനായി മാത്രം വിളിച്ച് വേർതിരിക്കപ്പെട്ട ഇതേപോലെ ഭാഗ്യപ്പെട്ട മറ്റൊരു ജനത ലോകത്തിൽ ഇല്ല എന്നത് ചരിത്ര സാക്ഷ്യം. ''ആത്മാവിനെ നഷ്ടപ്പെടുത്തി ലോകം നേടരുത്'' എന്ന ബോബ് മാർലിയുടെ വാക്കുകൾ ചിന്തനീയമാണ്. ഐക്യത്തിന്റെ സാക്ഷിത്വവും വിശുദ്ധരുടെ സഹപൗരത്വവും നമ്മുടെ ആത്മാവിനെ നേടിയെടുക്കുന്നതിനോട് ഏറ്റവും ചേർന്നു നില്ക്കുന്ന കാര്യങ്ങളാണ്. പുനരൈക്യവാർഷിക ആഘോഷത്തിന്റെ ആപ്തവിഷയമായി ധ്യാനിക്കുന്ന ഈ ദൈവവിളിയുടെ വിശാലമായ അർത്ഥതലങ്ങളിലേക്ക് പരിമിതവാക്കുകളിലൂടെ എത്തിനോക്കുവാൻ ഉദ്യമിക്കുകയാണ് ഈ ഉപന്യാസം.

**ആമുഖം**

ഇനിമേൽ നിങ്ങൾ അന്യരോ പരദേശികളോ അല്ല. വിശ്വസ്തരുടെ സഹപൗരരും ദൈവഭവനത്തിലെ അംഗങ്ങളുമാണ് (എഫേ. 2:19). ഈ വാഗ്ദാനം നമുക്കുള്ളതിനാൽ ദൈവഭവനത്തിലെ അംഗങ്ങളെന്ന നിലയിൽ ഐക്യത്തിന്റെ സാക്ഷികളും വിശുദ്ധരുടെ സഹപൗരരുമായ നാം സമാധാനത്തിന്റെ ബന്ധത്തിൽ ആത്മാവിന്റെ ഐക്യം നിലനിർത്താൻ ജാഗരൂകരായിരിക്കുവിൻ (എഫേ. 4:3) എന്ന സജീവ സാക്ഷ്യമാണ് ഇന്ന് ലോകത്തിന് പ്രധാനം ചെയ്യുന്നത്. ദൈവവചനാധിഷ്ഠിതമായ ആധ്യാത്മിക ജീവിതശൈലി ജീവവായു ആക്കിമാറ്റിയിരുന്ന ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് എന്ന പുണ്യാത്മാവിന്റെ ജീവിതവിശുദ്ധിയും ദർശനങ്ങളുമാണ് നമ്മെ ഇത്തരത്തിൽ പടുത്തുയർത്തിയിരിക്കുന്നത്. സഭയുടെ പോഷണവും ശക്തിയും സഭാമക്കളുടെ വിശ്വാസത്തിന്റെ ഉറപ്പും ആത്മാവിന്റെ ഭക്ഷണവും ആധ്യാത്മിക ജീവിതത്തിന്റെ ശുദ്ധവും ശാശ്വതവുമായ ഉറവിടവുമായി ഉയർന്നു നില്ക്കുവാൻ തക്കവിധം കഴിവും ചൈതന്യവുമാണ് ദൈവവചനം സംവഹിക്കുന്നത് (രണ്ടാം വത്തിക്കാൻ കൗൺസിൽ, ദൈവാവിഷ്കരണം 21). ഐക്യത്തിനും അതിലൂടെ വിശുദ്ധിക്കും അമിത പ്രാധാന്യം നല്കിയ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം ശക്തമാണ്. കാലത്തിന് മുമ്പേ സഞ്ചരിച്ചിരുന്ന മാർ ഈവാനിയോസ് പിതാവ് സുവിശേഷ പ്രചരണം പ്രഥമവും പ്രധാനവുമായ ദൗത്യമായിക്കണ്ട് കൂദാശ ശെമ്മാശ്ശനായും മറ്റും വചനത്തിന് പ്രാമുഖ്യം നല്കി. അതുകൊണ്ടാണ് ഐക്യത്തിന്റെ സാക്ഷികളും വിശുദ്ധരുടെ സഹപൗരരുമായി നാം മാറ്റപ്പെട്ടത്.

**ഐക്യത്തിന്റെ സാക്ഷികൾ**

ഐക്യം :- നിർവ്വചനം : ക്രിസ്തു സാന്നിധ്യബോധം ഉളവാക്കുന്ന വഴിയാണ് ഐക്യം എന്ന് ഒറ്റവാക്കിൽ പറയാം. കൂട്ടായ്മയിലുള്ള ജീവിതമാണ് ഐക്യം. ''മനുഷ്യവാസമുള്ള സ്ഥലം'' എന്നർത്ഥമുള്ള ''ഒയ്കുമെനേ'' എന്ന വാക്കിൽ നിന്നാണ് എക്യുമെനിസം എന്ന വാക്കുണ്ടായത്. ദൃശ്യവും സമ്പൂർണ്ണവുമായ കൂട്ടായ്മയാണ് ഐക്യത്തിന്റെ ലക്ഷ്യം. അതായത്, കൂട്ടായ്മകളിലൂടെ കൂട്ടായ്മകളായി ചേർന്ന് ത്രിത്വം എന്ന വലിയ ഐക്യകൂട്ടായ്മയിലേക്കുള്ള യാത്രയാണ് ആധ്യാത്മികത എന്നത് തിരിച്ചറിഞ്ഞാൽ പിന്നെ ഭിന്നതകൾക്കും വൈരുധ്യങ്ങൾക്കുമൊന്നും നമ്മുടെയിടയിൽ സ്ഥാനം ഉണ്ടാകുകയില്ല. ഐക്യത്തിന് മാത്രമേ ഇടം ഉണ്ടാകുകയുള്ളൂ. മുൻ പദ്ധതികളോ പ്ലാനുകളോ അനുസരിച്ച് ഐക്യം ഉണ്ടാക്കാൻ ആവില്ല. ദൈവനിശ്ചയപ്രകാരം ഐക്യം വർഷിക്കപ്പെടുകയാണ്. അതുകൊണ്ടാണ് ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് പറഞ്ഞത് ''ക്രിസ്ത്യാനികളുടെ ഇടയിലെ ഐക്യം കർതൃഹിതം ആണ്. വിഭജനം പാപമാണ്.''

ഐക്യത്തിന്റെ സാക്ഷികൾ ആകണമെങ്കിൽ ഐക്യത്തിന്റെ വഴികൾ അറിഞ്ഞ് അവയെ പൂർണമായി പിൻപറ്റേണ്ടതുണ്ട്. ഐക്യത്തിന്റെ വഴികളെ പ്രധാനമായും മൂന്നായി തിരിക്കാം.

**1. ഐക്യത്തിന്റെ ഭൂതകാല വഴി**

ഭൂതകാലം ഭയപ്പെടുത്തേണ്ട ഒന്നല്ല. പിന്നെയോ ദാനമായി ലഭിച്ച ദൈവകൃപകൾക്ക് നന്ദി പറഞ്ഞ് വളരേണ്ട കാലമാണ്. അതിനായി ഭൂതകാലത്തിന്റെ നന്മകളെ ചരിത്രപരമായും സത്യസന്ധമായും വസ്തുതാപരമായും അറിയേണ്ടതുണ്ട്. കർദ്ദിനാൾ തിസറാങ്ങ് ഒരിക്കൽ മലങ്കര സഭാമക്കളോട് പറഞ്ഞു ''ഞാൻ നിങ്ങളുടെ സഭയെ സ്നേഹിക്കുന്നു. കാരണം അതിന്റെ ചരിത്രം എനിക്കറിയാം.'' സത്യസന്ധമായ ചരിത്രം അറിയാത്തവർക്ക് സത്യസന്ധമായി സ്നേഹിക്കാൻ അറിയില്ല. ഭൂതകാലവുമായി മനസ്സുകൊണ്ട് താദാത്മ്യപ്പെടുന്ന ഐക്യതലം അംഗീകാരത്തിനും ഒപ്പം ആരോഗ്യത്തിനും അത്യന്താപേക്ഷിതമാണെന്ന് മനശാസ്ത്രജ്ഞർ ചൂണ്ടിക്കാട്ടുന്നുണ്ട്. പഴയനിയമത്തിനുശേഷം ആണല്ലോ പുതിയ നിയമം ഉള്ളത്. 1653 ജനുവരി 3 വെള്ളിയാഴ്ച പകൽ 3 മണിക്ക് കൊച്ചിയിലെ മട്ടാഞ്ചേരിയിലുള്ള കൂനൻകുരിശിൽ ആലാത്ത് കെട്ടി നമ്മുടെ പൂർവ്വികർ നടത്തിയ കൂനൻകുരിശ് സത്യം സഭാചരിത്രത്തിലെ മുറിവായപ്പോൾ അതിന്റെ പ്രതിവിധിയായി 1930 സെപ്റ്റംബർ 20 പുനരൈക്യദിനമായി, പുണ്യദിനമായി മാറി. പുനരൈക്യം ഐക്യത്തിന്റെ കേളികൊട്ട് ഉയർത്തുന്ന സുവർണദിനമാണ്. സ്വന്തം ആരാധനാരീതികളും ആധ്യാത്മികതയും ആചാരാനുഷ്ഠാനങ്ങളും ദൈവശാസ്ത്രവും നിലനിർത്തിക്കൊണ്ടുതന്നെ കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സത്യസഭയിൽ ഐക്യപ്പെട്ടദിനം. സ്വർഗ്ഗം സന്തോഷിച്ച ഐക്യത്തിന്റെ സുദിനം. ഇതിന് ചുക്കാൻ പിടിക്കാൻ ദൈവം ഉപകരണമാക്കിതീർത്ത മാർ ഈവാനിയോസ് പിതാവ് അശ്രാന്തമായ പരിശ്രമത്തിലൂടെയാണ് ഇത് നേടിയെടുത്തത്. കൈപ്പേറിയ അനുഭവത്തിന്റെ നിരവധി അനുഭവങ്ങളിൽ കൂടി കടന്നുപോയതിന്റെ ഫലമായി ആത്മകഥയായ ഗിരിദീപത്തിന്റെ ആദ്യ അധ്യായത്തിൽ തന്നെ ഇങ്ങനെ എഴുതുന്നതിന് അദ്ദേഹം നിർബന്ധിതനായി. വിശുദ്ധ മാർ തോമാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടതെന്നും അപ്പസ്തോലികവും കാതോലികവുമായ സത്യവിശ്വാസത്തെ ഉപദേശിക്കുന്നതെന്നും നാം അഭിമാനിച്ചു വരുന്ന മലങ്കര സഭയുടെ അടിത്തട്ടിൽ ഊറിക്കിടക്കുന്ന മ്ലേച്ഛതകളെ കാണാനും മണക്കുവാനും നമുക്കിടയായി. ഐക്യത്തിന്റെ നറുമണം എത്രവിലപെട്ടതാണെന്ന് ഈ വാചകങ്ങൾ വെളിപെടുത്തി തരുന്നുണ്ട്.

**2. ഐക്യത്തിന്റെ വർത്തമാനകാല വഴി**

ഇതിന് രണ്ട് അർത്ഥതലങ്ങളുണ്ട്. ഒന്ന്, ഐക്യത്തിന്റെ ആത്മീയതലം രണ്ട്, ഐക്യത്തിന്റെ ഭൗതിക തലം. പരസ്പരപൂരകങ്ങളായ തലങ്ങളാണ് ഇവയെന്ന് ദൈവത്തെ ഉപകരണമാക്കാതെ ദൈവം ഉപകരണമാക്കുന്ന മനുഷ്യന് ഗ്രഹിക്കാനാവും. കാരണം ദൈവം ഉപകരണമാക്കുന്ന മനുഷ്യൻ ഐക്യത്തിന്റെ സാക്ഷ്യമാണ്. ''അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി പിതാവേ അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നും ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന് അങ്ങ് എനിക്ക് തന്ന മഹത്വം അവർക്ക് ഞാൻ നല്കിയിരിക്കുന്നു (യോഹ. 17:21-22).''

വർത്തമാനകാല വഴികളുടെ സൗരഭ്യം കൂടെയിരിക്കുന്ന കർത്താവിനെ സദാദർശിച്ച് ഐക്യത്തിന്റെ പടികൾ ഒന്നൊന്നായി കയറി പോകുന്നതിലാണ് കാർഷിക, വ്യവസായ, വിവരസാങ്കേതിക, ആരോഗ്യ വിഷയങ്ങളിലൂടെയൊക്കെ കുത്തൊഴുക്കുകളിൽ അകപ്പെട്ട് പാഞ്ഞുപോകുന്ന ജനതതിയ്ക്ക് തന്നോടുതന്നെയും മാതാപിതാക്കളോടും കുടുംബത്തോടും സഹോദരങ്ങളോടും തന്റെ സൃഷ്ടാവായ ദൈവത്തോടും ഐക്യം ഉണ്ടാവേണ്ടത് അനിവാര്യമാണ്. അതിനായി ഐക്യത്തിന്റെ വിവിധ പടികളിലൂടെ സഞ്ചരിക്കേണ്ടിയിരിക്കുന്നു.

**ഐക്യത്തിന്റെ പടികൾ**

1. സഹവർത്തിത്വം (Co - Existance) - മറ്റുള്ളവരിലേയും മറ്റ് സഭകളിലെയും ദൈവസാന്നിധ്യത്തെ അംഗീകരിച്ച് വിവേകത്തോടെ വർത്തിക്കുക.

2. സഹകരണം (Co-Operation) - ഐക്യത്തിന്റെ രണ്ടാമത്തെ പടിയാണിത്. ചുരുങ്ങിയ തലങ്ങളിലാണെങ്കിൽ പോലും കഴിയുന്ന തലങ്ങളിലെല്ലാം ബോധപൂർവ്വവും സ്നേഹപൂർവ്വവും സഹകരിച്ച് പ്രവർത്തിക്കുക.

3. ആത്മാർപ്പണം (Commitment) - തുറന്ന മനസ്ഥിതിയോടെ സഹകരണമേഖലകൾ തേടിയിറങ്ങി പ്രവർത്തിക്കേണ്ട മൂന്നാമത്തെ പടിയാണിത്.

4. കൂട്ടായ്മ (Communion) - നാലാമത്തേതും പൂർണതയുടെ പടിയുമായ കൂട്ടായ്മ ഐക്യത്തിന്റെ ദൃശ്യതയാണ്. വൈവിധ്യവും ബഹുത്വവും നിലനിർത്തിക്കൊണ്ടു തന്നെ വിശ്വാസത്തിന്റെ സാരസത്തയിൽ ഐക്യം പുലർത്തി സമ്പൂർണ്ണ കൂട്ടായ്മയിൽ എത്തിച്ചേരും. അവതരണരീതി മാറ്റിയെടുത്തുകൊണ്ടല്ല ഇത് സാധ്യതമാക്കേണ്ടത്. ഏക കർത്താവും കർത്താവിന്റെ ശരീരമായ ഏക സഭയും ഐക്യത്തിന്റെ കാമ്പാണ്.

*(ശേഷം 44-ാം പേജിൽ)*

# ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് പിതാവിന്റെ കബറടക്കശുശ്രൂഷ


































പുസ്തകപരിചയം




# ഭൂതം
## ഗൗരവമായ വായന അർഹിക്കുന്നു



ജിനു

**ക**വനം ചെയ്യുന്നവനാണ് കവി എന്ന് ഏകാവലിയിൽ വിദ്യാധരനും ലോകോത്തര വർണ്ണനകളിൽ നിപുണനാണ് കവി എന്ന് കാവ്യപ്രകാശത്തിൽ മമ്മടനും പ്രസ്താവിക്കുന്നു. പ്രതിഭാവ്യുല്പത്തി ഉള്ളവനെ മാത്രമേ കവി എന്ന് വിളിക്കാവൂ എന്ന് കാവ്യമീമാംസയിൽ രാജശേഖരൻ തറപ്പിച്ചുപറയുന്നു. അനിതരസാധാരണമായ സംവേദനക്ഷമതയുള്ളവനാണ് കവി. അത് ജീവിതാനുഭവത്തിലൂടെയാണ് വളരുന്നത്. കവി സാധാരണക്കാരെക്കാൾ സുക്ഷ്മമായി വസ്തുക്കൾ നിരീക്ഷിക്കുകയും തീവ്രമായി വികാരം കൊള്ളുകയും ചെയ്യുന്നു. ഏതിന്റെയും ഉള്ളിൽ ചെന്ന് അതിന്റെ അന്തസത്ത ഗ്രഹിക്കാൻ ശ്രമിക്കുന്നവനാണ് കവി. ഇങ്ങനെയൊക്കെ കവിയിലെ ക്രാന്തദർശിത്വത്തിന് വ്യാഖ്യാനകുറിപ്പ് എഴുതാം. ചുരുക്കത്തിൽ സാധാരണക്കാരന്റെ കണ്ണെത്താത്ത ജീവിതത്തിന്റെ തലങ്ങളിലും മാനങ്ങളിലും എന്നു വേണ്ട, പ്രപഞ്ചത്തിന്റെ നിഗൂഢതകളിലെവിടെയും കവിയുടെ നോട്ടം എത്തിയിരിക്കും. കടന്നു കാണാനുള്ള ഈ തഴിവാണ് ക്രാന്തദർശിത്വം എന്ന് തന്നെ വിളിക്കാൻ ആഗ്രഹിക്കുന്നു. വിഷ്ണു പടിക്കൽ പറമ്പിലിന്റെ പുതിയ കവിതാസമാഹാരം ''ഭൂതം'' വായിച്ചു. സച്ചിദാനന്ദനും ബാലചന്ദ്രൻ ചുള്ളിക്കാടിനും, എ. അയ്യപ്പനും ശേഷമൊക്കെ എന്നെ ഇത്രമേൽ അസ്വസ്ഥമാക്കിയ കവി വേറെ ഉണ്ടായിട്ടില്ല എന്ന് തന്നെ പറയാം. ഇയാൾക്ക് കവിതയിലും ഭാഷയിലും വിഷയസ്വീകാര്യതയിലും എല്ലാം പുതുമ കണ്ടെത്താൻ കഴിഞ്ഞു എന്നത് അത്ര ചെറിയ കാര്യമല്ല. കവിതയിലെ തുടക്കകാർ പ്രണയത്തിൽ മാത്രം കുടുങ്ങി നില്ക്കുമ്പോൾ ഇയാൾക്ക് ഭൂമിക്ക് കീഴിലെ എല്ലാം കവിതയിൽ വിഷയം ആകുന്നു. അവിടെയാണ് മുമ്പ് കവിക്ക് നല്കിയ നിർവചനം പൂർണ്ണമാകുന്നത്. ഇയാൾ എല്ലാ വിഷയങ്ങളെ കുറിച്ചും അറിവുള്ളവൻ ആയിരിക്കുന്നു.

അടുത്തിടെ വായിച്ച കവിതാസമാഹാരങ്ങളിലെ ഒന്നിൽ പോലും എല്ലാ കവിതയും ഞാൻ ഇഷ്ടപ്പെട്ടില്ല പക്ഷെ ഇതങ്ങനെ അല്ല. ഒരു സമാഹാരത്തിലെ എല്ലാ കവിതയും വായനക്കാരന് ഇഷ്ടമാകുന്നു.

കവിത ജീവിതമാണ് അത് തെളിയിക്കപെട്ടു കൊണ്ടിരിക്കുന്നു. വിഷ്ണുവിന്റെ ''വഴിപിരിയുന്നിടത്ത്'' മനുഷ്യ ജീവിതത്തിന്റെ ക്ഷണികതയും ഒടുക്കമില്ലാത്ത ആഗ്രഹങ്ങളും സംസാരിക്കുന്നു. ചില മനുഷ്യർ അങ്ങനെയാണ് നേടാൻ ആകില്ലെന്ന ഉറപ്പിലും ഒടുക്കം വലിയ ദുരന്തമാകുമെന്ന ബോധ്യം ഉണ്ടെങ്കിലും നിഷ്കളങ്കമായി ആഗ്രഹിച്ചുകൊണ്ടിരിക്കും. വിയർപ്പ് തുള്ളികളിലെ കൂടിചേരലിൽ എങ്കിലും നമുക്ക് ഒന്നാകാം എന്ന വലിയ ആഗ്രഹം. ഇഷ്ടമില്ലാത്ത ഒരിടത്തും ജീവിതം അവസാനിക്കാതിരിക്കാൻ വല്ലാണ്ടങ്ങ് ആഗ്രഹിക്കും. കാലം കുത്തിട്ട ഇടത്ത് കോമ ഇട്ടുകൊടുക്കും എന്നിട്ട് സ്വയം ആശ്വസിക്കും എനിക്ക് തോന്നുന്നത് അത് ആശ്യാസമല്ല പ്രതീക്ഷയാണ്. ഈ പ്രതീക്ഷയാണ് എല്ലാ മനുഷ്യനെയും ജീവിക്കാൻ പ്രേരിപ്പിക്കുന്നത്.

''ഭ്രാന്ത്'' എന്ന കവിതയിൽ ഇതിന്റെ തുടർച്ച കാണാൻ കഴിയുന്നു. ഭ്രാന്തുകൾ വെറുക്കപെടുന്ന ഇടങ്ങളിൽ ആരും കാണാതെ ചില ഭ്രാന്തിനെ ഒന്ന് കെട്ടിപിടിച്ച് ഒരുമ്മ കൊടുത്ത് അങ്ങനെ ചേർത്ത് നിർത്തുന്ന ചില പോഴന്മാർ. ശരിക്കും അവർ ലോകത്തിന് വലിയ പ്രതീക്ഷയാണ്. അങ്ങനെ ഉള്ളവർ ഉള്ളത് കൊണ്ടാണ് ലോകം അവസാനിക്കാതെ ഇരിക്കുന്നത്.

പ്രണയം ഇതുവരെ കണ്ട ഭാവത്തിൽ പടിക്കപ്പറമ്പിലിന്റെ കവിതയിൽ വരുന്നില്ല എന്നത് വലിയ അത്ഭുതമാണ് സമ്മാനിക്കുന്നത്. അത് മറ്റൊരു തലത്തിൽ വല്ലാതെ നമ്മെ അസ്വസ്ഥ

മാക്കുന്നു. കാരണം,

''നമ്മുടെ ചുംബനം
കാളുന്ന വയറുമായി
നമ്മുടെ
വിശപ്പിൽ നിന്നിറങ്ങിയോടുന്നത്
നമ്മൾ നോക്കി നില്ക്കും
എങ്കിലും നമ്മൾ ചുംബിക്കില്ല.''

സമചിത്തതയോടെ ജീവിതം ആസ്വദിക്കാൻ എവിടെയൊക്കെയോ പറ്റാതെ പോകുന്ന കൂട്ടത്തിൽ ഇത്തരം ചിലർ പ്രണയത്തിനു നല്ല മാനങ്ങൾ നല്കുന്നു. ഓർമ്മകളെ ബസ്സിൽ കയറ്റി യാത്രയാക്കി. അങ്ങനെ ആസ്വദിച്ച് നില്ക്കാൻ എല്ലാവർക്കും ആവില്ല. കാരണം മൗനങ്ങൾ പൊള്ളുന്ന ശബ്ദങ്ങൾ ആകുമെന്ന ബോധ്യം, ബോധ്യമല്ല ചിലപ്പോൾ കവിക്കത് അനുഭവം തന്നെ ആവാം അല്ലെങ്കിൽ അത് വായിച്ചപ്പോൾ എനിക്ക് പൊള്ളില്ലായിരുന്നു.

''പകലും രാത്രിയും'' എന്ന കവിത ആരെയോ ബോധിപ്പിക്കാൻ ചെയ്യുന്ന മനുഷ്യന്റെ അനാവശ്യമായ സംതൃപ്തികളാണ് തള്ളി നിൽക്കുന്നത്. അതിൽ കവിത കൃത്യമായി അളന്നുമുറിച്ച ഭാഷയിൽ തീക്ഷ്ണമായി വിഷയം അവതരിപ്പിക്കുന്നു.

''ഓരോ
പകലിലും
നമ്മൾ ഓരോ രാത്രിയെ
ഉറക്കികെടുത്തുന്നുണ്ട്
ഓരോ
രാത്രിയിലും
നമ്മൾ ഓരോ പകലിനെ
ഉണർത്തി വെയ്ക്കുന്നുണ്ട്
എനിക്കും
നിനക്കും
ഉറക്കച്ചടവുകൾ ഇല്ല.''

ചിലത് എന്ന കവിതയിൽ അയാൾ എന്നെ എത്ര മനോഹരമായി അവതരിപ്പിച്ചു എന്ന് ഞാൻ ചിന്തിച്ചുപോയി. എനിക്കതിൽ അത്ഭുതമില്ല കാരണം അയാൾ തന്നെ ആ കവിതയിൽ പറയുന്നത്

''ചില കാറ്റുകളുണ്ട്
നമ്മെ മയക്കി
നമ്മുടെ മഴയെ
അപഹരിക്കുന്നത്.''

ഒരു എത്തുംപിടിയും കിട്ടാതെ എന്നെ അസ്വസ്ഥതമാക്കിയ മറ്റൊന്ന് ''ഹൃദയത്തിൽ നിന്ന് പരോളിനു പോകുന്ന നൊമ്പരത്തിന്റെ തടവുപുള്ളിയാണ്.'' എന്തൊരു അവസ്ഥയാണത്. ''പെയ്ത്ത്'' എന്ന കവിതയുടെ അവതരണം ഇതുവരെ കാണാത്ത ഒരു ശൈലി തന്നെ സമ്മാനിച്ചു എന്നത് അതിനെ കൂടുതൽ മനോഹരമാക്കുന്നു.

മനുഷ്യജീവിതം തനിച്ച് ഒടുങ്ങാൻ ഉള്ളതല്ല എന്ന ബോധ്യം അയാൾക്കുണ്ട്. അതെ ബോധ്യം തന്നെ കൂടെ നില്ക്കാൻ ഇഷ്ടപെട്ടത് തിരികെ കിട്ടില്ലെന്ന ബോധ്യവും എന്നിട്ടും,

''ഇടക്കിടയ്ക്ക്
പൊടിയുന്ന
വിയർപ്പ് തുള്ളി പോലും
ഇപ്പോൾ
അതിന്റെ
ഇണയെ തേടാറുണ്ട്''

''പുകച്ചുരുളുകൾ'' എന്ന കവിത യുവത്വത്തിന് നല്ലൊരു ഓർമ്മപെടുത്തലാണ്. കവിതകൾ ആത്മാവിഷ്കാരം ആയിരിക്കുമ്പോഴും അതിന് ചില ഗുണപാഠ സ്വഭാവം കൂടി ഉണ്ടാകുന്നു. ''അയ'' എന്ന കവിത കപടസദാചാരത്തെ പൊളിച്ചടുക്കുന്നുണ്ട്. അത് ഏതായാലും ആരെയോ ശരിക്കും അങ്ങനെയൊക്കെ സംഭവിക്കുന്നത് അടങ്ങാത്ത കാമനകളെ ആരെയോ ബോധിപ്പിക്കാൻ വേണ്ടി ഉള്ളിൽ ഒതുക്കുമ്പോൾ ഉണ്ടാകുന്ന അത്ര ചെറുതല്ലാത്ത വിപത്തുകളാണ്. വിഷ്ണുനെ കവിത എഴുതാൻ പ്രേരിപ്പിച്ചത് ചില ഓർമ്മകളും മറ്റ് ചില പ്രതീക്ഷകളും മാത്രമല്ല. അടുത്തിടെ ഇറങ്ങിയ ഒരു മലയാള ചലച്ചിത്രം മുന്നോട്ട് വെയ്ക്കുന്ന മനുഷ്യന്റെ സമകാലീന മാനസികമായ സവിശേഷതകൾ കൂടെ കവിതയിൽ വിഷയമാകുന്നു. ഒരു കവി എന്തെല്ലാം ആകണമോ അതൊക്കെ സ്വഭാവികമായും അയാൾ ആകുന്നുണ്ട്. ഇതിലെങ്ങും മുഴച്ച് നില്പ്പ് ഉണ്ടാകുന്നില്ല എന്നതാണ് അതിന്റെ മാറ്റ് കൂട്ടുന്ന വസ്തുത (ലോങ്ങ് ഷോട്ട്, മിഡ് ഷോട്ട്, ക്ലോസ് ഷോട്ട്). ''ശ്വാസം'' എന്ന കവിതയിൽ ജീവിതാവസ്ഥയുടെ മറ്റൊരു തുറന്നെഴുത്ത് കാണാൻ കഴിയുന്നു. അതിന്റെ തുടർച്ചയായിത്തന്നെ ''പുത്തകം'' എന്ന കവിത കൂട്ടി വായിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു.

കവി ഒരു പ്രവാചകൻ ആകുന്നു എന്നത് ഇയാടെ ''ളോഹ'' എന്ന കവിത വായിക്കുമ്പോൾ ബോധ്യമാകും. ഇതെങ്ങനെ ഈ കഴിഞ്ഞ ദിവസങ്ങളിൽ നടന്ന സംഭവം അയാൾ അത്ര നേരത്തെ അറിഞ്ഞത്....., മനോഹരമായി ഇയാൾക്ക് വിമർശിക്കാൻ കഴിയുന്നു, അതും കവിതയിലൂടെ. കവിത എപ്പോൾ എഴുതി എന്നല്ല അത് കാലികമായി നില്ക്കുന്നു എന്നതാണ്.

ഗതകാലസ്മരണകളിലേയ്ക്ക് നമ്മെ ഒരു നാരങ്ങ മിഠായി നുണയുന്ന അനുഭൂതി നല്കി കൊണ്ട് പോകാൻ ത്രാണിയുള്ള കവിതയാണ് ''തപാൽപ്പെട്ടി''. ഇത് വിഷ്ണുന്റെ കവിത ഉത്തരാധുനികതയ്ക്ക് ശേഷം എത്തി നില്ക്കുന്നു എന്നതിന് ഉദാഹരണം കൂടിയാണ്. ചിലതൊക്കെ നഷ്ടമാകാൻ പാടില്ല എന്ന അയാളുടെ ആഗ്രഹം മനസ്സിന്റെ വിശാലമായ ഇടങ്ങളെ കാട്ടി തരുന്നു.

''അടക്കാമരങ്ങള്'' എന്ന കവിതയിലും അയാളുടെ ഇത്തരം ചിന്തകൾ തുടരുന്നുണ്ട്. ''ഉടല് യാത്ര'' എന്ന കവിത എല്ലാ മതിലുകളെയും പൊട്ടിച്ചെറിഞ്ഞ് ചില ലക്ഷ്യങ്ങൾ നേടണം എന്ന യൗവ്വനം തന്നെയാണ് ബോധ്യമാക്കുന്നത്. ''തവള പത്തല്'' എന്ന കവിതയിൽ സഹിക്കാൻ കഴിയുന്നതിന് അപ്പുറത്ത് ആശുമ്പോൾ നല്കുന്ന ചില ഓർമ്മപെടുത്തലുകൾ അയാൾ സമൂഹത്തിന് നല്കുന്നുണ്ട്.

''ഇനി നിങ്ങൾ കേൾക്കുക
വെറും പേക്രോം
ശബ്ദങ്ങളായിരിക്കില്ല
ഇടിമുഴങ്ങുന്ന
ഈകിലാബുകളായിരിക്കും.''

''മരണം'' എന്ന കവിതയൊക്കെ അസാധ്യമായവ തന്നെ. ഇങ്ങനൊക്കെ കവിതയെഴുതാൻ എല്ലാവർക്കും കഴിയില്ല എന്നതാണ് സത്യം. ആ കവിത മുഴുവൻ ഇവിടെ നല്കണം എന്നുണ്ട്. ചെയ്യുന്നില്ല എല്ലാവരും പുസ്തകം വാങ്ങിച്ച് വായിക്കുക തന്നെ വേണം. എല്ലാ കവിതയും ഇത്തിരി മുഴുത്ത കലഹങ്ങൾ തന്നെ. ഇയാളുടെ ''ഉന്മാദി'' എന്ന കവിതയിലെ ഭാഷ വൈവിധ്യ മാർന്നതാണ്. ആ കവിതയും എല്ലാവരും പുസ്തകം സ്വന്തമാക്കി വായിക്കുക തന്നെ ചെയ്യട്ടെ. ''നട്ടും ബോൾട്ടും'' അസാധ്യ കവിത. ''ഫ്രീഡം ഡേ'' അത് ശരിക്കും ഒരുതരം ഉന്മാദമാണ്.

''ബാവുക്കാന്റെ ചായക്കട'' യൊക്കെ കവിതയിലെ ദൃശ്യ സാധ്യത വെളിവാക്കുന്നു. ഒരു ജീവിതം സിനിമ പോലെ കാണാൻ കഴിയുന്നു. വിഷ്ണുന്റെ കവിതയിലെ എടുത്ത് പറയേണ്ടിയ പ്രത്യേകത എന്ന് എനിക്ക് തോന്നുന്നത് അവറ്റകള് ചില നേരം ദുർഗ്രഹമായതും ചിലനേരം വളരെ ലളിതവും ആയിരിക്കുന്നു.

കവിതയിൽ പ്രാദേശിക ഭാഷയിലെ വല്ലാത്തൊരു ഇടപെടീല് ''വിത്ത് യൂ വിത്തൗട്ട് യൂ'' എന്ന കവിതയിൽ കാണാൻ കഴിയുന്നു... വിഷയവും അവതരണവും വൈവിധ്യമുള്ള താക്കുക എന്നത് അങ്ങനെ അനേകം ആൾക്കാരിൽ കാണുന്ന ഒന്നല്ല. മതം ജീവിതത്തിൽ ഇടപെടരുത് എന്ന് ആഗ്രഹിക്കുന്ന ദിവാകരൻ ചേട്ടനെ അവതരിപ്പിച്ച ''റീത്ത്'' കവിത മനോഹരമായിരിക്കുന്നു. ''ണ്, ല്ല്'' എന്നിവ ഒരു ജീവിതത്തിന്റെ എല്ലാ മേഖലകളെയും കാണിക്കുന്നു. ''പെണ്മരം'' എന്ന കവിതയിൽ കവി എത്രത്തോളം സ്ത്രീയെ ബഹുമാനിക്കുന്നു എന്നത് കാണാൻ കഴിയുന്നു. കാലം ആവശ്യപ്പെടുന്നവ എഴുതാൻ കഴിയുക എന്നത് അത്ര ലളിതമായ ഒന്നല്ല. അത് അയാൾക്ക് കവിയുന്നു എന്നത് കൊണ്ട് ബഹുമാനവും സ്നേഹവും ഇരട്ടിക്കുന്നു. ●




തിരുവല്ല അതിരൂപതയിൽ കല്ലിശ്ശേരി സെന്റ് തോമസ് ഇടവകാംഗം കല്ലുഴത്തിൽ കെ. ഇ. മാമ്മന്റെയും അനില മാമ്മന്റെയും മകൾ **റീനുവും** മുരുക്കുമ്പുഴ സെന്റ് അഗസ്റ്റിൻസ് ഇടവകാംഗം മുക്കൽ മെൽവിൻ മാർട്ടിന്റെയും ഷീല മെൽവിന്റെയും മകൻ **നിതിനും** തമ്മിലുള്ള വിവാഹം **ജനുവരി 6–ാം തീയതി മുരുക്കുമ്പുഴ സെന്റ് അഗസ്റ്റിൻസ് ദൈവാലയത്തിൽ വച്ച്** നടത്തപ്പെട്ടു.

# ജൂനിയർ മോസസ്

## കുട്ടികളുടെ കൂട്ടുകാരൻ

**SAMEEKSHA CATECHISM**
**Thiruvalla**



*(ഇടയശബ്ദം തുടർച്ച)*

സർവ്വകലാശാലയിൽ നിന്നും ആദ്ധ്യാത്മിക ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. ബത്തേരി രൂപത മൈനർ സെമിനാരി റെക്ടർ, കത്തീഡ്രൽ വികാരി, തിരുവനന്തപുരം സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയിൽ ആദ്ധ്യാത്മിക ഗുരു, അധ്യാപകൻ, റെക്ടർ എന്നീ നിലകളിലും സേവനം ചെയ്തു.

മലങ്കര മേജർ സെമിനാരിയിൽ ദൈവശാസ്ത്ര വിഭാഗത്തിന് തുടക്കം കുറിക്കുന്നത് പിതാവ് റെക്ടറായിരുന്ന കാലത്താണ്. തിയോളജി ബ്ലോക്ക്, സ്റ്റാഫ് ക്വാട്ടേഴ്സ്, മനോഹരമായ സെമിനാരി ചാപ്പൽ, ബൃഹത്തായ ഓഡിറ്റോറിയം എന്നിവ അദ്ദേഹത്തിന്റെ പരിശ്രമഫലമാണ്. 1995 ൽ തിരുവന്തപുരത്തുവച്ചു നടന്ന സി.ബി.സി.ഐ. യുടെ പ്ലീനറി സമ്മേളനത്തിന്റെ പ്രധാന സംഘാടകനും അദ്ദേഹമായിരുന്നു.

സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലിത്ത തിരുവനന്തപുരം അതിരൂപതാ മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പായി നിയമിതനായതിനെ തുടർന്ന് 1997 ഫെബ്രുവരി 5-ാം തീയതി അദ്ദേഹം ബത്തേരി രൂപതയുടെ ദ്വിതീയ അദ്ധ്യക്ഷനായി നിയമിതനായി. പതിമൂന്ന് വർഷത്തെ അദ്ദേഹത്തിന്റെ നേതൃത്വം ബത്തേരി രൂപതയുടെ കുതിപ്പിന്റെ കാലമായിരുന്നു. 2007 ൽ സിറിൽ ബസേലിയോസ് കാതോലിക്കാബാവ കാലം ചെയ്തതിനെ തുടർന്ന് സഭാ നിയമപ്രകാരം അദ്ദേഹം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അഡ്മിനിസ്ട്രേറ്ററായും നേതൃത്വം നല്കി. അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പരിശുദ്ധ സുന്നഹദോസാണ് സഭയുടെ ദ്വിതീയ കാതോലിക്കയായി മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമ്മീസ് കാതോലിക്കബാവയെ തിരഞ്ഞെടുത്തത്. സ്ഥാനാരോഹണ ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചതും അദ്ദേഹമാണ്.

2010 ൽ ബത്തേരി രൂപത വിഭജിച്ച് പുത്തൂർ രൂപത സ്ഥാപിതമായപ്പോൾ, അതിന്റെ പ്രഥമാധ്യക്ഷനായി സുന്നഹദോസ് മാർ ദിവന്നാസിയോസിനെയാണ് നിയമിച്ചത്. ചുരുങ്ങിയ കാലം കൊണ്ട് പുത്തൂർ രൂപതയുടെ അടിസ്ഥാനമുറപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചു. അനാരോഗ്യം നിമിത്തം ആറു വർഷത്തെ സേവനത്തിനുശേഷം അദ്ദേഹം വിരമിച്ചു.

തിരുവല്ല, ബത്തേരി, പുത്തൂർ രൂപതകളിൽ നാലുപതിറ്റാണ്ടു കാലത്തെ വൈദിക ശുശ്രൂഷ. രണ്ട് രൂപതകളിലായി ഇരുപത് വർഷത്തെ പ്രധാനാചാര്യ ശുശ്രൂഷ. അജപാലന ശുശ്രൂഷയുടെ മർമ്മമറിഞ്ഞ ഇടയശ്രേഷ്ഠൻ, ബത്തേരി രൂപതയിലെ സാമൂഹ്യസേവനവിഭാഗമായ ശ്രേയസ്സിലൂടെ വയനാടൻ മലനിരകളിലെ ആദിവാസികളുടെയും അധഃസ്ഥിതരുടെയും ഉന്നമനത്തിനായി അദ്ദേഹം ചെയ്ത കാര്യങ്ങൾ നിരവധിയാണ്. ആളുകളുടെ ആവശ്യമറിഞ്ഞ് സഹായിക്കുന്നതിൽ അദ്ദേഹം എന്നും ബദ്ധശ്രദ്ധനായിരുന്നു. ബത്തേരി രൂപതയിൽ പതിമൂന്ന് വർഷക്കാലത്തെ പ്രധാനാചാര്യ ശുശ്രൂഷയ്ക്ക് ശേഷം പുത്തൂർ രൂപത രൂപീകൃതമായപ്പോൾ അതിന്റെ ബാലാരിഷ്ടതകളിൽ നേതൃത്വമേറ്റെടുത്തത് അദ്ദേഹത്തിന്റെ ത്യാഗമനോഭാവത്തിന്റെ തെളിവാണ്.

ആദ്ധ്യാത്മീക ദൈവശാസ്ത്രം ഗവേഷണ വിഷയമാക്കിയതിനപ്പുറം ജീവിതമാക്കി മാറ്റുവാൻ അദ്ദേഹം ശ്രദ്ധിച്ചു. അനേകം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പടുത്തുയർത്തിയതിന്റെ ഖ്യാതി ഉള്ളപ്പോഴും അദ്ദേഹത്തിന്റെ വ്യക്തിജീവിതം ലാളിത്യത്തിന്റേതായിരുന്നു. സംഗീതത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന വൈഭവം മലങ്കര സുറിയാനി ആരാധനക്രമത്തെ സമ്പന്നമാക്കി. മലങ്കര ആരാധനക്രമം കന്നഡ ഭാഷയിലേക്ക് മൊഴിമാറ്റം നടത്തുന്നതിലും ആരാധനാഗീതങ്ങൾ കർണ്ണാടകസംഗീത സങ്കേതങ്ങളുപയോഗിച്ച് മനോഹരമാക്കുന്നതിനും നേതൃത്വം നല്കി.

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ നൂറുകണക്കിനു വൈദികരുടെ പരിശീലനത്തിലും രൂപീകരണത്തിലും അദ്ദേഹം നിർണായക പങ്കുവഹിച്ചു. ആരാധനയോടുള്ള ആഭിമുഖ്യം പാവങ്ങളോടുള്ള പരിഗണന, വൈദികരോടും സന്യസ്തരോടുമുള്ള വാത്സല്യം ഇവ അദ്ദേഹത്തിൽ തിളങ്ങിനിന്ന സവിശേഷതകളാണ്. മാർ ദിവന്നാസിയോസ് പിതാവിന്റെ സാന്നിധ്യവും ഇടപെടലുകളും എപ്പിസ്കോപ്പൽ സുന്നഹദോസിലെ ചർച്ചകൾക്ക് ആത്മീയ ആഴം നല്കുന്നതിനിടയാക്കിയിരുന്നു എന്നത് സുന്നഹദോസ് സെക്രട്ടറി എന്ന നിലയിൽ ഞാൻ നിരീക്ഷിച്ചിരുന്നു. രൂപതാധ്യക്ഷനായിരിക്കുമ്പോൾ ശാരീരിക ആരോഗ്യം ക്ഷയിക്കുന്നു എന്ന തിരിച്ചറിവിൽ 66-ാം വയസ്സിൽ സ്വയം വിരമിക്കാൻ എടുത്ത തീരുമാനവും രോഗത്തിന്റെ വേദനയുടെയും അസ്വസ്ഥതകളുടെയും മധ്യത്തിൽ തന്നെ കാണാനെത്തുന്നവരെ പ്രസന്നതയോടെ സ്വീകരിക്കാനും സംസാരിക്കാനും സാധിച്ചിരുന്നതും അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിക്കു തെളിവാണെന്നതിൽ സംശയമില്ല.

ബത്തേരി രൂപതാദ്ധ്യക്ഷനായിരുന്നപ്പോൾ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ വിവിധ കമ്മീഷന്റെയും പുത്തൂർ രൂപതാദ്ധ്യക്ഷനായിരുന്നപ്പോൾ കർണാടക കത്തോലിക്കാ മെത്രാൻ സമിതിയിലെ വിവിധ കമ്മീഷനുകളുടെയും ചുമതലയും അദ്ദേഹം വഹിച്ചിരുന്നു. ●



# ഒരു മരംവെട്ടുകാരന്റെ കഥ



**മിലൻ ബിജു വർഗീസ്**
**കല്ലിശ്ശേരി**

'Give Me Six hours to chop down a tree and I will spend the first four sharpening the axe' മുൻ അമേരിക്കൻ പ്രസിഡന്റായ ഏബ്രഹാം ലിങ്കണിന്റെ ഒരു പ്രധാനപ്പെട്ട ഈ വാക്കുകളിൽ നിന്നും കടം എടുത്ത ഒരു വാക്യമാണിത്.

ഒരിടത്ത് ഒരു മരംവെട്ടുകാരൻ ഉണ്ടായിരുന്നു. അവന്റെ ഭവനത്തിൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിലും സന്തുഷ്ടമായ ഒരു കുടുംബമായിരുന്നു. അവൻ ഒരു ജോലിക്ക്വേണ്ടി കുറെ അലഞ്ഞു, അങ്ങനെയിരിക്കെ അവൻ സമ്പന്നനായ ഒരു വ്യക്തിയുടെ അടുത്തെത്തി. അവൻ അദ്ദേഹത്തോട് അവന്റെ കാര്യങ്ങളെല്ലാം പറഞ്ഞു. അവന്റെ കാര്യങ്ങളെല്ലാം കേട്ട് അദ്ദേഹം അവന് ജോലി കൊടുത്തു. അദ്ദേഹം അവന് നല്ല ശബളം നിശ്ചയിച്ചു. അതുമാത്രമല്ല അതിൽ ഒരു നിബന്ധന കൂടിവച്ചു. അദ്ദേഹത്തിന് നിബന്ധന ഇപ്രകാരം ആയിരുന്നു. എത്ര മരം വെട്ടുന്നോ അതുപോലെ ആയിരിക്കും പണിക്കൂലിയും. അവൻ സമ്മതിച്ചു. അവനെ അദ്ദേഹത്തിന് ഇഷ്ടപ്പെട്ടു. അവൻ തന്റെ ജോലിയിൽ വിശ്വസ്തനും, ആത്മാർത്ഥതയും ഉള്ളവനായിരുന്നു. അദ്ദേഹം അവന് ജോലി ചെയ്യുവാനുള്ള സ്ഥലവും സാധനങ്ങളും കൊടുത്തു.

ആദ്യ ദിവസം തന്നെ അവൻ 18 മരം വെട്ടി. ഇത് കണ്ട ഉടമസ്ഥൻ അവനെ വളരെയധികം പ്രശംസിക്കുകയും മറ്റും ചെയ്തു. അടുത്ത ദിവസവും അവൻ വളരെ കഷ്ടപ്പെട്ടു. അങ്ങനെ 15 മരം വെട്ടി. മൂന്നാം ദിവസവും അവൻ നല്ല പോലെ കഷ്ടപ്പെട്ടു, എങ്കിലും 10 മരം മാത്രമേ വെട്ടുവാൻ സാധിച്ചുള്ളൂ. അങ്ങനെ ഓരോ ദിവസവും കൂടും തോറും മരം വെട്ടുന്നതിന്റെ എണ്ണം കുറഞ്ഞു കുറഞ്ഞു വന്നു. അവന് വളരെ വിഷമമായി. ഉടമസ്ഥന് എന്നെക്കുറിച്ചുള്ള വിശ്വസ്ത കുറയുമോയെന്ന് ഓർത്ത് ദുഃഖിതനായി. അവൻ ഉടമസ്ഥനോട് തന്റെ കാര്യം പറഞ്ഞു. ഉടമസ്ഥൻ അവന്റെ കൈയ്യിലിരുന്ന മഴു വാങ്ങി നോക്കിയിട്ടു ചോദിച്ചു, ''എന്നാണ് അവസാനമായിട്ട് ഈ മഴുവിന് മൂർച്ചകൂട്ടിയത്?'' അപ്പോൾ അവൻ പറഞ്ഞു ''ക്ഷമിക്കണം. മരം വെട്ടുന്നതിലായിരുന്നു ഞാൻ കൂടുതൽ ശ്രദ്ധിച്ചിരുന്നത്. അതല്ലാതെ ഒന്നും ഞാൻ ശ്രദ്ധിച്ചിരുന്നില്ല. അതിനുള്ള സമയവും എനിക്ക് കിട്ടിയില്ല.''

ഇതുപോലെയാണ് നമ്മുടെ ജീവിതത്തിലും സംഭവിക്കുന്നത്. നമ്മുടെ ജീവിതത്തിൽ നമ്മളും ഈ മരംവെട്ടുകാരനെ പോലെയാണ്. നമ്മൾ എല്ലാവർക്കും പല പല കാര്യങ്ങളിൽ തിരക്കുകളാണ്. നമ്മുടെ പലരുടെയും ജീവിതത്തിൽ ഈ തിരക്കുകൾക്കിടയിലും നമ്മുടെ ഓരോ കടമകൾ നാം മറന്നുപോവുകയാണ് ചെയ്യുന്നത്. മാതാപിതാക്കൾക്ക് കുട്ടികളെയോ, മക്കൾക്ക് തന്റെ മാതാപിതാക്കളെയോ നോക്കുവാൻ പോലും സമയമില്ലാതാവുകയാണ്. അത്രയ്ക്കും തിരക്കുകളാണ്, നമ്മുടെ ജീവിതത്തിൽ. ഈ തിരക്കുകൾക്കിടയിലും നാം മറന്നുപോകുന്ന കുറച്ചു കാര്യങ്ങൾ ഉണ്ട്, 1. പ്രാർത്ഥന 2. പരസ്പര സ്നേഹം

ഈ തിരക്കുകൾക്കിടയിലും നമുക്ക് പ്രാർത്ഥിക്കാനോ നമ്മുടെ ജീവിതത്തിൽ ഈശോയ്ക്ക് വേണ്ടി ഒരു സ്ഥാനം കൊടുക്കുവാനോ നാം ശ്രമിക്കുന്നില്ല. നമ്മുടെ ജീവിതവിജയത്തിനും അതിന്റെ മൂല്യങ്ങൾക്കും മൂർച്ചയേകുന്ന ഒന്നാണ് പ്രാർത്ഥന. ചില ഭവനങ്ങളിൽ കുടുംബപ്രാർത്ഥനപോലും കാണില്ല. കാരണം തിരക്കാണ് സമയമില്ല. ഞായറാഴ്ചകളിൽ പള്ളിയിൽ പോകുവാൻ സമയമില്ല. തിരക്കാണ്. ഇപ്പോഴും കൊച്ചു കുട്ടികളോട് ചോദിച്ചാലോ ട്യൂഷനുണ്ട്, എൻട്രൻസുണ്ട്, പള്ളിയിൽ പോകുവാൻ സമയമില്ല. ഈശോയ്ക്ക് വേണ്ടി മാറ്റിവയ്ക്കാൻ ഒരു നിമിഷം പോലും ഇന്നത്തെ തലമുറയ്ക്ക് ഇല്ല. കാരണം അവരുടെ അറിവില്ലായ്മയും, മാത്രമല്ല അവർ ചിന്തിക്കുവാനും ശ്രമിക്കുന്നില്ല. മാതാപിതാക്കളാണ് ഇതിനുത്തരവാദികൾ, കാരണം കുഞ്ഞുങ്ങൾക്ക് ഈശോയെപ്പറ്റി പറഞ്ഞുകൊടുക്കുവാനും, പ്രാർത്ഥിക്കുവാനും ഇന്നത്തെ മാതാപിതാക്കൾക്ക് സമയമില്ല.

ജീവിതത്തിൽ എന്തെങ്കിലും പ്രശ്നങ്ങളും, ദുഃഖങ്ങളും വരുമ്പോഴാണ് നാം ചിന്തിക്കുക. ഞാനും മറന്നോ എന്റെ ജീവിതത്തിൽ മൂർച്ച കൂട്ടുവാനും, പ്രാർത്ഥനയിലും മറ്റും കുറവു വരുത്തിയെന്നും. അപ്പോഴേക്കും കുറെ വൈകിയിട്ടുണ്ടാകും....

അതുകൊണ്ടു നാം നമ്മുടെ ജീവിതത്തിൽ പരസ്പരം സ്നേഹമുള്ളവരായി പ്രാർത്ഥനയിലും ഈശോയ്ക്ക് നമ്മുടെ ജീവിതത്തിൽ പ്രധാനമായും സ്ഥാനം കൊടുക്കുകയും ഈശോയ്ക്കുവേണ്ടി സമയം കണ്ടെത്തുകയും ചെയ്യു വാൻ നാം ശ്രദ്ധിക്കുക. ●



# ചത്തതിനൊക്കുമെ ജീവിച്ചിരിക്കലും....



ജിനിക്സ് ഷാജി

**എ**ഡിസൺ ബൾബ് കണ്ടുപിടിച്ചില്ലായിരുന്നെങ്കിലോ? ജെ.കെ. റൗളിംഗ് ഹാരിപോട്ടർ എഴുതിയില്ലായിരുന്നെങ്കിലോ? കേണൽ സാൻഡേഴ്സിന്റെ രഹസ്യറെസിപ്പി കെ.എഫ്.സി. യായി വളർന്നില്ലായിരുന്നെങ്കിലോ? ഗാന്ധിജി നിരാഹാരസമരം നടത്തിയില്ലായിരുന്നെങ്കിലോ? ഇങ്ങനെയൊക്കെയുള്ള പൊട്ടത്തരങ്ങൾ നമ്മിൽ എത്രപേർ ചിന്തിച്ചിട്ടുണ്ടാകും. ഇനി അഥവാ ഉണ്ടെങ്കിൽതന്നെ ജീവിതത്തിന്റെ തിരക്കു പിടിച്ച പകലുകളിൽ ആഗോളതാപനവും, ആംവക്കരാറും, ആഗോളവിപണിയും മാത്രമല്ലാതെ എപ്പോഴെങ്കിലും മനസ്സിൽ ഉരുത്തിരിയുന്ന ഇത്തരം അന്വേഷണത്വരകളെ തൃപ്തിപ്പെടുത്താൻ സമയം ലഭിക്കാത്തവരാണ് നമ്മിൽ ഭൂരിഭാഗവും. ഇതുകൊണ്ടൊക്കെയായിരിക്കാം മഹാനായ ഷേക്സ്പിയർ ഇപ്രകാരം പറഞ്ഞത്:

'Life is a tale told by an idiot
Full of sound and fury signifying nothing'

(ജീവിതമെന്നാൽ ശബ്ദവും ദേഷ്യവും നിറഞ്ഞ ഒന്നിനെയും സൂചിപ്പിക്കാത്ത, ഏതോ വിഡ്ഢി പറഞ്ഞ കഥ പോലെയാണ്.)

ജീവിതത്തിന്റെ ഇത്തരം ശൂന്യതകളെ അറിഞ്ഞുവച്ചുകൊണ്ട് അതിനെ സ്വപ്രയത്നത്താൽ തരണം ചെയ്യാനും ഒടുവിൽ വിജയകിരീടം ചൂടാനും വെമ്പുന്നവരാണ് ഓരോ മനുഷ്യനും. ഈയിടെ കേരളത്തിലെ ഒരു പ്രമുഖ വാർത്താമാധ്യമം മലയാളികളുടെ 'സന്തോഷസൂചിക' (Happiness Quotient) പ്രസിദ്ധീകരിച്ചപ്പോൾ അങ്ങ് കാസർഗോഡ് മുതൽ ഇങ്ങ് തിരുവനന്തപുരം വരെ ശരിക്കും ഒന്ന് ഞെട്ടി. ലോകത്തിന്റെ ചിന്താഗതി തന്നെ മാറ്റിമറിച്ച ഡാർവിന്റെ പരിണാമസിദ്ധാന്തവും ഫ്രോയിഡിന്റെ മനഃശാസ്ത്രപഠനങ്ങളും (ഈഡിപ്പക്സ് കോംപ്ലക്സ് പോലുള്ളവ), മാർക്സിന്റെ വിപ്ലവരാഷ്ട്രീയവും തന്നതിനെക്കാൾ വലിയ ഒരു ഞെട്ടൽ. സാക്ഷരതയിലും ജീവിതനിലവാരത്തിലും മുന്നിലാണെന്ന് സ്വയം അഹങ്കരിക്കുന്ന മലയാളിക്ക് ലഭിച്ചതോ പത്തിൽ വെറും 4.4 മാർക്ക്. ഞങ്ങൾ സന്തുഷ്ടരാണെന്ന് കരുതിയിരുന്ന മലയാളികളിൽപ്പെടുന്ന ഞാൻ അതിന്റെ കാരണം തേടിയിറങ്ങി.

എല്ലാത്തവണത്തെയുംപോലെ അഴിമതി രാഷ്ട്രീയവും, അക്രമവും, ആത്മഹത്യകളും, സ്ത്രീകൾക്കെതിരെയുള്ള ചൂഷണങ്ങളുമെല്ലാം കേരളത്തിന്റെ സന്തോഷസൂചികയെ പിന്നിലേക്ക് വലിച്ച ഘടകങ്ങളാണെങ്കിലും എല്ലാറ്റിനുമുപരിയായി കൗതുകത്തോടെ ഞാൻ കണ്ട ഒന്നാണ് മലയാളികൾക്കിടയിൽ ഔദ്യോഗികജീവിതത്തിൽ (Professional life) വർദ്ധിച്ചുവരുന്ന ഒരുതരം സംതൃപ്തിയില്ലായ്മ. തൊഴിൽരഹിതരായ യുവതലമുറയും, ലഭിച്ച തൊഴിൽ ഒട്ടും ആസ്വദിക്കാതെ ജീവിതം തള്ളിനീക്കുന്ന പഴയതലമുറയും, സർക്കാർ ജീവനക്കാരുടെ ഭാഷയിൽ പറഞ്ഞാൽ, ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കുവാൻ കഷ്ടപ്പെടുന്നവരാണ്. ഹൃദയം പറയുന്നത് കേൾക്കാതെ വിശപ്പിന്റെ വിളി മാത്രം കേട്ട്, ഇഷ്ടമില്ലാത്ത ജോലികൾ ചെയ്ത് ജീവിതം ഓടിച്ചു തീർക്കാൻ ശ്രമിക്കുന്നവരാണ് നമ്മിൽ പലരും. ഇനി അഥവാ ഇഷ്ടമുള്ള ജോലിസാഹചര്യങ്ങളും, ഭാവിയെക്കുറിച്ചുള്ള ആകുലതകളും, സാമ്പത്തിക ഞെരുക്കങ്ങളും വരിഞ്ഞുമുറുക്കുമ്പോൾ ഒരു ബിന്ദുവിനപ്പുറം ജോലി തന്നെ ഒരു ഭാരമായിത്തോന്നുന്നു. ഒരു പക്ഷേ മുൻപ് ആസ്വദിച്ചു ചെയ്ത പല കാര്യങ്ങളും ഇന്ന് വെറും വിഴുപ്പലക്കലുകൾ മാത്രമാകുന്നു.

മാറിക്കൊണ്ടിരിക്കുന്ന മലയാളിയുടെ ഈ ശീലത്തെക്കുറിച്ചുള്ള പഠനം ചെന്നെത്തിച്ചത് മറ്റൊരു ഞെട്ടിക്കുന്ന വെളിപ്പെടുത്തലിലേക്കാണ്. ജോലിഭാരം മൂലമുണ്ടാകുന്ന ഈ അവസ്ഥയെ മനഃശാസ്ത്രം Burnout Syndrome എന്ന ഓമനപ്പേരു നൽകി വിളിക്കുന്നു അമേരിക്കൻ മനഃശാസ്ത്രജ്ഞനായ Herbert Freudenberger ആണ് ഈ രോഗം കണ്ടുപിടിച്ചത്. ഒരു ജർമൻ ആരോഗ്യ ഇൻഷുറൻസ് കമ്പനിയുടെ കണക്കനുസരിച്ച്

രാജ്യത്തിന്റെ ആകെ ജനസംഖ്യയിൽ, ഒൻപത് മില്യൺ ജനങ്ങൾ ഈ അസുഖം ബാധിച്ചവരാണ്. വിഷാദരോഗത്തിൽ നിന്നും വിഭിന്നമായ ഈ മാനസികാവസ്ഥയുടെ വാഹകരെ (carriers) ഇന്ത്യയിൽ തെരഞ്ഞാൽ പ്രത്യേകിച്ച് കേരളത്തിൽ, അത് മറ്റൊരു ഞെട്ടിക്കുന്ന വെളിപ്പെടുത്തലായിരിക്കും. ആദ്യകാലത്ത് Burnout Syndrome എന്ന പദം ഉപയോഗിച്ചത് സ്വയം ഉരുകിത്തീരുന്നവർ എന്നുള്ള അർത്ഥത്തിലായിരുന്നു. അതായത് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ജോലിയിലുള്ള ആത്മാർത്ഥത മൂലം സ്വയം മറന്നും സേവനം ചെയ്യുന്ന ഒരു അവസ്ഥാവിശേഷം. ഒരു പക്ഷേ, ഫ്ളോറൻസ് നൈറ്റിംഗേലും മാക്സ്മില്യൻ കോൾബേയും ഒക്കെപ്പോലെ സ്വന്തം ശരീരവും മനസ്സും മറന്ന് സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ചവർ. എന്നാൽ വർഷങ്ങൾക്കിപ്പുറം ജോലിഭാരം മൂലമുണ്ടാകുന്ന ഒരു രോഗാവസ്ഥയാണിതെന്ന് മനശാസ്ത്രം സാക്ഷ്യപ്പെടുത്തുന്നു. ഉറക്കമില്ലായ്മ, പേശിവലിവ്, തലവേദന, ദഹനസംബന്ധമായ പ്രശ്നങ്ങൾ എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ. ഡോക്ടർമാർ, നഴ്സുമാർ, പത്രപ്രവർത്തകർ, സിനിമാതാരങ്ങൾ തുടങ്ങി തിരക്കുള്ള ജോലികൾ ചെയ്യുന്നവർ മുതൽ സാധാരണ ജോലികൾ ചെയ്യുന്നവർ വരെ ഈ രോഗത്തിന് അടിമപ്പെടാൻ സാധ്യതയുള്ളവരാണ്. ഹോളിവുഡ് നടിയായ ആഞ്ജലീന ജോളി തന്നെ ബാധിച്ച ഈ അസുഖത്തെപ്പറ്റി തുറന്നു സമ്മതിച്ചിട്ടുണ്ട്. ആറു മക്കളടങ്ങുന്ന കുടുംബവും സിനിമാജീവിതവും ഒന്നിച്ചു കൊണ്ടുപോകുന്നതിനിടയിൽ 'ശൂന്യതകൾ' അഥവാ 'blackspots' അനുഭവപ്പെട്ടതിനെപ്പറ്റി അവർ വാചാലയാകുന്നുണ്ട്. അതിൽനിന്ന് മുക്തിനേടാൻ അവൾ സ്വീകരിച്ച ഉപായം ഏറെ ചിന്തനീയമാണ്.

'When I feel I'm doing too much, I do less,
If I can
And that's why I'm in a rare
position where I dont have to do
job after job. I can yake time when
my family needs it

ഈ പ്രശ്നത്തിന്റെ ഏറ്റവും വലിയ വെല്ലുവിളി ഇത് തിരിച്ചറിയപ്പെടാതെ പോകുന്നു എന്നതാണ്. രോഗനിർണ്ണയത്തിനായി Christina Maslach Dw Susan Jackson ഉം വികസിപ്പിച്ചെടുത്ത ഒരു ചോദ്യാവലിയാണ് Maslach Burnout Inventory (MB1-Hs) എന്നത്. ഇതിലുള്ള ചോദ്യങ്ങൾ പ്രധാനമായും മൂന്നു തരമുണ്ട്. ഒന്നാമതായി ഒരു General Survey പിന്നീട് Educators Survey യും Human Service Survey യും. ഇവ ഓരോന്നും ഒരു വ്യക്തിയുടെ emotional exhaustion, depersonali sation, Personal accomplishment എന്നിവയെ ഏഴു പോയിന്റുകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു. രോഗം നിർണ്ണയിക്കപ്പെട്ടുകഴിഞ്ഞാൽ എത്രയുംവേഗം ഒരു മനഃശാസ്ത്രജ്ഞനെ സമീപിച്ച് കൗൺസിലിംഗിന് വിധേയമാവുക എന്നതാണ് ഏക പോംവഴി.

പക്ഷേ മുൻകരുതലാണ് ചികിത്സയെക്കാൾ ഭേദം എന്നാണല്ലോ പ്രമാണം. അങ്ങനെ നോക്കിയാൽ ജീവിതത്തെ കുറച്ചുകൂടി ലളിതമായി കാണാൻ നാം പഠിക്കേണ്ടിയിരിക്കുന്നു. ഉത്തരവാദിത്വങ്ങൾ മറന്ന് തിന്നുകുടിച്ച് ജീവിക്കുക എന്ന എപ്പിക്കൂരിയൻ ഫിലോസഫിയല്ല (307 ബി.സി.യിൽ ജീവിച്ചിരുന്ന ഗ്രീക്ക് തത്ത്വചിന്തകനാണ് എപ്പിക്കൂറസ്) ലളിതമാകുക എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. പിന്നെയോ Stephanie Michelle ന്റെ ഒരു കവിതയുടെ തലക്കെട്ടുപോലെയാകണം ജീവിതം.

'De stress the Dis-tresses"

വി. ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നുണ്ട്; അതിനാൽ നാളെയെക്കുറിച്ച് നിങ്ങൾ ആകുലരാകരുത്. നാളത്തെ ദിനം തന്നെ അതിനെക്കുറിച്ച് ആകുലപ്പെട്ടുകൊള്ളും (മത്തായി 6:34). ഇത്തരം ആകുലതകൾ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ ചെറുപ്പം മുതലെ ആരംഭിക്കണം. കുട്ടികൾ തങ്ങൾക്കിഷ്ടമുള്ള വിഷയങ്ങൾ തെരഞ്ഞെടുക്കുകയും പിന്നീട് ഇഷ്ടമുള്ള ജോലിയിടങ്ങളിൽ വ്യാപരിക്കുകയും ചെയ്യട്ടെ. അങ്ങനെ ലഭിക്കുന്ന സന്തോഷവും, സംതൃപ്തിയും കുടുംബത്തിലും സമൂഹത്തിലും പ്രതിഫലിക്കുക വഴി 'ഞങ്ങൾ സന്തുഷ്ടരാണ്' എന്ന് ഉറക്കെപ്പറയാൻ നമുക്ക് സാധിക്കട്ടെ.

എഡിസണും, റൗളിംഗും, കേണൽ സാൻഡേഴ്സും ഗാന്ധിജിയുമൊക്കെ Burnout Syndrome ബാധിച്ച് ആദ്യശ്രമത്തിൽത്തന്നെ അവസാനിപ്പിച്ചിരുന്നെങ്കിൽ, ആദ്യ പരാജയത്തിൽ നിരാശപ്പെട്ട് പിൻമാറിയിരുന്നെങ്കിൽ ഒരു 'സ്വതന്ത്രഭാരതത്തിൽ' 'ദീപാലങ്കാരപ്രഭമായ' രാത്രിയുടെ ആരവങ്ങളിൽ സൗഹൃദക്കൂട്ടങ്ങളോടൊപ്പം കെ.എഫ്.സി. എന്ന പുത്തൻ തലമുറരുചി ആസ്വദിക്കുവാനോ രാവിന്റെ നിശബ്ദതയിൽ ഹാരിപോട്ടർ കഥകൾ വായിച്ച് സ്വപ്നം കാണുവാനോ നമുക്കു കഴിയുമായിരുന്നോ?

ആകുലതകൾക്ക് വിടനൽകി ജീവിച്ചു തീർക്കുവാനല്ല, ജീവിച്ചുകാണിക്കുവാനുള്ളതായിരിക്കണം ഓരോ മനുഷ്യജീവിതവും. 'ചത്തതിനൊക്കുമെ ജീവിച്ചിരിക്കിലും' എന്ന് അറിയപ്പെടാതിരിക്കട്ടെ ലോകചരിത്രത്തിൽ ഓരോ മലയാളിയുടെയും ഐഡന്റിറ്റി. മലയാളത്തിന്റെ നടനവിസ്മയം ശ്രീ. മോഹൻലാൽ തന്റെ 'ദൈവത്തിന്റെ കത്ത്' എന്ന ബ്ലോഗെഴുത്തിൽ ഇപ്രകാരം പറയുന്നു. ജീവിതം എന്നത് ഒരു മരച്ചുവട്ടിലെ മനോഹരമായ മയക്കം മാത്രമാണ്. അത് മനസ്സിലാക്കുക എന്നതാണ് ഏറ്റവും വലിയ കാര്യം. ചിന്തിക്കുക. ചിന്തകൾ ന്യായമാണെന്ന് തോന്നുന്ന പക്ഷം മാത്രം ഉണർന്നു പ്രവർത്തിക്കുക.






## CONTACT LESS PAYMENTS

പേമെന്റുകൾ നടത്തുന്നതിനോ വിവരങ്ങൾ അയക്കുന്നതിനോ സമ്പർക്കമില്ലാത്ത സാങ്കേതികത വർദ്ധിച്ചുവരികയാണ്.

Near Field Communication (NFC) എന്ന പേരിൽ അറിയപ്പെടുന്ന ഒരു സാങ്കേതിക വിദ്യ ഒരു പേമെന്റ് കാർഡ് വിശദാംശങ്ങൾ ഒരു വയർലെസ് ചിപ്പിൽ മൊബൈൽ ഫോണിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

കാർഡുകളുടെ പിൻ ഉപയോഗിക്കാതെ അനുയോജ്യമായ കാർഡ് റീഡറിൽ സ്മാർട്ട് ഫോൺ ഉപയോഗിച്ച് സ്റ്റോറുകളിലോ കഫേകളോ മറ്റ് ഔട്ട്ലെറ്റുകളിലോ രൂപ അടയ്ക്കാൻ ഉപയോക്താക്കളെ ഇത് പ്രാപ്തമാക്കുന്നു.

ഒരു ടാഗ് ചെയ്ത കാർഡ് റീഡർ അല്ലെങ്കിൽ പോസ്റ്റർ ഉള്ള ഇൻസ്റ്റോറിന് അടുത്തായി പോകുമ്പോൾ എൻ.എഫ്.സി.-സൗകര്യപ്രദമായ ഫോണുകളിലേക്ക് പരസ്യം ചെയ്യലുകളോ വിവരശേഖരണമോ ഉപയോഗിക്കാനും സാങ്കേതിക വിദ്യ ഉപയോഗിക്കാം. എൻ.എഫ്.സി. സാങ്കേതികവിദ്യയും അംഗത്വകാർഡിനും ശാരീരിക പ്രവേശന നിയന്ത്രണത്തിനും വ്യാപകമായി ഉപയോഗിക്കുന്നു.

സമ്പർക്കമില്ലാത്ത പേമെന്റ് വേഗതയുള്ളതും സൗകര്യപ്രദവുമാണെങ്കിലും സുരക്ഷയും സുരക്ഷാപ്രശ്നങ്ങളെപ്പറ്റിയും ഉപയോക്താക്കൾ ബോധവാന്മാരാണ്.

**അപകടസാധ്യത**

നിങ്ങളുടെ ഇടപാടുകൾ പ്രോസസ് ചെയ്യുമ്പോൾ മറ്റൊരാളുടെ എൻ.എഫ്.സി.യുമായി ബന്ധപ്പെട്ടിരിക്കുന്ന മറ്റൊരു ഫോണുമായി കൂടികലരുവാൻ സാധ്യതയുണ്ട്.

കാർഡ് റീഡർ തെറ്റായ കാർഡ് കണ്ടെത്തുന്നതിനാൽ തെറ്റായ അക്കൗണ്ടിൽ നിന്നും പണം പോകാം.

നിങ്ങളുടെ സാമ്പത്തിക വിവരങ്ങൾ മോഷ്ടിച്ചോ -അല്ലെങ്കിൽ നിങ്ങളുടെ കാർഡ് ക്ലോൺ ചെയ്തു - വൈറസ് സിഗ്നലിനെ വഞ്ചകന്മാർക്ക് തടഞ്ഞു നിർത്താം.

നിങ്ങളുടെ എൻ.എഫ്.സി. ലഭിച്ച ഫോൺ വഴി ട്രാൻസ്ഫർ ചെയ്യുന്ന സമയത്ത് ഒരു മൂന്നാം കക്ഷി കേടാക്കുകയോ അല്ലെങ്കിൽ പരിഷ്ക്കരിക്കുകയോ ചെയ്യാം.

നിങ്ങളുടെ എൻ.എഫ്.സി. ഉപയോഗിച്ചുള്ള ഫോൺ ബാറ്ററി ചാർജ് ഇല്ലാതെ പോകുമ്പോൾ പണം അടയ്ക്കാനുള്ള സാധ്യത ഇല്ല.

നിങ്ങളുടെ എൻ.എഫ്.സി. ഉപയോഗിച്ചുള്ള ഫോൺ നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ ചെയ്താൽ പേമെന്റുകൾ നടത്തുവാൻ കഴിയുകയില്ല.

പൊതുനിലവാരം ഇല്ലാത്ത അവസ്ഥ മൂലം വിദേശത്ത് പേമെന്റുകൾ നടത്തുവാൻ കഴിയില്ല. നിങ്ങളുടെ എൻ.എഫ്.സി. ഫോണുകളിലെ വിവരങ്ങൾ നീക്കം ചെയ്യുമ്പോൾ നിങ്ങളുടെ സാമ്പത്തിക വിവരങ്ങൾ ശരിയായ രീതിയിൽ നീക്കം ചെയ്യപ്പെടുന്നില്ല.

**സുരക്ഷാമുൻകരുതലുകൾ**

നിങ്ങൾക്ക് ഒരു എൻ.എഫ്.സി. സജ്ജീകരിച്ച ഫോൺ ഉണ്ടെങ്കിൽ, നിങ്ങൾ പതിവായി മാറ്റേണ്ട ഒരു പിൻ മുഖേന ഉപയോഗിക്കുമ്പോൾ അത് എല്ലായ്പ്പോഴും പൂട്ടിയിട്ടുണ്ടെന്ന് ഉറപ്പാക്കുക.

നിങ്ങളുടെ എൻ. എഫ്.സി. ഉപയോഗിച്ചുള്ള ഫോൺ നഷ്ടപ്പെടുകയോ നശിപ്പിക്കാതിരിക്കുകയോ ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുക, കാരണം ഫലത്തിൽ ഇത് മറ്റൊരു വാലറ്റ് ആണ്.

നിങ്ങളുടെ സ്വന്തമല്ലെങ്കിൽ മറ്റുള്ള വാങ്ങലുകൾക്ക് അബദ്ധവശാൽ നിങ്ങൾ മറ്റുള്ളവർ തടസപ്പെടുത്താൻ കഴിയാത്ത വിധം സ്പെഷ്യൽ വോളിൽ നിക്ഷേപിച്ചു കൊണ്ട് നിങ്ങളുടെ കോൺടാക്ട് പെയ്സ് കാർഡു കൾ പരിരക്ഷിക്കുക.

നിങ്ങളുടെ ബാങ്കിന്റെ വ്യവസ്ഥകളും നിങ്ങൾ വായിക്കുകയും മനസിലാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിലൂടെ, ഒരു തെറ്റായ പേമെന്റ് അല്ലെങ്കിൽ സുരക്ഷാ ലംഘനം നടക്കുന്ന സാഹചര്യത്തിൽ നിങ്ങളുടെ ഉത്തരവാദിത്വമുണ്ടെന്ന് നിങ്ങൾക്ക് വ്യക്തമാകും.

നിങ്ങളുടെ അറിവുകളോ അനുവാദമോ ഇല്ലാതെ നിങ്ങളുടെ അക്കൗണ്ടിൽ നിന്നും പേമെന്റുകൾ എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി എപ്പോഴും നിങ്ങളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധിക്കുക.

നിങ്ങൾക്ക് ഒരു പ്രശ്നം ഉണ്ടായാൽ, ആദ്യഘട്ടത്തിൽ, ബന്ധപ്പെട്ട ബാങ്ക് അല്ലെങ്കിൽ കാർഡ് ദാതാവുമായി ബന്ധപ്പെടുക.




# കുട്ടികൾക്കുള്ള കഥകൾ

പ്രൊഫ. ഡോ. ബാബു ഫിലിപ്പ്



## വീണ്ടും തുറന്ന വാതിൽ

ക്രിസ്തുമസ്സ് ആഘോഷങ്ങളുടെ ഭാഗമായി, ഒരു സൺഡേസ്കൂളിലെ കുട്ടികളും അദ്ധ്യാപകരും കൂടി, ഒരു ലഘു നാടകം അവതരിപ്പിക്കാൻ തീരുമാനിച്ചു. തിരുപ്പിറവി ആയിരുന്നു വിഷയം. പരിശീലനം ഭംഗിയായി തുടർന്നു. ക്രിസ്തുമസ്സിന്റെ തലേ ദിവസം, പ്രദർശനത്തിന്റെ സമയം ആയപ്പോൾ, അഭിനേതാക്കൾ അനുയോജ്യമായ വേഷങ്ങൾ അണിഞ്ഞ് ഒരുങ്ങി. ഇടവകാംഗങ്ങളും മറ്റു നാട്ടുകാരും ആകാംഷയോടെ കാത്തിരുന്നു. അലങ്കരിച്ച വേദിയുടെ തിരശ്ശീല ഉയർന്നു.

ഗർഭിണിയായ മറിയവും യൗസേപ്പ് പിതാവും സാവധാനം നടന്നു വരുന്നു. ഒരു സത്രത്തിന്റെ വാതിൽക്കൽ എത്തിയപ്പോൾ, യൗസേപ്പ് പിതാവ് പല പ്രാവശ്യം പ്രതീക്ഷയോടെ ആ വാതിലിൽ മുട്ടി. സത്രത്തിന്റെ ഉടമയായി വേഷമിട്ട ചെറിയ കുട്ടി, വാതിൽ തുറന്ന് പുറത്തേക്ക് നോക്കി. പ്രസവിക്കാറായ ഭാര്യയ്ക്ക് ഒരു അഭയം തരണം എന്ന് യൗസേപ്പ് പിതാവ് കരഞ്ഞുകൊണ്ട് അപേക്ഷിച്ചു. എന്നാൽ, സത്രത്തിന്റെ ഉടമ, പഠിച്ചു വച്ചതു പോലെ തന്നെ, ഉച്ചത്തിൽ, ദേഷ്യത്തോടെ ഇങ്ങനെ പറഞ്ഞു, ''കടന്നു പോകൂ. സത്രം നിറഞ്ഞു കഴിഞ്ഞു. ഇവിടെ സ്ഥലമില്ല. പുറത്തു പോകൂ.'' വലിയ ശബ്ദത്തോടെ കതക് അടഞ്ഞു. ദുഃഖത്തോടെ, തിരുക്കുടുംബം നടന്നു നീങ്ങി. കുട്ടികളുടെ അഭിനയം കാണികൾക്ക് വളരെ ഇഷ്ടപ്പെട്ടു. പലരും സങ്കടത്തോടെ കണ്ണ് തുടച്ചു.

പെട്ടെന്ന്, സത്രത്തിന്റെ അടയ്ക്കപ്പെട്ട വാതിൽ വീണ്ടും തുറക്കപ്പെട്ടു. എല്ലാവരും അദ്ഭുതപ്പെട്ടു. സത്രത്തിന്റെ ഉടമയായി വേഷമിട്ട കുട്ടി, പൊട്ടിക്കരഞ്ഞുകൊണ്ട് ഓടിവന്ന് യൗസേപ്പ് പിതാവിന്റെ മുൻപിൽ മുട്ടുകുത്തി. അവൻ പറഞ്ഞു ''എന്നോട് ക്ഷമിക്കണേ. നിങ്ങൾ പോകരുതേ. നിങ്ങൾക്കു വേണ്ട സ്ഥലം ഞാൻ തരാം. എന്റെ വീട്ടിൽ, എന്റെ മുറിയിൽ, നിങ്ങൾക്ക് താമസിക്കാം.'' യൗസേപ്പ് പിതാവിന്റെ കയ്യിൽ പിടിച്ചുകൊണ്ട് അവൻ വേദിയുടെ പുറത്തേക്കു നീങ്ങി.



നാടകത്തിൽ ഇല്ലാത്ത ഈ രംഗം കണ്ട് സംവിധായകൻ സങ്കടപ്പെട്ടു. കാണികൾ എഴുന്നേറ്റു നിന്ന് ഉച്ചത്തിൽ, നിർത്താതെ കൈയടിച്ചു. അവർ പറഞ്ഞു, ''ഇതാണ് ശരി. ഇതാണ് നന്മ. ഇതാണ് നിഷ്കളങ്കത.'' നിഷ്കളങ്കനായ ആ പിഞ്ചു ബാലൻ എല്ലാവരുടെയും കണ്ണിലുണ്ണിയായി മാറി.

ബൈബിളിൽ വർണ്ണിക്കുന്ന ഒരു സംഭവം അവർ ഓർത്തു: സ്വർഗ്ഗരാജ്യത്തിൽ ആരാണ് വലിയവൻ എന്ന് ശിഷ്യന്മാർ ചോദിച്ചപ്പോൾ, ഈശോ ഒരു ശിശുവിനെ വിളിച്ച് അവരുടെ മധ്യേ നിർത്തിക്കൊണ്ട് അരുളിച്ചെയ്തു, ''നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല (മത്തായി 18 :1-3).''

## വിഡ്ഢിയായ കഴുത

ഓശാന ഞായറാഴ്ച, ഈശോയെ വഹിച്ചുകൊണ്ട് ജറുസലേമിലെ രാജപാതയിലൂടെ സഞ്ചരിച്ച ആ കഴുതയെപ്പറ്റി, ബൈബിളിൽ ഇല്ലാത്ത ഒരു കഥയുണ്ട്. ആദ്യമായിട്ടാണ് ആ കഴുത ഒരാളെ പുറത്ത് കയറ്റിക്കൊണ്ട് പോയത്. അവന്റെ ആ ആദ്യയാത്രയിൽ, ഈശോയെ സ്വീകരിക്കാൻ വഴിയിൽ ആവേശത്തോടെ അണിനിരന്ന ആയിരക്കണക്കിന് ആരാധകരെ ആ കഴുത കൺകുളിർക്കെ കണ്ടു. വഴിയിൽ വസ്ത്രങ്ങളും, ''ഓശാന'' എന്ന ആർപ്പുവിളികളും ആ കഴുതയ്ക്ക് വളരെ ഇഷ്ടപ്പെട്ടു.

ബുദ്ധി അല്പം കുറവായിരുന്നതിനാൽ, ആ കഴുത ഓർത്തു, ഈ സ്വീകരണങ്ങളും ആർപ്പുവിളികളും എല്ലാം അവനു തന്നെ കിട്ടിയതാണെന്ന്. ഓശാനയുടെ ഓർമ്മയിൽ മതിമറന്നു കിടന്ന അവന് അന്ന് ഉറക്കം വന്നില്ല. അടുത്ത ദിവസം അതിരാവിലെ തന്നെ, തലേ ദിവസത്തെ ആഘോഷങ്ങൾ ഒന്നുകൂടി ആവർത്തിക്കാനുള്ള ആഗ്രഹത്തോടെ, അവൻ ഒറ്റയ്ക്ക് അതേ രാജവീഥിയിലൂടെ, അഹങ്കാരത്തോടെ, മന്ദം മന്ദം നീങ്ങി. ഒറ്റയ്ക്കുള്ള അവന്റെ നടപ്പ് കണ്ട കുട്ടികൾ, തലേദിവസം കുരുത്തോല വെട്ടിയതിന്റെ മിച്ചം വന്ന മടലുകളുമായി ആ മൃഗത്തെ അടിച്ചോടിച്ചു. ജീവനും കൊണ്ടോടിയ ആ കഴുത ഒരു ഓടയിലേക്ക് മറിഞ്ഞു വീണു. അവന്റെ കാലുകൾ ഒടിഞ്ഞു; ദേഹം മുഴുവൻ മുറിഞ്ഞു. നിലവിളിച്ചുകൊണ്ട് കുഴിയിൽ കിടന്ന ആ കഴുത ഓർത്തു, ഈശോയെ വഹിച്ചുകൊണ്ട് പോയപ്പോൾ ലഭിച്ച സ്വീകരണവും അവൻ ഒറ്റയ്ക്ക് പോയപ്പോൾ കിട്ടിയ അപമാനവും എത്ര വ്യത്യസ്തമായിരുന്നു എന്ന്.



ക്രിസ്ത്യാനികൾ ക്രിസ്തുവിനെ വഹിക്കുന്നവരാണ്. ഈശോയോട് ഒത്ത് നടത്തുന്ന നമ്മുടെ പ്രവർത്തനങ്ങൾ വിജയിക്കുമ്പോൾ, അത് നമ്മുടെ സ്വന്തം കഴിവിന്റെ വിജയം ആണ് എന്ന് തെറ്റിദ്ധരിച്ച് അഹങ്കരിച്ചാൽ, കുഴിയിൽ വീണ ആ കഴുതയുടെ അവസ്ഥയിൽ ആയിരിക്കും നമ്മൾ. ഈശോയ്ക്കു വേണ്ടിയും ഈശോയോടൊപ്പവും ആയിരിക്കട്ടെ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും. അപ്പോൾ വിജയം ഉറപ്പാണ്.


*Dedicated to my husband John Mathew*

# Birthday Bequest for the Bethlehem Babe


**Dr Jyothi Idicula**
Professor, St. John's
Medical College, Bangalore



On a cold winter's night in Palestine
As the prophetic star put out its shine
Born on earth was the Saviour divine
Gladdening hearts, mine and thine
As the little baby's eyes widened
Gazing at the sheep and kindred
And the wide big World all around
Mary and Joseph saw with joy abound
This infant in fullness of age and time
Would spread word of love sublime
Bringing peace to human minds
Across vales, mountains and winds
This babe who cleaved the calendar
And rose high to the heaven yonder
Is born again at Christmas every ye
For all of us to hold close and dea
Do we have a gift for this child
As we wallow in our worlds wild?
The best offering for this infant
Is to spread happiness every instant
There is sheer magic everywhere
In this season of jubilant cheer
Be happy and keep it ever growing
All through the year never throwing
While this is the best gift for little Jesus
Who has delivered blissful peace to us
Being cheerful is also the best present
To one and all in this fest after advent




ഉപകാരസ്മരണ



ഒരു വിശ്വാസി, കാരയ്ക്കൽ

ഉപകാരസ്മരണ



ഒരു വിശ്വാസി, കാരയ്ക്കൽ

ആദരാഞ്ജലികൾ



സെബാസ്റ്റ്യൻ ജോസഫ് (ആൽബിൻ)
മുണ്ടുചിറയിൽ, ആനപ്രമ്പാൽ



# എം.സി.സി.എൽ. ബൈബിൾ ക്വിസ്

തയ്യാറാക്കിയത് :
**ഡീക്കൻ ഫിലിപ്പ് മങ്ങാട്ടേത്ത്**
2018 ജനുവരി, ഫെബ്രുവരി

1. അവൻ അവരെ പറഞ്ഞയച്ചതിനുശേഷം ശിഷ്യൻമാരോടൊപ്പം ഒരു വഞ്ചിയിൽ കയറി .......................... പ്രദേശത്തേക്കു പോയി.
2. ''അറുപത് സ്താദിയോൺ'' ഏകദേശം ഏത്രകിലോമീറ്റർ ആണ്?
3. സാബത്തു ദിവസം ഒരു യഹൂദനു യാത്ര ചെയ്യാൻ അനുവദിച്ചിട്ടുള്ള ദൂരം എത്രയാണ്?
4. ''രക്തത്തിന്റെ വയൽ'' എന്നർത്ഥമുള്ള സ്ഥലം ഏത്?
5. സ്തേഫാനോസിനെ സംബന്ധിച്ചുണ്ടായ പീഡനം നിമിത്തം ചിതറിക്കപ്പെട്ടവർ ആരോടു മാത്രമാണ് വചനം പ്രസംഗിച്ചത്?
6. അവരുടെ കാപട്യത്താൽ ആര് വഴിതെറ്റിക്കപ്പെടും എന്നാണ് ഗലാത്തിയ 2:13 ൽ പറയുന്നത്?
7. ആയിരിക്കുന്നവനും ആയിരുന്നവനും വരാനിരിക്കുന്നവനും സർവ്വശക്തനുമായ കർത്താവായ ദൈവം അരുളിച്ചെയ്യുന്നു: ഞാൻ ............... ഉം .................. ആണ്.
8. എസെക്കിയേൽ പ്രവാചകന്റെ പിതാവിന്റെ പേരെന്ത്?
9. ജറെമിയായുടെ പിതാവായ ..................... ഏത് ദേശക്കാരനായിരുന്നു?
10. ജറെമിയ പ്രവാചകവൃത്തി ആരംഭിച്ചത് ഏപ്പോൾ? (കാലഘട്ടം)

*N.B* : ഉത്തരങ്ങൾ ജനുവരി 10 ന് മുൻപായി **തിയോളജിക്കൽ & കാറ്റകെറ്റിക്കൽ സെന്റർ, സമീക്ഷ, കുളക്കാട്, തിരുവല്ല - 689 101** എന്ന മേൽവിലാസത്തിലേക്ക് അയച്ചു തരിക

തയ്യാറാക്കിയത് :
**സി.റ്റി. മത്തായി**

## ബൈബിൾ ക്വിസ് ശരി ഉത്തരം

**ഡിസംബർ 2017**

1. അബ്രാം, യോക്കേബേദ് (പുറപ്പാട് 6:20)
2. നാരി (ഉല്പത്തി 2:23)
3. അയയ്ക്കപ്പെട്ടവൻ (യോഹന്നാൻ 9:7)
4. ദാവീദ് മിഖാലിനോടു പറഞ്ഞു (2 സാമുവേൽ 6:22)
5. യാക്കോബ് ദൈവത്തോട് (ഉല്പത്തി 32:26)
6. ജമിമ, കെസിയ, കേരൻഹാപ്പുക് (ജോബ് 42:14)
7. കർത്താവിന്റെ പ്രത്യാഗമനം (2 പത്രോസ് 3:10)
8. വി.യോഹന്നാൻ (വെളിപാട് 22:20)
9. സിംഹാസനത്തിലിരിക്കുന്നവൻ (വെളിപാട് 21:5,6)
10. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ (യോഹന്നാൻ 13:35)

## ബൈബിൾ ക്വിസ് - ഡിസംബർ 2018 വിജയികൾ

**ഒന്നാം സമ്മാനം : റേച്ചൽ തോമസ്,** സെന്റ് ജോസഫ് മലങ്കര കാത്തലിക് ചർച്ച് മുക്കൂർ, **സയോണ ആൻ ജോസഫ്,** ക്രിസ്തുരാജ മലങ്കര കാത്തലിക് ചർച്ച് ചെത്തോങ്കര, **ഷോൺ സി. ജോസഫ്,** ക്രിസ്തുരാജ മലങ്കര കാത്തലിക് ചർച്ച് ചെത്തോങ്കര

**രണ്ടാം സമ്മാനം : ലിയ മേരി തോമസ്,** സെന്റ് തോമസ് മലങ്കര കാത്തലിക് ചർച്ച്, നീരേറ്റുകാവ്, റാന്നി

**മൂന്നാം സമ്മാനം : റോസ് മേരി വർഗീസ്,** സെന്റ് മേരീസ് മലങ്കര കാത്തലിക് ചർച്ച്, കുമളി


**ഉപകാരസ്മരണ**

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാ സഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യ കാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/ അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമേ. /എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ ഈ ഉപകാരം ഞാൻ എന്നും ഓർത്തു കൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, കാരയ്ക്കൽ**



**ഉപകാരസ്മരണ**

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാ സഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യ കാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/ അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമേ. /എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ ഈ ഉപകാരം ഞാൻ എന്നും ഓർത്തു കൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, കാരയ്ക്കൽ**




# ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനി



ബ്ര. ജോർജ്ജ് വടക്കേതിൽ

''സ്വയം വിശുദ്ധീകരണത്തിലൂടെ ദൈവമക്കളെ വിശുദ്ധീകരിക്കാൻ യത്നിച്ച മലങ്കരയുടെ പുണ്യമായ ബത്തേരി, പുത്തൂർ ഭദ്രാസനങ്ങളുടെ മുൻ അദ്ധ്യക്ഷൻ ആബൂൻ മോർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ തിരുമേനി 1950 നവംബർ 1 ന് ഒറ്റത്തെങ്ങിൽ വർഗീസ്–ആഞ്ഞിലിമൂട്ടിൽ മറിയാമ്മ ദമ്പതികളുടെ 8 മക്കളിൽ രണ്ടാമനായി എടത്വാ ആനപ്രമ്പാലിൽ ജനിച്ചു. മാർത്തോമ്മാ സഭാംഗമായിരുന്ന കുടുംബം 1955 ൽ സൗത്ത് കാനറയിലെ ഇച്ചിലംപടി എന്ന സ്ഥലത്തേക്ക് കുടിയേറി പാർത്തു. സ്വന്തം സഭയുടെ ദൈവാലയങ്ങൾ ഇല്ലാതിരുന്നതിനാൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ തീർത്ഥാടന കേന്ദ്രമായ ഇച്ചിലംപടി യാക്കോബായ പള്ളിയിലാണ് കൂടിവന്നിരുന്നത്. ഈ കാലയളവിലാണ് ഉടനെ സീറോ മലബാർ കത്തോലിക്കാ പള്ളി വികാരിയായി വന്ദ്യനായ സാബാസ് സി.എം.ഐ. എന്ന മിഷനറി വൈദികൻ ചുമതല ഏല്ക്കുന്നത്. അച്ചൻ എല്ലാ ഭവനങ്ങളും സന്ദർശനം നടത്തുന്നത് പതിവായിരുന്നു. അങ്ങനെ ഒരിക്കൽ ശ്രീമാൻ ഒറ്റത്തെങ്ങിൽ എൻ.എസ്. വർഗീസിന്റെ ഭവനത്തിൽ എത്തുകയും സത്യസഭയെപ്പറ്റിയുള്ള പഠനത്തിൽ ഏർപ്പെടുകയും ചെയ്തു. അതീവ താല്പര്യത്തോടെ ബഹു. അച്ചന്റെ സത്യസഭയെപ്പറ്റിയുള്ള വിശദീകരണങ്ങൾ ഉൾക്കൊള്ളുകയും ആ തിരിച്ചറിവ് കൊണ്ടെത്തിച്ചത് സാബാസ് അച്ചന്റെ മുമ്പാകെ 1962 ൽ കത്തോലിക്കാ സഭയുമായുള്ള പുനരൈക്യത്തിലേക്കാണ്.

**ബാല്യകാലം**

മാതാപിതാക്കന്മാർ അടിയുറച്ച ദൈവവിശ്വാസത്തിലും, ഭക്തിയിലും കൊച്ചു വർഗീസിനെ വളർത്തിക്കൊണ്ടു വന്നു. കേവലം 3 വയസ്സു പ്രായമുള്ളപ്പോൾ (കേരളം) കുഞ്ഞിന് കലശലായ രോഗബാധയുണ്ടായപ്പോൾ അമ്മാവനായ ആഞ്ഞിലിമൂട്ടിൽ വർക്കിച്ചായൻ രോഗസൗഖ്യം ലഭിച്ചാൽ കുഞ്ഞിനെ ദൈവവേലയ്ക്ക് സമർപ്പിച്ചുകൊള്ളാമെന്ന് നേർച്ച നേരുകയും, തല്ഫലമായി അത്ഭുതകരമായി രോഗത്തിൽ നിന്ന് വിടുതൽ ലഭിക്കുകയും, കുഞ്ഞിന് പ്രത്യേക കരുതൽ നല്കി വളർത്തിക്കൊണ്ട് വരുകയും ചെയ്തു. ആ തീക്ഷ്ണതയാണ് ഹിമാലയസാനുക്കളിൽ തപസ് അനുഷ്ഠിച്ച് ജീവിക്കണം എന്ന

ആഗ്രഹത്തിലേക്ക് കൊച്ചു വർഗീസിനെ കൊണ്ടു ചെന്നെത്തിച്ചത്. അങ്ങനെയിരിക്കുമ്പോളാണ് കുടിയേറ്റ മലങ്കരക്കാരിലെ പ്രമുഖ കുടുംബമായിരുന്ന കാക്കനാട്ട് ഭവനവുമായി ഒറ്റത്തെങ്ങിൽ കുടുംബം പരിചയത്തിലാവുന്നതും അതുവഴി മുൻപുണ്ടായിരുന്ന ആരാധനാസാമ്യതയുള്ള കത്തോലിക്കാ സഭയിലെ മലങ്കര സുറിയാനി സഭയുമായി ചേരുന്നതിന് ഇടയായത്. അങ്ങനെയൊരിക്കൽ സെമിനാരിയിലെ അവധിക്ക് വന്നിരുന്ന ഏബ്രഹാം ശെമ്മാശനുമായി (മാർ യൂലിയോസ് തിരുമേനി) അടുപ്പത്തിലാകുകയും അതുവഴി തന്റെ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം തിരുവല്ല ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയിൽ ചേരുന്നതിനും ഇടയായത്. 4 വർഷത്തെ മൈനർ സെമിനാരി പഠനത്തിനു ശേഷം തത്ത്വശാസ്ത്ര, ദൈവശാസ്ത്രപഠനങ്ങൾക്കായി തൃശ്ശിനാപള്ളി സെന്റ് പോൾസ് മേജർ സെമിനാരിയിൽ ചേർന്നു. അവിടെയായിരിക്കുമ്പോൾ കർണ്ണാട്ടിക് സംഗീതം നല്ല നിലയിൽ പഠിക്കുന്നതിനും, സഹപാഠികൾക്ക് നല്ലൊരു മാതൃകയായിരുന്നു കൊണ്ട് ശാന്തമായും, പുഞ്ചിരിയോടും എല്ലാം ഉൾക്കൊള്ളുന്നതിനും ബ്രദറിന് സാധിച്ചു. ഇവിടെ വച്ചാണ് സഹപാഠിയായി കോശിവർഗീസ് ശെമ്മാശനും (മാർ ഇഗ്നാത്തിയോസ് പിതാവും) സീനിയറായി ജോൺ കല്ലൂർ ശെമ്മാശനും (മാർ ക്രിസോസ്റ്റം പിതാവും) പഠിച്ചിരുന്നത്. അങ്ങനെ 1977 ൽ അഭിവന്ദ്യ അത്തനാസിയോസ് തിരുമേനിയിൽ നിന്ന് ശെമ്മാശപട്ടവും 1978 ഏപ്രിൽ 10 ന് ഇച്ചിലംപടി മലങ്കര സുറിയാനി കത്തോലിക്ക പള്ളിയിൽ വച്ച് മലങ്കരയുടെ ദ്വിതീയ മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമനസ്സ് കൊണ്ട് വഴിയും, സത്യവും, ജീവനുമായ ക്രിസ്തുനാഥന്റെ മഹാപൗരോഹിത്യത്തിലേക്ക് ശെമ്മാശനെ കൂട്ടിച്ചേർത്തു.

**ഒറ്റത്തെങ്ങിലച്ചൻ**

1979 ൽ തിരുവല്ല ഭദ്രാസനം വിഭജിച്ച് ബത്തേരി ഭദ്രാസനം സ്ഥാപിച്ചപ്പോൾ ഒറ്റത്തെങ്ങിലച്ചനെ മാർ ബസേലിയോസ് തിരുമേനി (സിറിൽ ബാവ) മലങ്കര സഭ കണ്ട മഹാനായ കപ്പൂച്ചിൻ മിഷനറി ഫാ. കത്ബെർട്ടിന്റെ കൂടെ സഹവികാരിയായി നിലമ്പൂരിലെ 5 ഇടവകകളിലേക്ക് നിയമിച്ചു. സന്യാസനിഷ്ഠയോടും, കൃത്യതയോടും ശുശ്രൂഷ നടത്തിയിരുന്ന കത്ബർട്ടിൽ അച്ചനോടൊപ്പമുള്ള ജീവിതം വർഗീസ് അച്ചന് ലഭിച്ച പാഠങ്ങൾ ബൃഹത്തായിരുന്നു. അവിടെ സ്തുത്യർഹമായി ശുശ്രൂഷ നടത്തിവരവെയാണ് അച്ചനെ 1980 ൽ ഉപരിപഠനത്തിനായി റോമിലെ ആഞ്ചലിക്കം സർവകലാശാലയിൽ വിടുന്നത്. കത്ബെർട്ട് അച്ചന്റെ പ്രോത്സാഹനം ഇതിലുണ്ടായിരുന്നുവെന്ന് പിതാവ് പലപ്പോഴും പറയുമായിരുന്നു. ശ്രീരാമകൃഷ്ണപരമഹംസന്റെ ഭാരതീയ ആദ്ധ്യാത്മികതയിൽ ഡോക്ടറേറ്റ് പഠനം ഉന്നതമായ നിലയിൽ പൂർത്തിയാക്കിയ അച്ചനെ 1987 ൽ ബസേലിയോസ് ബാവ മൈനർ സെമിനാരി റെക്ടർ, കത്തീഡ്രൽ വികാരി, കാസർഗോഡ് ഇടവകയുടെ വികാരി എന്നീ ചുമതലകൾ നല്കുകയുണ്ടായി.

**ബത്തേരിയുടെ ദ്വിതീയ ഇടയൻ**

യജമാനൻ ഏല്പിക്കുന്ന കാര്യങ്ങൾ എല്ലാം കൃത്യമായി ചെയ്യുന്ന വിശ്വസ്തദാസനെപ്പോലെ വൈദികശുശ്രൂഷ നടത്തി വരവെ മാർ ബസേലിയോസ് പിതാവിന്റെ പിൻഗാമിയായി 1997 ഫെബ്രുവരി 05 ന് ''ഗീവർഗീസ് മാർ ദിവന്നാസിയോസ്'' എന്ന പേരിൽ ബത്തേരിയുടെ ദ്വിതീയ മെത്രാപ്പോലീത്തയായി പരി. സിംഹാസനം കല്പിച്ച് നിയമിച്ചു. കോറിന്തോസ്സിലെ ഉഗ്രസന്യാസിയായിരുന്ന വിശുദ്ധ ദിവന്നാസിയോസ് ആയിരുന്നു നാമഹേതുകൻ. തന്റെ ശുശ്രൂഷയുടെ ആദ്യകാലങ്ങളിൽ തന്നെ ആദ്ധ്യാത്മിക, സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ മേഖലകളിൽ ശ്രദ്ധ ചെലുത്തുവാൻ പിതാവ് പ്രത്യേകം ശ്രദ്ധിച്ചു. സിറിൽ ബാവ തിരുമേനിയുടെ സന്ദർശത്തിലൂന്നിക്കൊണ്ട് ഭദ്രാസനത്തെ സ്വയം പര്യാപ്തതയിൽ എത്തിക്കാനും, ഭാരതത്തിലെ കത്തോലിക്കാ ഭദ്രാസനങ്ങൾക്ക് ഇതിലൂടെ മാതൃകയാകുവാനും 13 വർഷത്തെ തന്റെ അജപാലനശുശ്രൂഷകൊണ്ട് തിരുമേനിക്ക് സാധിച്ചു. ശാന്തതയോടും, വിനയത്തോടും തന്റെ അജപാലന ശുശ്രൂഷ നടത്തുന്നതിനും തന്റെ മുന്നിൽ വരുന്ന ഏത് മതസ്ഥർ ആയിരുന്നാലും അവർക്ക് തന്നാലാവും വിധം സഹായിക്കുന്നതിനും തിരുമേനി ശ്രദ്ധിച്ചിരുന്നു. ശാലോമിന്റെയും, ചെറുപുഷ്പമിഷൻ ലീഗിന്റെയും രക്ഷാധികാരി എന്ന നിലയിലും, എം.സി.എ. യുടെ സഭാതല ചെയർമാൻ എന്ന നിലയിലും കൃത്യമായ ദിശാബോധം നല്കി ആദ്ധ്യാത്മിക ഉന്നതിയിലെത്തിക്കാൻ പിതാവ് ശ്രദ്ധിച്ചിരുന്നു. സഭയിലൂടെ അത്മായർക്ക് സജീവപങ്കാളിത്തം നേടിക്കൊടുക്കുന്നതിൽ ഈ മേഖലകളിലൂടെ തിരുമേനി ബദ്ധശ്രദ്ധനായിരുന്നു. കൂടാതെ ബാംഗ്ലൂരിലും, ഭദ്രാസനത്തിലെ അനേകം പുതിയ പള്ളികളും, മിഷനുകൾ സ്ഥാപിക്കുന്നതിനും, നവീകരിക്കുന്നതിനും തിരുമേനി മുൻകൈയ്യെടുത്തു. 2003 ൽ തിരുമേനിയുടെ പൗരോഹിത്യ രജത ജൂബിലിയും, രൂപതയുടെ രജതജൂബിലിയും, പുനരൈക്യവാർഷികവും സമുചിതമായി ബത്തേരിയിൽ ആഘോഷിക്കുകയുണ്ടായി. 2007 ൽ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവാ തിരുമേനി കാലം ചെയ്തപ്പോൾ പരിശുദ്ധ സഭയുടെ സീനിയർ മെത്രാപ്പോലീത്ത എന്ന നിലയിൽ സഭയുടെ അഡ്മിനിസ്ട്രേറ്റർ എന്ന പദവിയിൽ ശുശ്രൂഷ ചെയ്യുന്നതിനും ഇടയായി. കൂടാതെ മലങ്കര അപ്പസ്തോലിക സഭയ്ക്ക് പുതി

യ കാതോലിക്കാ ബാവായെ ആദ്യമായി തിരഞ്ഞെടുക്കുന്നതിനുള്ള സുന്നഹദോസിന് അധ്യക്ഷം വഹിക്കുന്നതിനും, കാതോലിക്കാ ബാവായെ വാഴിക്കുന്നതിനും ഭാഗ്യവാനായ ഈ പുണ്യപിതാവിലൂടെ പരമകാരുണികനായ ദൈവം ഇടയാക്കി.

**പുത്തൂരിന്റെ 'സ്വാമിയവറു'**

ബത്തേരിയിലെ തന്റെ 13 വർഷത്തെ ശ്ലൈഹിക ശുശ്രൂഷയിലൂടെ ''നീണ്ട പ്രസംഗങ്ങളെക്കാൾ മറ്റുള്ളവർക്ക് മാതൃകയായതിന്റെ സാക്ഷ്യമായിരുന്നു'' മാർ ഈവാനിയോസ് തിരുമേനി മുണ്ടൻമല ഉപേക്ഷിച്ച് ഒന്നുമില്ലാതിരുന്ന തിരുവനന്തപുരത്ത് ആസ്ഥാനം ഉറപ്പിച്ചതുപോലെ, ബത്തേരിയിലെ സന്നിധാനം വിട്ട് കർണ്ണാടക, പുത്തൂരിൽ ഭയബാധിതമായി ഈ നാട്ടിൽ ഒരു ബ്രാഹ്മണ ഇല്ലം മേടിച്ച് ദൈവഭയമുള്ള പുണ്യസങ്കേതമായി ''ശാന്തിഭവന''മാക്കിതീർത്തത്. പ്രാർത്ഥനയും തപശ്ചര്യയും കൊണ്ട് ശാന്തിഭവനമാക്കി നാടിന് എന്നും ഒരു അത്ഭുതമായി ബിഷപ്പ്സ് ഹൗസ് നിലകൊള്ളുന്നതിന് ദൈവം ഈ പുണ്യവാനായ തിരുമേനിയിലൂടെ ഇടയാക്കി. ''അസതോമാ സത്ഗമയാ, തമസ്സോമ ജ്യോതിർഗമയാ, മൃത്യോമാ അമൃതം ഗമയാ'' ആയ മിശിഹാനാഥന് വലിയ സാക്ഷ്യമായി ഹൈന്ദവ സഹോദരങ്ങളുടെ ഇടയിൽ ''സ്വാമിയവറു'' ആയി തിരുമേനി 7 വർഷക്കാലം ഇവിടെ ശ്ലൈഹികശുശ്രൂഷ നടത്തി. കൂടാതെ അരമനയോട് ചേർന്ന് മൈനർ സെമിനാരി പരി. ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായുടെ ആശീർവാദത്തോടെ തുടങ്ങുന്നതിനും അനേകം മിഷൻ സ്ഥലങ്ങൾ പുതുതായി ആരംഭിക്കുന്നതിനും പള്ളികൾ നവീകരിക്കുന്നതിനും പിതാവിന് സാധിച്ചു. അരമനയിലുള്ളപ്പോൾ വൈകുന്നേരം ഒരു കുടയുമേന്തി ജപമാല ചൊല്ലി പോകുന്നത് ഇവിടെയുള്ളവർ വലിയ സാക്ഷ്യമായി പറയാറുണ്ട്. നമ്മുടെ കർത്താവിന്റെ രക്ഷാകരസന്ദേശം എല്ലാവരുടെയും ഇടയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ''മിശിഹാനാഥൻ വളരുകയും, ബലഹീനനായ നാം കുറയുകയും വേണം'' എന്ന ആദർശം സ്വജീവിതത്തിൽ അന്വർത്ഥിച്ച് നടത്തുവാൻ പിതാവ് ശ്രദ്ധിച്ചിരുന്നു. മാനന്തവാടിയിലുള്ള സി.എം.ഐ. ആശ്രമവും, മിനങ്ങാടിയിലെ ബഥനി ആശ്രമവും, നെല്ല്യാടി മോറിയാ ആശ്രമവും തിരുമേനി ധ്യാനിക്കുന്നതിന് തെരഞ്ഞെടുത്ത സ്ഥലങ്ങളായിരുന്നു.

1958 ൽ കുടിയേറ്റ മലങ്കര മക്കൾക്ക് കർണാടക മണ്ണിൽ ആരംഭംകുറിച്ച മോർ അത്തനാസിയോസ് തിരുമേനിയുടെ ഈ വത്സല ശിഷ്യനിലൂടെ ദൈവം കർണാടകയിലെ പുത്തൂർ കേന്ദ്രമാക്കി ഒരു ഭദ്രാസനം തുടങ്ങുന്നതിന് ഇടയാക്കി. തന്റെ അനാരോഗ്യം പരി. സഭയുടെ ശുശ്രൂഷയ്ക്ക് തടസ്സമാവരുതെന്ന് കണ്ട് 2017 ജനുവരി 24 ന് അദ്ദേഹം സ്ഥാനത്യാഗം ചെയ്യുകയും, പ്രാർത്ഥനയ്ക്കും, ചികിത്സയ്ക്കുമായി തിരുവല്ല പള്ളിമലയിൽ താമസിക്കുകയും ചെയ്തു.

രോഗത്തിന്റെ ആധിക്യം വീണ്ടും തളർത്തിയതിനാൽ പ്രാർത്ഥനയിലും, മൗനത്തിലും തിരുമേനി ദൈവപിതാവിന്റെ പക്കലേക്ക് പോകുവാൻ ഒരുങ്ങി കഴിയുമ്പോൾ പുഷ്പഗിരി ആശുപത്രിയിൽ വച്ച് 2018 ജനുവരി 16 ഉച്ചയ്ക്ക് 2.40 ന് തന്റെ ആത്മാവ് സ്വർഗ്ഗീയ പിതാവിന്റെ വസതിയിലേക്ക് കടന്ന് പോയി. തിരുമേനിയുടെ ഭൗതീകദേഹം തന്റെ ആഗ്രഹപ്രകാരം ഗുരുനാഥന്മാരുടെ കബറിടത്തിന് സമീപത്തായി തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ കബറടക്കി. ●

## ആദരാഞ്ജലികൾ



**അഭിവന്ദ്യ ഗീവർഗീസ് മാർ ദിവന്നാസിയോസ് പിതാവിന്**



## ആദരാഞ്ജലികൾ





**സി. മേരി അസീസി എസ്.ഐ.സി.**



# പ്രതീക്ഷയുടെ പുതുവർഷം
## ഐക്യദീപം
# ഫോട്ടോഗ്രാഫി മത്സര വിജയികൾ



1-ാം സ്ഥാനം
ബ്ര. ജെറിൻ തായ്ത്തറ



2-ാം സ്ഥാനം
ചിസൻ ജോർജ്ജ് ഐസക്



3-ാം സ്ഥാനം
ബെനഡിക്ട് മരിയ വർഗ്ഗീസ്

### പ്രോത്സാഹന സമ്മാനങ്ങൾ



വോക്സ് ക്രിസ്റ്റി



ഷെറിൻ ജോസഫ്



മിയ മനു ഏബ്രഹാം



ഐറിൻ ആൻ ജോർജ്ജ്



ബിനോയ് വർഗ്ഗീസ്

*(25-ാം പേജ് തുടർച്ച)*

യോജിച്ചുള്ള ക്രൈസ്തവ സാക്ഷ്യവും സുവിശേഷവത്ക്കരണവും ഇന്നത്തെ ക്രൈസ്തവ സഭയുടെ ലക്ഷ്യമാകുമ്പോൾ ഐക്യം താനെ വന്നുകൊള്ളും. ഐക്യത്തിന്റെ പരിശുദ്ധാത്മാവ് അതിനായുള്ള വഴികൾ വെട്ടിയൊരുക്കുന്ന ഒരു നവയുഗത്തിന്റെ പതാകാവാഹകരാണ് ഐക്യത്തിന്റെ വർത്തമാനകാല വഴികളിൽ ജീവിക്കുന്ന നമ്മുടെ തലമുറ.

സഭയുടെ അടിസ്ഥാനലക്ഷമാണ് ഐക്യം. ലക്ഷണങ്ങളെല്ലാം തികഞ്ഞ ആളാണല്ലോ സജീവ സാക്ഷ്യം വഹിക്കുന്നത്. റോമാ സിംഹാസനത്തിൽ വാണരുളുന്നവൻ, വിദൂരസ്ഥമായ ഇന്ത്യയിലുള്ളവൻ തന്റെ അവയവമാണെന്ന് മനസ്സിലാക്കുന്നു എന്ന് എ.ഡി. 407 ൽ വി. ജോൺ ക്രിസോസ്റ്റം പറഞ്ഞത് അന്ന് എന്ന പോലെ ഇന്നും എന്നും ഐക്യത്തിന്റെ വില എടുത്തു കാണിക്കുന്ന അമൂല്യ മുത്തുകളിൽ ഒന്നാണ്. വചനാധിഷ്ഠിതവും കൂദാശപരവും സഭാത്മകവുമായ കാതോലികതയിൽ ഊന്നിയ ഐക്യം മാത്രമല്ല കാലത്തോടും അതിന്റെ ഉടയവനോടും പ്രകൃതിയോടും മനുഷ്യനോടും സാങ്കേതിക വിദ്യകളോടും ഒക്കെയുള്ള ദൈവീക ഐക്യം നമ്മുടെ ലക്ഷ്യമായി മാറുന്നു.

**3. ഐക്യത്തിന്റെ ഭാവികാലവഴി**

ഇന്നലെകളിൽ സംഭവിച്ച മുറിവുകളും ചരിത്രത്തിന്റെ അരുതായ്മകളും വിട്ടിട്ട് സംക്ഷുബ്ധമായ ഓർമ്മകളോടെ ഭാവിയെ ലാക്കാക്കി ഓടുന്നവരാണ് നാം. ഭാവിയെ ആകാംഷയോടെ നോക്കുന്നവരുടെയിടയിൽ ഭാവിയെ ആഘോഷത്തോടെ നോക്കുന്നവരാക്കി നമ്മെ മാറ്റിയത് ദൈവാശ്രയബോധവും ഐക്യത്തിന്റെ സാക്ഷികളായതിലുള്ള പാഠങ്ങളും അഭിമാനവും ഒക്കെ ആണ്. ലോകത്തെ വിശുദ്ധിയിലും നീതിയിലും ഭരിക്കാനും ഹൃദയപരമാർത്ഥതയോടെ വിധികൾ പ്രസ്താവിക്കാനുമാണല്ലോ അവിടുന്ന് അവനെ സൃഷ്ടിച്ചത് (ജ്ഞാനം 9:3). പരസ്പരം മനസ്സിലാക്കുക എന്നത് ഒരു കലയാണ്. എല്ലാവരും കലാകാരന്മാർ അല്ലാത്തതിനാൽ അനൈക്യത്തിന്റെ വേരുകൾ ഉണ്ടായേക്കാമെന്നത് യാഥാർത്ഥ്യബോധത്തോടെ കണക്കാക്കി ഐക്യത്തിന്റെ ആത്മാവിനാൽ വ്യക്തിസമൂഹ സഭാകാലാങ്ങളെ പരിപൂർണമായി നിറയ്ക്കാൻ ഇടതടവില്ലാതെ പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. അവ പൂർണമായി ഒന്നാകേണ്ടതിന് ഞാൻ അവരിലും അവിടുന്ന് എന്നിലും ആയിരിക്കുന്നു. അങ്ങനെ അങ്ങ് എന്നെ അയച്ചുവെന്നും അങ്ങ് എന്നെ സ്നേഹിച്ചതുപോലെ തന്നെ അവരെയും സ്നേഹിച്ചുവെന്ന് ലോകം അറിയട്ടെ. പിതാവേ ലോകസ്ഥാപനത്തിനു മുമ്പ് എന്നോടുള്ള അവിടുത്തെ സ്നേഹത്താൽ അങ്ങ് എനിക്ക് മഹത്വം നല്കി. അങ്ങ് എനിക്ക് നല്കിയവരും അത് കാണാൻ ഞാൻ ആയിരിക്കുന്നിടത്ത് എന്നോട് കൂടെ അവരും ആയിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു (യോഹ. 17:23-24). ഈ വചനം നല്കുന്ന പ്രത്യാശ വിലയേറിയതാണ്. ഒപ്പം നമ്മെ ഐക്യത്തിന്റെ സാക്ഷിയായി പിടിച്ചു നിർത്തുന്ന ശക്തിയേറിയ ബലവും നവ സാങ്കേതിക വിദ്യകളും സാമൂഹിക മാധ്യമങ്ങളുമെല്ലാം ദൈവം തന്നിരിക്കുന്ന അനുഗ്രഹപ്രദങ്ങളായ ആയുധങ്ങൾ മാത്രമാണെന്ന് തിരിച്ചറിവോടെ ദൈവശാസ്ത്രപരമായി അവയിലും ആധിപത്യം പുലർത്തി നന്മയുടെ ജിഹ്വകളാക്കി മാറ്റാനാവുമ്പോഴാണ് ഐക്യത്തിന്റെ ഭാവികാല വഴി സുഗമമാകുക.

ഇന്ന് എന്ന ദൈവസമ്മാനത്തിന്റെ (Present) സാക്ഷ്യമായും സാന്നിധ്യമായും (Presence) മലങ്കര സഭാ ഐക്യത്തിന്റെ സാക്ഷികളായി മാറുന്നു. ഇന്നലെയുടെ അനൈക്യവും ഐക്യ പരിശ്രമങ്ങളും ഐക്യവിജയവും കണ്ട് ഐക്യപാതയിൽ ഇന്നും സദാചരിക്കുന്ന തീർത്ഥാടകരായ ഐക്യസാക്ഷികൾ.

**വിശുദ്ധരുടെ സഹപൗരർ**

നാം ആയിരുന്നതും ആയിരിക്കുന്നതും ആയിരിക്കേണ്ടതുമായ അതുല്യവിളിയാണിത്. ഈ വിളിയുടെ ശരിയായ ബോധ്യം ഒരാളെ ദൈവരാജ്യം ശക്തിമാൻമാർക്കുള്ളതാണ് എന്നതിന്റെ പ്രവൃത്തിപന്ഥാവിൽ എത്തിക്കും.

വിശുദ്ധർ : ആദിമസഭയിൽ ഏവരേയും വിശുദ്ധർ, വിശ്വാസികൾ, രക്ഷിക്കപ്പെട്ടവർ, ശിഷ്യർ എന്നീ സംജ്ഞകളിലാണ് അറിയപ്പെട്ടത്. അന്ത്യോക്യയിൽ വച്ചാണ് അവർ ആദ്യമായി ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ടത്. തങ്ങളുടെ അറിയപ്പെടുന്ന സംജ്ഞകൾക്ക് അനുസൃതമായ ജീവിതം ആയിരുന്നു അവരുടേതെന്നും വിശ്വാസത്തിനും വിശുദ്ധിയ്ക്കുമായി രക്തസാക്ഷികളായവരുടെ രക്തം വളമാക്കിക്കൊണ്ട് അതിശീഘ്രം തഴച്ചുവളർന്ന സഭാസമൂഹങ്ങൾ ഉണ്ടായിരുന്നു എന്നും കാണാം. കാലക്രമേണ ലൗകീകതയുടെ അതിപ്രസരണം മാനുഷിക തലങ്ങളിൽ സ്വാധീനം ചെലുത്താൻ ശ്രമിച്ചപ്പോൾ തിരുസഭാമാതാവ് ദൈവദാസൻ, ധന്യൻ, വാഴ്ത്തപ്പെട്ടവൻ, വിശുദ്ധൻ, വേദപാരംഗതൻ എന്നീ നിലകളിൽ പലരേയും വിശുദ്ധിയുടെ ഉത്തമമാതൃകകളായി പ്രഖ്യാപിച്ചു. പരമ പരിശുദ്ധനായ കർത്താവിന്റെ വിശുദ്ധിയിൽ പങ്കുപറ്റിയവരാണ് ഇവർ.

സഹപൗരർ : പൗരർക്കുള്ള അവകാശങ്ങളും അധികാരങ്ങളും ഉത്തരവാദിത്വങ്ങളും സഹപൗരർക്കുമുണ്ട്. വിശുദ്ധി കൂടാതെ ദൈവത്തെ കാണാൻ ആർക്കും കഴിയില്ല (എഫേ. 4:11-13). വരങ്ങൾ നല്കിയത് വിശുദ്ധരെ പരിപൂർണ്ണരാക്കുന്നതിനും ക്രിസ്തു ശരീരത്തെ പണിതുയർത്തുന്നതിനും വേണ്ടിയാണെന്ന് കാണുന്നു. ദൈവദർശനത്തോടെ വരദാനങ്ങളിൽ ലഭിച്ചിരിക്കുന്ന

കമെകളും ഉത്തരവാദിത്വങ്ങളും വിശ്വസ്താപൂർവ്വം നിർവ്വഹിക്കുന്നവരാണ് വിശുദ്ധർ. നിയമാനുഷ്ഠാനങ്ങൾക്കും കല്പനാ അനുസരണങ്ങൾക്കുമെല്ലാം ഉപരിയായി ''അങ്ങ് തരുന്ന ദാനങ്ങളെക്കാൾ അങ്ങയെ ആണെനിക്കാവശ്യം'' എന്ന് വിശുദ്ധ അഗസ്റ്റീനെപ്പോലെ പ്രസ്താവിച്ച മാർ ഈവാനിയോസ് പിതാവിനെപ്പോലെ ദൈവസേവനത്തേക്കാൾ ദൈവസമ്പാദനം ജീവിത ലക്ഷ്യമാക്കിയവരാണ് വിശുദ്ധർ. വിശുദ്ധമായവ വിശുദ്ധിയോടെ ചെയ്യുന്നവർ വിശുദ്ധരായി. ഭാഗ്യകരമായ വിശുദ്ധരുടെ സഹപൗരർ എന്ന ദൈവദത്ത പദവിയിലൂടെ ദൈവരാജ്യ സംസ്ഥാപനത്തിനായി നിരന്തരം പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം നമുക്ക് ഉണ്ട്. ''എന്റെ യേശു മതി എനിക്ക്'' എന്ന വിശുദ്ധവിചാരത്തോടെ വിജ്ഞാനവും വിവേകവും വിശുദ്ധിയും വിശ്വാസവും ചാലിച്ച എടുത്ത വിജയജീവിതങ്ങളാണ് നമ്മുടേത്. സ്വയം വിശുദ്ധീകരിക്കാനും അങ്ങനെ സഭയെയും സമൂഹത്തെയും വിശുദ്ധീകരിക്കാനും കടമയുള്ളവരാണ് നാം. മലങ്കര സഭയിൽ ആത്മീയ ജ്വലനമായ സുവിശേഷസംഘ ദൈവവിളി വിശുദ്ധിയുടെ പാതയിലെ എടുത്തുപറയേണ്ട മുന്നേറ്റമാണ്. യാമപ്രാർത്ഥനകളും സ്വയവിശുദ്ധീകരണവും വചനാധിഷ്ഠിത ആധ്യാത്മിക ജീവിതശൈലിയും വിശുദ്ധരുടെ സഹപൗരരെ ലോകത്തിൽ നിന്നും വേറിട്ടവരാക്കുന്നു. കാരണമാണ് ഹെബ്രായർ 12:22-24 ദൈവവചനം അനുശാസിക്കുന്നത്.

ക്രിസ്താനുകരണം പഠിച്ച് ധ്യാനിച്ച് ജീവിതം ആക്കിയ വിശുദ്ധി നിറഞ്ഞ മാർ ഈവാനിയോസ് പിതാവിന്റെ മക്കളാണ് നാം. സ്വഭാവത്താൽ തന്നെ വിശുദ്ധയായ സഭയുടെ വിശുദ്ധരായ തനയർ. ഒരു കാര്യം ഉദ്ദേശിച്ചാൽ ഫലോദയം വരെ അക്ഷീണം പരിശ്രമം ചെയ്യുന്നതിന് പ്രതിസന്ധികളെ ധൈര്യപൂർവ്വം തരണം ചെയ്യുന്നതിന് അനിതര സാധാരണ സാമാർത്ഥ്യവും കഴിവും ഉണ്ടായിരുന്ന പുണ്യപിതാവിന്റെ മക്കൾ. ''രക്ഷകനായ മിശിഹായെ ഏവർക്കും കാണിച്ചു കൊടുക്കുക നമ്മുടെ മുദ്രാവാക്യം.'' പിതാവിനോട് ഒപ്പം നമുക്കും പറയാൻ കഴിയണം, പ്രവർത്തിക്കണം.

**ഉപസംഹാരം**

മാർ ഈവാനിയോസ് പിതാവിന്റെ വിശുദ്ധിയുടെ ഏറ്റവും വലിയ അടയാളങ്ങളിൽ ഒന്ന് നമുക്ക് ദാനം കിട്ടിയ പരിശുദ്ധാത്മ സമാധാനമാണ്. അതത്രേ വിശുദ്ധിയിലൂടെ ഐക്യത്തിന്റെ സാക്ഷിത്വം. ഒപ്പം ഐക്യത്തിലൂടെ വിശുദ്ധിയുടെ വളർച്ചയും. ഐക്യം സ്നേഹത്തിൽ നിന്നും ദൈവത്തിൽ നിന്നും ഉത്ഭവിച്ച് സമാധാനം പ്രധാനം ചെയ്യുന്നു. അതുകൊണ്ട് ഐക്യസാക്ഷി ദൈവസാക്ഷിയാണ്. വിശുദ്ധർ അശുദ്ധിയില്ലായ്മയിലൂടെ സദാ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഐക്യത്തിന്റെ സാക്ഷികളും വിശുദ്ധരുടെ സഹപൗരരും നിരന്തര വളർച്ചയുടെ അവസ്ഥയാണിത്. അതിന് ദൈഹിതാനുസരണം നാം സന്നദ്ധരാകണം. ''കർത്താവിന്റെ വിശുദ്ധരെ അവിടുത്തെ സ്നേഹിക്കുവിൻ. അവിടുന്ന് വിശ്വസ്തരെ പരിപാലിക്കുന്നു'' (സങ്കീ. 31:23).

''മലങ്കരയുടെ അധിപതിയെ
പ്രാർത്ഥിക്കണമെ ഞങ്ങൾക്കായ്'' ●

## വിവാഹ ഒരുക്ക സെമിനാർ 2017

**സ്ഥലം: ശാന്തിനിലയം, തിരുവല്ല**
**ഫോൺ: 0469–2603968, 9446270259, 9895556074**

**തീയതി : ഫെബ്രുവരി 2018 –6,7,8 – 20,21,22**
**മാർച്ച് 2018 –6,7,8 – 20,21,22**

**നിർദ്ദേശങ്ങൾ**

– സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
– സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
– സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.
– രജിസ്ട്രേഷൻ ഫീസ് 1000 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
– സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.

## ജനുവരിയിലെ പ്രധാനപ്പെട്ട ദിവസങ്ങൾ

| | | |
|---|---|---|
| ജനുവരി 04 | - | അമേരിക്ക - കാനഡ സെന്റ് മേരി സമാധാനരാജ്ഞി ഭദ്രാസന സ്ഥാപനം (2016) |
| ജനുവരി 06 | - | ദനഹാപ്പെരുന്നാൾ (നമ്മുടെ കർത്താവിന്റെ മാമ്മോദീസ) വികാരിക്കുർബാന |
| ജനുവരി 15 | - | 1. വിത്തുകളെപ്രതി വി. ദൈവമാതാവിന്റെ ഓർമ്മ, 2. മൂവാറ്റുപുഴ ഭദ്രാസന സ്ഥാപനദിനം (2003) |
| ജനുവരി 22 | - | മൂന്നു നോമ്പാരംഭം |
| ജനുവരി 25 | - | പത്തനംതിട്ട, പുത്തൂർ ഭദ്രാസനങ്ങളുടെ സ്ഥാപനദിനം (2010) |
| ജനുവരി 28 | - | കൊഹനെ ഞായർ |

## ഫെബ്രുവരിയിലെ പ്രധാനപ്പെട്ട ദിവസങ്ങൾ

ഫെബ്രുവരി 04- 1. ആനീദെ ഞായർ
2. കാതോലിക്കാ ദിനം

ഫെബ്രുവരി 09- അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് തിരുമേനിയുടെ മെത്രാഭിഷേക വാർഷികം (2008)

ഫെബ്രുവരി 10- മലങ്കര കത്തോലിക്കാ മേജർ ആർക്കി എപ്പിസ്കോപ്പൽ സിംഹാസന സ്ഥാപനദിനം (2005)

ഫെബ്രുവരി 11- കൊത്തിനെ ഞായർ
മലങ്കര സുറിയാനി കത്തോലിക്കാ ബാലസഖ്യദിനം

ഫെബ്രുവരി 19- അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനിയുടെ മെത്രാഭിഷേക വാർഷികം (2005)

ഫെബ്രുവരി 22- 1. തോമസ് മാർ ദിയസ്കോറസ് തിരുമേനിയുടെ ഓർമ്മ (1943)
2. തിരുവനന്തപുരം സെന്റ് മേരീസ് കത്തീഡ്രലിന്റെ പ്രതിഷ്ഠാ വാർഷികം (1965)

## ബെത്ഗാസോ 2018



*മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ ലിറ്റർജി കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടന്ന ബെത്ഗാസോ യുടെ ഉദ്ഘാടനം മൂവാറ്റുപുഴ രൂപത അദ്ധ്യക്ഷൻ ഡോ. ഏബ്രഹാം മാർ യൂലിയോസ് നിർവഹിക്കുന്നു*



*മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ ലിറ്റർജി കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടന്ന ബെത്ഗാസോ ഗാനസന്ധ്യ ഡോ. ഫാദർ ഐസക് പറപ്പള്ളിൽ നയിച്ചു.*

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ ലിറ്റർജി കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ ബെത്ഗാസോ 2018 തിരുവല്ല സെന്റ്ജോൺസ് കത്തീഡ്രൽ ഹാളിൽ നടത്തപ്പെട്ടു. ലിറ്റർജി കമ്മീഷന്റെ ചെയർമാൻ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. അഭിവന്ദ്യ കാതോലിക്ക ബാവ ആശംസ അറിയിച്ചു. മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്ത ഡോ. ഏബ്രഹാം മാർ യൂലിയോസ് ഉദ്ഘാടനം ചെയ്തു. തുടർന്ന് വിവിധ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തമാരായ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, ജോസഫ് മാർ തോമസ്, ഗീവർഗ്ഗീസ് മാർ മക്കാറിയോസ്, യൂഹാനോൻ മാർ തെയോഡോഷ്യസ്, സാമുവൽ മാർ ഐറേനിയസ് എന്നീ മെത്രാപ്പോലീത്തമാർ ചടങ്ങിൽ സന്നിഹിതരായി. രണ്ട് മണിക്കൂർ നീണ്ടു നിന്ന ദൃശ്യശ്രാവ്യ മികവോടെ നടത്തിയ പരിപാടിക്ക് ലിറ്റർജി കമ്മീഷൻ സെക്രട്ടറി ഡോ. ഫാ. ഐസക് പറപ്പള്ളിൽ നേതൃത്വം നൽകി.




### Matrimony - M 241

തിരുവല്ല അതിരൂപതാംഗമായ യുവാവ്, വയസ്സ് 37, Havells Sales Officer ആയി ജോലി ചെയ്യുന്നു. സാധാരണ കുടുംബത്തിൽ നിന്നുള്ള പെൺകുട്ടി കളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. Contact : 9605874172

### Matrimony - M 242

Alliance invited from parents of a Christian girl settled in USA for a Malankara Catholic Boy, Age 28, 170Cm, 70Kg having H - 1B Visa, masters in Aeronautical Engineering . Working as a Flight test Engineer at Georgia, Savannah city from the last 3 years. After Passing 12th from North India. Went to USA in 2008 for further Engineering studies. Only son of parents settled in Delhi. Contact : 9810415501, 9971381726

## പിറന്നാൾ ആശംസകൾ – ജനുവരി

പിറന്നാൾ ആശംസകൾ



**ആഷ്‌ലി ഷിബു**
അമ്പലവേലിൽ

പിറന്നാൾ ആശംസകൾ



**ആൻസൺ ലൂക്കോസ്**
താഴ്ചയിൽ

പിറന്നാൾ ആശംസകൾ



**ബിസ്മി ബെന്നി**
ചെമ്പിലായിൽ

പിറന്നാൾ ആശംസകൾ



**ഈശോ കുര്യൻ**
കല്ലുഴത്തിൽ

## പിറന്നാൾ ആശംസകൾ – ഫെബ്രുവരി

പിറന്നാൾ ആശംസകൾ



**കുരുവിള ജിബി മാത്യു**
ആലുംമൂട്ടിൽ

## ആരാധനാഗീതങ്ങളുടെ സി.ഡി. പ്രസിദ്ധീകരിച്ചു.

1. തിരുനാൾ ക്രമം, കൂദാശക്രമം എന്നിവയുടെ 150 ഓളം ഗീതങ്ങൾ ഉൾക്കൊള്ളുന്ന Vol - I - **Rs. 100/–**
2 മരണവീടുകളിലും, മൃതസംസ്കാരത്തോടനുബന്ധിച്ചുള്ള വഴിക്കാലയിലും ഉപയോഗിക്കുവാനുള്ള ഗീതങ്ങൾ, പ്രാർത്ഥനകൾ, ആശ്വാസവചനം, വായനകൾ. Vol - II **Rs. 70/–**
3. ജനുവരി 5 ന് തിരുവല്ലയിൽ നടത്തിയ ബെത്ഗാസോ പരിപാടിയുടെ **DVD Rs. 150/-**

NB : **CD - കൾ ലഭ്യമാകുന്ന സ്ഥലങ്ങൾ**

1. ബഥനി ബുക്ക്സ്റ്റോൾ തിരുവല്ല
2. മേരിഗിരി അരമന തിരുവല്ല
3. സെന്റ് ജോസഫ് ബുക്ക്സ്റ്റോൾ ചങ്ങനാശ്ശേരി
4. വിവിധ രൂപതാ കേന്ദ്രങ്ങൾ

**ഐക്യദീപത്തിന്റെ വെബ് സൈറ്റിൽ കൊടുക്കുന്നതിനായി ഇടവക, സൺഡേ സ്കൂൾ, എം.സി.സി.എൽ., എം.സി. വൈ. എം., മാതൃസമാജം, കുടുംബ കൂട്ടായ്മ, എം.സി.എ. എന്നീ സംഘടനകളുടെ വാർത്തകളും ചിത്രങ്ങളും അയച്ചുതരിക. മേഖല, അതിരൂപത ഭാരവാഹികൾ അയച്ചുതരുന്ന വാർത്തകളും ചിത്രങ്ങളും പ്രസിദ്ധീകരിക്കുന്നതാണ്.**

**അയക്കേണ്ട വിലാസം :**
**aikyadeepamtvla@gmail.com**

## I -ാം ചരമവാർഷികം



**മിഖേൽ സിജു മാത്യു**
**മേച്ചേരിപറമ്പിൽ, കല്ലിശ്ശേരി**

**ജനുവരി 18**

ഓർമ്മ തിരുനാൾ




**മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവാ**

**ജനുവരി 18**

ഓർമ്മ തിരുനാൾ



**അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ്**


New Venture from Malankara Catholic
Archdiocese of Thiruvalla
SUSTAINABLE DEVELOPMENT WITH STEWARDSHIP OF NATURE
BODHISREE
DEVELOPMENT SOCIETY
BODHANA CAMPUS, THUKALASSERRY, THIRUVALLA-689 101
Reg.No. PTM/TC/221/2017
Shibu Puthukeril
President
Peter T John
Secretary
Fr. Kurian Kizhakekara
Treasurer
EXECUTIVE MEMBERS OF THE SOCIETY
Fr.Thomas Payyampallil
Fr. Jose Kallumalickal
Mr. Shaji Mathew Kooliyattu
Varghese Mathew Manappurathu
Omana James
Annamma Varghese
Neena Varghese
MOTTO OF THE SOCIETY
Sustainable
Development
with stewardship of nature




ഓഖി ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആത്മാക്കൾക്ക് നിത്യശാന്തി നേർന്നുകൊണ്ട് തിരുവല്ല അതിരൂപത എം.സി.എ. യുടെ നേതൃത്വത്തിൽ അതിരൂപത കത്തീഡ്രൽ അങ്കണത്തിൽ പ്രാർത്ഥന ശുശ്രൂഷ ഡിസംബർ 23-ാം തീയതി ഉച്ചയ്ക്ക് 2.30ന് നടത്തപ്പെട്ടു. തിരുവല്ല അതിരൂപത അദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ കൂറിലോസ് തിരുമേനി, നിരണം ഓർത്തഡോക്സ് ഭദ്രാസന അധിപൻ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് തിരുമേനി, തിരുവല്ല അതിരൂപത എം.സി.എ. പ്രസിഡന്റ് ശ്രീ. ജോജി വിഴലിൽ, ജനറൽ സെക്രട്ടറി ശ്രീ. സുരേഷ് വർഗീസ്, അതിരൂപത വൈദിക ഉപദേഷ്ടാവ് ഫാ. ജോസ് കല്ലുമാലിൽ, മുൻ കെ.സി.എഫ്. വൈസ് പ്രസിഡന്റ് അഡ്വ. ലാലു ജോൺ, ഫാ. തോമസ് പയ്യമ്പള്ളിൽ, ജോയിസാം, അനി ഏനാരിൽ, ജിനു തോമ്പുംകുഴി, അനില ഫ്രാൻസിസ് മറ്റു എം.സി.എ. പ്രവർത്തകരും സംബന്ധിച്ചു.

## തിരുവല്ല അതിരൂപതയിൽ 9 നവവൈദികർ



* 2017 ഡിസംബർ 27-ാം തീയതി കുമളി സെന്റ് മേരീസ് മലങ്കര കത്തോലിക്ക ദൈവാലയത്തിൽ വച്ച് അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ കൈവയ്പാൽ വൈദികരായി അഭിഷിക്തരായ ഫാ. ഏബ്രഹാം പരിയാരത്തിൽ, ഫാ. മാത്യു ഈട്ടിക്കൽ, ഫാ. തോമസ് കാഞ്ഞിരത്തിങ്കൽ



* 2017 ഡിസംബർ 26-ാം തീയതി തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ച് അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ കൈവയ്പാൽ വൈദികരായി അഭിഷിക്തരായ ഫാ. ഏബ്രഹാം താനുവേലിൽ, ഫാ. മാത്യു വെട്ടിയോടിതടത്തിൽ, ഫാ. മാത്യു പൊട്ടുകുളത്തിൽ, ഫാ. മാത്യു വെട്ടിയിൽ, ഫാ. സാമുവൽ ഒറ്റക്കല്ലിൽ, ഫാ. സ്റ്റാൻലി തെങ്ങുവേലിൽ

**ലൂമെൻ 2018 - മതാദ്ധ്യാപക പരിശീലനം** അതിരൂപത മതബോധന കോർ റിസോഴ്സ് ടീമിന്റെ ആഭിമുഖ്യത്തിൽ 2018 ഫെബ്രുവരി 9 മുതൽ 11 വരെ തിരുവല്ല ശാന്തിനിലയത്തിൽ വച്ച് 10-ാം ക്ലാസ്സിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കായി ഒരു ത്രിദിനപരിശീലന പരിപാടി ക്രമീകരിച്ചിരിക്കുന്നു. ഓരോ ഇടവകയിൽ നിന്നും 10-ാം ക്ലാസ്സിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർ നിർബന്ധമായും പ്രസ്തുത ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്. 10-ാം ക്ലാസ്സിലെ എല്ലാ പാഠങ്ങളും ഉൾപ്പെടുത്തി അദ്ധ്യാപനരീതിശാസ്ത്രം പരിശീലിപ്പിക്കുന്ന ഈ ക്യാമ്പിന്റെ പ്രാധാന്യം മനസ്സിലാക്കി ഇടവകയുടെ പങ്കാളിത്തം ഉറപ്പാക്കുമല്ലോ. പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്. പരിശീലനം നേടിയ അദ്ധ്യാപകരാണ് അടുത്ത അദ്ധ്യയനവർഷം ക്ലാസ്സുകൾ കൈകാര്യം ചെയ്യേണ്ടത്. അഭിവന്ദ്യ മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പ് സമ്മേളനത്തിൽ പങ്കെടുക്കും. അതിരൂപതയിലെ മെറിറ്റ് ഗാതറിംഗും ഹെഡ്മാസ്റ്റർമാരുടെ സമ്മേളനവും ഫെബ്രുവരി 10-ാം തീയതി രാവിലെ 9 മണി മുതൽ ശാന്തിനിലയത്തിൽ നടത്തപ്പെടും.

## ജനുവരി 01

### നാമഹേതുക തിരുനാൾ



**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവാ**

## ജനുവരി 08

### നാമഹേതുക തിരുനാൾ



**അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ്**

## ജനുവരി 08

### നാമഹേതുക തിരുനാൾ



**അഭിവന്ദ്യ യൂഹാനോൻ മാർ തെയോഡോഷ്യസ്**

### തിരുത്ത്

ഐക്യദീപം നവംബർ 2017 ൽ 'അങ്ങേയ്ക്ക് തുല്യനായി ആരുമില്ല' എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ച ലേഖനത്തിൽ ഡോ. കെ.പി. യോഹന്നാനെതിരെയുള്ള പരാമർശങ്ങളിൽ ഖേദം പ്രകടിപ്പിക്കുന്നു. വസ്തുതാപരമായി കാര്യങ്ങൾ അവതരിപ്പിച്ചതിൽ ലേഖകനു സംഭവിച്ച പിഴവാണത്. ഡോ. കെ.പി. യോഹന്നാൻ ബിലീവേഴ്സ് ചർച്ചിന്റെ മെത്രാപ്പോലീത്തയാണ്. അദ്ദേഹത്തോടും ഖേദം അറിയിക്കുന്നു.

**പത്രാധിപർ,** ഐക്യദീപം
ജനുവരി 2018

## ജനുവരി 19

### നാമഹേതുക തിരുനാൾ



**അഭിവന്ദ്യ ഗീവർഗീസ് മാർ മക്കാറിയോസ്**

## ജനുവരി 22

### നാമഹേതുക തിരുനാൾ



**അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ്**

## ജനുവരി 29


### നാമഹേതുക തിരുനാൾ



**അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

## ജനുവരി 17

### നാമഹേതുക തിരുനാൾ



**അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ്**

**ഉപകാരസ്മരണ**

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവിക ദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**മേരിക്കുട്ടി മാത്യു, തിരുവല്ല**

### ആദ്യകുർബാന സ്വീകരണം

സുബിൻ സിബി & സ്നേഹ സിബി



# 1–ാമത് മലങ്കര കാതലിക് ഗൾഫ് മീറ്റിന് ആശംസകൾ



ശ്രീ. ഷിബു അമ്പലവേലിൽ, കല്ലിശ്ശേരി

Date of Publication : 25.01.2018
Price ` 10/-

AIKYADEEPAM MONTHLY
Marygiri, Tiruvalla, Kerala
Ph: 0469-2600626, Fax : 0469-2600822

R.N.I 35982/80
January-February 2018

# ആദരാഞ്ജലികൾ



## ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ്

ജനനം : 1950 നവംബർ 1
പൗരോഹിത്യം : 1978 ഏപ്രിൽ 10
മെത്രാഭിഷേകം : 1997 ഫെബ്രുവരി 5
മരണം : 2018 ജനുവരി 16

Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Viani Press Ernakulam. Kerala, Chief Editor : Rev. Dr. Abraham Irimbinikal